# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**വയനാട്-673121**

**ഇ-മെയിൽ: dowyd.ksad@kerala.gov.in**

**ഫോൺ : 0493-6203672**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം 3 -105/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 14/03/2024
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉ.പ.സ),
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3)കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 3 -105/2024 തീയ്യതി: 14/03/2024

## വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-09-2022 മുതൽ 15-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വസന്ത പി.എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-01-2024 | 31-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2024 | 31-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഷൈജ്ജ മാത്യു, ഓഡിറ്റ് ഓഫീസർ

ശ്രീ. സക്കീർ ഹുസൈൻ പി, ഓഡിറ്റ് ഓഫീസർ

ശ്രീ. നവാസ് കെ. എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഡേവിഡ് കെ. വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. വിപിൻ ചന്ദ്രൻ എം. ടി., ഓഡിറ്റർ

ശ്രീ. അർജ്ജുൻ മാത്യു, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ടി.കെ. രമേശ് | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. അലി അസ്ഹർ എൻ.കെ. | സെക്രട്ടറി | 01-04-2022 | 11-09-2022 |
| ശ്രീ. കെ.എം. സെയിനുദ്ദീൻ | സെക്രട്ടറി | 12-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുമിന ടി.എസ്. | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ. അജിൽ എം.എസ്. | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ നാസർ | പ്രിൻസിപ്പാൾ | 01-04-2022 | 01-03-2023 |
| | | 01-04-2022 | 31-03-2023 |
| ശ്രീ. മുനവർ കെ. | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ഹാരിഫ് | വെറ്ററിനറി സർജൻ | 01-04-2022 | 31-05-2022 |
| ഡോ. എ. വി. പ്രകാശൻ | വെറ്ററിനറി സർജൻ | 01-06-2022 | 02-07-2022 |
| ഡോ. സജി ജെസഫ് | വെറ്ററിനറി സർജൻ | 03-07-2022 | 31-08-2022 |
| ഡോ. എസ്. ദയാൽ | വെറ്ററിനറി സർജൻ | 01-09-2022 | 31-03-2023 |
| ഡോ. നിഖില പൗലോസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ. ഹരിലാൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 22-06-2022 |
| ഡോ. ജീനകുമാരി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 23-06-2022 | 31-03-2023 |
| ഡോ. ഷാജി യു. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 07-09-2022 |
| ഡോ. ആരിഫ വി.പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 08-09-2022 | 20-12-2023 |
| | | 08-09-2022 | 20-12-2022 |
| ഡോ. സുധീർകുമാർ കെ.പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 21-12-2022 | 31-03-2023 |
| ശ്രീമതി പ്രജിഷ പി.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-12-2022 |
| ശ്രീമതി ശ്രീലേഖ എൻ.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-12-2022 | 31-03-2023 |
| ശ്രീമതി ഷൈനി കെ.ആർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി നസീറ പി.എ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ആഷിക് ബാബു സി. | എസ്.ഇ.ഡി.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി ഗിരിജ വി.എൻ. | ഇൻസട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലിജി ജോൺ | ജെ.പി.എച്ച്.എൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | മുനിസിപ്പൽ ഫണ്ട് - മുന്നിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | തൻവർഷം നിർമ്മിച്ച ആസ്തികളുടെ മൂല്യത്തിന് തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയിട്ടില്ല. | 1-1-3 |
| 5 | സ്ഥിര നിക്ഷേപം - ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും പെരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | പ്രത്യേക ഫണ്ടുകൾക്ക് രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | KURDFC ലോൺ - ഔട്ട് സ്റ്റാന്റിംഗ് ലോൺ ബാധ്യത പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | സ്റ്റോക്ക് ഇൻ ഹാന്റ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-1-7 |
| 9 | ഗുണഭോക്തൃവിഹിതത്തിന്റെ കൃത്യമായ വരവുചെലവുകണക്കുകൾ ഇല്ല. | 1-1-8 |
| 10 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ കൃത്യമായ കണക്കുകളില്ല. | 1-1-9 |
| 11 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ നികുതി നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-1-10 |
| 12 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ വാർഷിക കണക്കിൽ ബാധ്യതയായി കാണിച്ചിട്ടില്ല. | 1-1-11 |
| 13 | അക്കൗണ്ട് ഹെഡ് മൈനസ്. | 1-1-12 |
| 14 | എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. | 1-1-13 |
| 15 | ബാങ്കിൽ നിക്ഷേപിച്ച എന്നാൽ നാളിതുവരെ ക്രഡിറ്റ് ചെയ്യാത്ത ചെക്കുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-14 |
| 16 | ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിലധികമായ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-15 |
| 17 | ജേണൽ വൗച്ചറുകൾ ലഭ്യമാക്കിയില്ല. | 1-1-16 |
| 18 | ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ | 1-1-17 |
| 19 | കുടിശ്ശിക തുകയ്ക്ക പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-18 |
| 20 | അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ഫണ്ട് വിനിയോഗം | 1-3 |
| 23 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 24 | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | തൽവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം | 1-7 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 28 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം | 1-11 |
| 31 | വസ്തുനികുതി പിരിവിൽ കാര്യക്ഷമതയില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു | 1-12 |
| 32 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-13 |
| 33 | വസ്തുനികുതി -വാർഷിക ധനകാര്യപത്രികയും,ഡി.സി.ബി.സ്റ്റേറ്റ്മേന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-14 |

| | | |
|---|---|---|
| 34 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് . | 1-15 |
| 35 | നഗരസഭ അംഗീകരിച്ച കമ്പ്ലീഷൻ പ്ലനിൽ നിന്നും വ്യതിയാനം - അനധികൃത നിർമ്മാണങ്ങൾ നടത്തി. | 1-15-1 |
| 36 | വാടക നിർണ്ണയത്തിലെയും, രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾ മൂലം വാടകയിനത്തിൽ വൻ തുക കുടിശ്ശികയായി നിലനിൽക്കുന്നു. | 1-16 |
| 37 | കെട്ടിട വാടക ഈടാക്കുന്നതിൽ വലിയ വീഴ്ച്ച | 1-17 |
| 38 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - തെറ്റായ രീതിയിൽ പിഴ കണക്കാക്കുന്നു. | 1-18 |
| 39 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക. ബൈലോ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-19 |
| 40 | തൊഴിൽ നികുതി- അപാകതകൾ | 1-20 |
| 41 | കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ക്രമപ്രകാരമല്ല. | 1-20-1 |
| 42 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-20-2 |
| 43 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-20-3 |
| 44 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-20-4 |
| 45 | അഭിഭാഷകർ/സ്വകാര്യ ഡോക്ടർമാർ/പാരാ മെഡിക്കൽ വിദഗ്ധർ/മോട്ടോർ വാഹന ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-20-5 |
| 46 | തൊഴിൽ നികുതി(സ്ഥാപനങ്ങൾ/കരാറുകാർ/പ്രൊഫഷണൽസ്)- അപാകതകൾ | 1-20-6 |
| 47 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-20-7 |
| 48 | ലൈസൻസ് ഫീ- ഡിമാന്റ് രജിസ്റ്ററിലെ അപാകതകൾ | 1-21 |
| 49 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-22 |
| 50 | എഫ്.എച്ച്.സി ചെതലയം -ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ്. | 1-23 |
| 51 | ചട്ട വിരുദ്ധമായി അക്കൗണ്ട് ഉപയോഗിക്കുന്നു | 1-24 |
| 52 | ഭിന്നശേഷി സ്കോളർഷിപ്പ്-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-25 |
| 53 | കരുവള്ളിക്കുന്ന് എം.സി. എഫ്. കേന്ദ്രം - ആദായ നികുതി ഈടാക്കിയതിൽ കുറവ് | 1-26 |
| 54 | നഗരസഭ വാതിൽപ്പടി സേവനം നാളിതുവരെ ആരംഭിച്ചിട്ടില്ല | 1-27 |
| 55 | എസ്.എസ്.കെ വിഹിതം -വിനിയോഗവിവരം ലഭ്യമല്ല | 1-28 |
| 56 | ടൂറിസം പദ്ധതി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 1-29 |
| 57 | പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും 2017-18 ൽ ലഭിച്ച കോർപ്പസ് ഫണ്ട് ചെലവഴിക്കാതെ തിരിച്ചടച്ചു | 1-30 |
| 58 | പൂരകപോഷകാഹാര പദ്ധതി - സർക്കാർ അനുമതിയില്ലാതെ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തി. | 1-31 |
| 59 | അഡ്വാൻസ് ക്രമീകരിച്ചില്ല. | 1-32 |
| 60 | അഡ്വാൻസ് ക്രമീകരിച്ച വിവരം ലഭ്യമല്ല. | 1-33 |
| 61 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-34 |
| 62 | ടാക്സ് ഓഡിറ്റ് | 1-35 |
| 63 | പാട്ടവ്യവസ്ഥ പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നില്ല | 1-36 |
| 64 | പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട് | 1-37 |
| 65 | വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം - നിരന്തര ഇടപെടൽ ആവശ്യമാണ്. | 1-38 |
| 66 | ചിറമൂലച്ചിറ കുളം നവീകരണം - ഫൈൻ ഈടാക്കിയില്ല - തെറ്റായ വിവരം രേഖപ്പെടുത്തിയതിനാൽ അധിക ചെലവ് . | 1-39 |
| 67 | സൈറ്റ് ലഭ്യമല്ലാത്ത വർക്കിന് എസ്റ്റിമേറ്റ് തയ്യാറാക്കി | 1-40 |
| 68 | കൈപ്പഞ്ചേരി ഡ്രയിനേജ് നിർമാണം - ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-41 |
| 69 | വട്ടിളി കുടിവെള്ള പദ്ധതി - പ്രവൃത്തി വൈകി പൂർത്തിയാക്കി - പിഴ ഈടാക്കിയില്ല | 1-42 |

| | | |
|---|---|---|
| 70 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി | 1-43 |
| 71 | നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും | 1-44 |
| 72 | കൈപഞ്ചേരി സ്കൂളിന് മേൽക്കൂര മാറ്റൽ - പർലിന് ഉയർന്ന നിരക്ക് നൽകി. | 1-45 |
| 73 | പ്രവൃത്തി വൈകി പൂർത്തിയാക്കി - അർഹമായ പിഴ കുറവ് ചെയ്തില്ല. | 1-46 |
| 74 | കുപ്പാടി സ്കൂളിൽ ടോയ്ലറ്റ് കോംപ്ലക്സ് - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. | 1-47 |
| 75 | ടെൻഡർ വിളിക്കാതെ പ്രവർത്തി നിർവഹിച്ചു - 278454 രൂപ തടസ്സത്തിൽ വെക്കുന്നു. | 1-48 |
| 76 | സ്പിൽ ഓവറായി തുടരുന്ന പ്രോജക്ടുകളുടെ നിലവിലെ വിവരങ്ങൾ ലഭ്യമല്ല. | 1-49 |
| 77 | ലൈഫ് ഭവന പദ്ധതിയിലെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-50 |
| 78 | എസ്.ടി ഭവന റിപ്പയർ പൂർത്തിയായില്ല. | 1-51 |
| 79 | സർവ്വജന സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം-അധികം നൽകിയ 14,090.93രൂപ നിരാകരിക്കുന്നു. | 1-52 |
| 80 | സ്ഥിര നിക്ഷേപത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല | 1-53 |
| 81 | വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക ഫണ്ടുകളുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-54 |
| | ഭാഗം **2** | |
| 1 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - തെറ്റായ രീതിയിൽ പിഴ കണക്കാക്കുന്നു. | 2-1 |
| | ഭാഗം **3** | |
| 1 | ചിറമൂലച്ചിറ കുളം നവീകരണം - ഫൈൻ ഈടാക്കിയില്ല - തെറ്റായ വിവരം രേഖപ്പെടുത്തിയതിനാൽ അധിക ചെലവ് . | 3-1 |
| 2 | കൈപ്പഞ്ചേരി ഡ്രയിനേജ് നിർമാണം - ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-2 |
| 3 | വട്ടിളി കുടിവെള്ള പദ്ധതി - പ്രവൃത്തി വൈകി പൂർത്തിയാക്കി - പിഴ ഈടാക്കിയില്ല | 3-3 |
| 4 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി | 3-4 |
| 5 | നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും | 3-5 |
| 6 | കൈപഞ്ചേരി സ്കൂളിന് മേൽക്കൂര മാറ്റൽ - പർലിന് ഉയർന്ന നിരക്ക് നൽകി. | 3-6 |
| 7 | സർവ്വജന സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം-അധികം നൽകിയ 14,090.93രൂപ നിരാകരിക്കുന്നു. | 3-7 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരങ്ങൾ. | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1.സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14-07-2023 തീയതിയിലെ 1/(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 02-11-2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കൽപ്പറ്റ
തീയതി:14.03.2024

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

കേരള മുനിസിപ്പാലിറ്റി (അക്കണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 അനുസരിച്ച് മാസാന്ത്യ ധനകാര്യ പത്രികയും തയ്യാറാക്കിയിട്ടില്ല.

**1-1-2 മുനിസിപ്പൽ ഫണ്ട് - മുന്നിരിപ്പ് പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-1-ൽ രേഖപ്പെടുത്തിയിരിക്കുന്ന മുനിസിപ്പൽ ഫണ്ടിന്റെ മുന്നിരിപ്പ് മുൻവർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കോഡ് | വിവരണം | 2021-22 ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് | 2022-23 ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്. |
|---|---|---|---|
| 310100100 | General Fund | ₹1,06,862,966 | ₹6,80,46,894 |
| 310900200 | Excess Of Income Over Expenditure | ₹5,98,77,879 | ₹9,86,93,956 |
| | Total Municipal Fund | ₹16,67,40,845 | ₹16,67,40,850 |

**1-1-3 തൻവർഷം നിർമ്മിച്ച ആസ്തികളുടെ മൂല്യത്തിന് തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയിട്ടില്ല.**

തൻവർഷം നിർമ്മിച്ച/സമാഹരിച്ച ആസ്തികളുടെ മൂല്യ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന്റെ മുന്നിരിപ്പുതന്നെയാണ് തൻവർഷ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-4 സ്ഥിര നിക്ഷേപം - ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.**

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ₹6,20,425/- യാണ് ഔട്ട് സ്റ്റാന്റിംങ് ഡെപ്പോസിറ്റ്. തൻവർഷവും പ്രസ്തുത തുക തന്നെയാണ് ഔട്ട് സ്റ്റാന്റിംങ് ഡെപ്പോസിറ്റായി ബീലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഈ ഇനത്തിൽ പലിശ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് അനുസരിച്ച് ഡെപ്പോസിറ്റ് തുക ₹7,65,682/- ആണ്. ബാലൻസ് ഷീറ്റുമായുള്ള വ്യത്യാസം ₹1,45,257/-. വിശദവിവരങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-53 കാണുക

**1-1-5 പ്രത്യേക ഫണ്ടുകൾക്ക് രേഖകൾ സൂക്ഷിച്ചിട്ടില്ല.**

2007 - ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 13 അനുസരിച്ച് ആവശ്യമെങ്കിൽ മുനിസിപ്പാലിറ്റി ഫണ്ടിനുള്ളിൽ പ്രത്യേക ഫണ്ടുകൾ സൂക്ഷിക്കാവുന്നതാണ്. ഓരോ ഫണ്ടിനും പ്രത്യേകം ട്രഷറി/ബാങ്ക് അക്കൗണ്ടുകളും അക്കൗണ്ട് ബുക്കുകളും രേഖകളും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-2 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള കണ്ടിജന്റ് പെൻഷൻ ഫണ്ട്, ചെയർമാൻസ് ഡിസ്ട്രസ് റിലീഫ് ഫണ്ട് എന്നിവയ്ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടും രേഖകളും സൂക്ഷിച്ചിട്ടില്ല. വിശദവിവരങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-54 കാണുക

**1-1-6 KURDFC ലോൺ - ഔട്ട് സ്റ്റാന്റിംഗ് ലോൺ ബാധ്യത പൊരുത്തപ്പെടുന്നില്ല.**

വാർഷിക കണക്കുകൾ പ്രകാരം KURDFC ലോണിന്റെ വർഷാരംഭത്തിലുണ്ടായിരുന്ന ബാധ്യത ₹13,07,29,333/- ആണ് (നഗരസഭയുടെ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വർഷാരംഭ ബാധ്യത ₹12,11,29,333/- ആണ്). തൻ വർഷം ആകെ ₹96,86,668/- തിരിച്ചടവ് നടത്തിയിട്ടുണ്ട്. ആയതനുസരിച്ച് ബാലൻസ് ഷീറ്റിൽ വരേണ്ട ലോൺ ബാധ്യത ₹12,10,42,665/-ആണ്. എന്നാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത ₹11,14,42,665/- ആണ്.

**1-1-7 സ്റ്റോക്ക് ഇൻ ഹാന്റ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 14 സ്റ്റോക്ക് ഇൻ ഹാന്റ് എന്നതിൽ ₹3,00,460/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-8 ഗുണഭോക്തൃവിഹിതത്തിന്റെ കൃത്യമായ വരവുചെലവുകണക്കുകൾ ഇല്ല.**

ഗുണഭോക്തൃവിഹിതത്തിന്റെ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃവിഹിത കണക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ട്. മുൻവർഷത്തെ ബാലൻസ് ഷീറ്റ് (31.3.2022) പ്രകാരം ഗുണഭോക്തൃവിഹിതത്തിന്റെ ഔട്ട് സ്റ്റാന്റിംങ് ബാധ്യത ₹3,49,147/- ആയിരുന്നു. തൻവർഷം റസീപ്റ്റ & പേയ്മെന്റ് പത്രിക പ്രകാരം (ഷെഡ്യൂൾ RP-6) ₹49,646/- പ്രസ്തുത ഇനത്തിൽ വരവുണ്ട്. ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം (ഷെഡ്യൂൾ I-6) തൻവർഷത്തെ ചെലവും ₹49,646/- ആണ്. ആയതിനാൽ തൻവർഷം വരേണ്ട ഗുണഭോക്തൃവിഹിതത്തിന്റെ ഔട്ട് സ്റ്റാന്റിംങ് ബാധ്യത ₹3,49,147/- തന്നെയാണ്. എന്നാൽ തൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ഗുണഭോക്തൃവിഹിതത്തിന്റെ ഔട്ട് സ്റ്റാന്റിംങ് ബാധ്യത ₹3,38,187/- ആണ്. പദ്ധതി ചെലവ് കണക്കുകൾ അനുസരിച്ച് ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ എസ്.0192/23 പ്രകാരം ₹4,32,920/- ഗുണഭോക്തൃ വിഹിതം ചെലവുണ്ട്. മേൽ പറഞ്ഞ തുകയുടെ വരവുചെലവുകൾ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ കൃത്യമായ കണക്കുകളില്ല.

ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ (ടൈഡ് & അൺടൈഡ്) കൃത്യമായ കണക്കുകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ തുകകൾ പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി -4 പ്രകാരം ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നത് ₹1,14,93,068/- യാണ്. എന്നാൽ ഷെഡ്യൂൾ ബി -17 പ്രകാരം ബാങ്ക് ബുക്ക് ബാലൻസ് ₹95,25,961/- ആണ്. മേൽ പറഞ്ഞ രണ്ട് തുകകളുമായി നഗരസഭ ലഭ്യമാക്കിയ കണക്കുകൾ അനുസരിച്ചുള്ള നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരം മുന്നിരിപ്പ് | ₹2,78,89,816/- |
| രജിസ്റ്റർ പ്രകാരം തൻവർഷ വരവ് | ₹2,15,20,000/- |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പലിശ വരവ് | ₹6,63,429/- |
| ആകെ | ₹50073245/- |
| സുലേഖ സ്റ്റേന്റ്മെന്റ് പ്രകാരം ചെലവ് | ₹4,33,38,830/- |
| ആയതനുസരിച്ച് വരേണ്ട നീക്കിയിരിപ്പ് | ₹67,34,415/- |

## 1-1-10 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ നികുതി നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റവെയർ പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ചുള്ള തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മറ്റ് നികുതി നികുതിയിതര വരുമാനങ്ങളുടെ രജിസ്റ്ററുകളിൽ സംക്ഷിപ്തവും സാക്ഷ്യപത്രവും രേഖപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞതിന് പുറമേ മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-11 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ വാർഷിക കണക്കിൽ ബാധ്യതയായി കാണിച്ചിട്ടില്ല.

ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി - 17 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ വിവിധ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 450250800 – CFLTC Municipal Account | ₹14,396/- |
| 450410200 – SBT Pyka | ₹86,001/- |
| 450410300 – Kerala Gramin Bank PMAY | ₹38,000/- |
| 450410400 – Union Bank Covid Distress | ₹62,672/- |
| 450420200 – ICICI Bank Sanitation | ₹32,92,911/- |
| 450430100 – WDCB (N OLHS) | ₹24,79,679/- |
| 450610200 – SBT Litracy | ₹18,847/- |
| 450610600 – Union Bank LIFE MIssion | ₹95,25,961/- |
| 450610800 – Canara Bank UHWC | ₹1,24,90,645/- |
| 450620100 – Union Bank NREGA | ₹1,000/- |

പ്രസ്തുത തുകകൾ ഷെഡ്യൂൾ ബി -4 -ൽ ബാധ്യതയായി കാണിച്ചിട്ടില്ല. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ ഖണ്ഡിക

17.11(b) അനുസരിച്ച് പ്രത്യേക ആവശ്യങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റുകൾ അവ ചെലവഴിക്കുന്നത് വരെ ബാധ്യതയായി രേഖപ്പെടുത്തേണ്ടതാണ്.

**1-1-12 അക്കൗണ്ട് ഹെഡ് മൈനസ്.**

ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി - 17 -ൽ അക്കൗണ്ട് ഹെഡ് 450250300 – Treasury LGTSB ലെ നീക്കിയിരിപ്പ് തുക (-) 28,764/- ആണ്. ആയതിന് പുറമേ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ആർ.പി. - 6 ഷെഡ്യൂളിൽ അക്കൗണ്ട് ഹെഡ് -160100307 Funds For Transferred Funtions/Schemes – Pension For Physically Handicapped/Disabled മൈനസ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത് ((-)4,71,974). അക്കൗണ്ട് മൈനസായതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

**1-1-13 എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.**

ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ കൃത്യമായ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. താഴെ പറയുന്ന ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ബാങ്ക് പാസ് ബുക്ക്/സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | 31.03.2023 ബാങ്ക് ബുക്ക് ബാലൻസ് |
|---|---|---|
| 1 | 450210300 Union Bank Of India Salary Account | 2 |
| 2 | 450250800 CFLTC MUNICIPAL ACCOUNT | 5,227 |
| 3 | 450410300 Kerala Gramin Bank PMAY | 86011 |
| 4 | 450620100 UNION BANK NREGA | 1000 |
| 5 | 450250101 – Treasury TSB A/C | 1,06,327 |

**1-1-14 ബാങ്കിൽ നിക്ഷേപിച്ച എന്നാൽ നാളിതുവരെ ക്രഡിറ്റ് ചെയ്യാത്ത ചെക്കുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.**

അക്കൗണ്ട് ഹെഡ് 450210500 SBI (Property Tax Online) -ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ₹9,03,454/- ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ പ്രസ്തുത ചെക്കുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-1-15 ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിലധികമായ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.**

അക്കൗണ്ട് ഹെഡ് 450210400 Union Bank Of India OWN Fund -ന്റെ നൽകി മൂന്നമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്കിന്റെ വിവരം | തുക |
|---|---|---|
| 1 | 10016074/27.07.2022 | 23,673 |
| 2 | 10017021/08.11.2022 | 1,000 |
| 3 | 10015982/09.062022 | 18,500 |
| 4 | 10016005/20.06.2022 | 680 |
| 5 | 10012964/09.11.2021 | 797 |
| 6 | 10012978/16.11.2021 | 4,396 |
| 7 | 10013812/11.03.2022 | 362 |
| 8 | 10016056/06.07.2022 | 19,550 |
| 9 | 10017024/08.11.2022 | 1,000 |

**1-1-16 ജേണൽ വൗച്ചറുകൾ ലഭ്യമാക്കിയില്ല.**

ജേണൽ വൗച്ചറുകളും അനുബന്ധ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-17 ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ**

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

## 1-1-18 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. 26/7/2011 – ലെ സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം54(5)(എച്ച്) എന്നിവ പ്രകാരം നികുതി, നികുതിയേതര കുടിശ്ശിക ലഭ്യത സംശയാസ്പദമായ തുകകൾക്ക് വർഷാടിസ്ഥാനത്തിൽ കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

## 1-1-19 അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ആസ്തികൾക്ക് നിശ്ചിത നിരക്കിൽ തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിച്ചില്ല. ആസ്തി രജിസ്റ്ററിൽ, ആസ്തിയുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 22.03.2022 -ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 21.03.2023 -ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| വരവ് | 459867786 | 558026214 |
| ചെലവ് | 456055000 | 532237260 |
| നീക്കിയിരിപ്പ് | 3812786 | 25788954 |

ബജറ്റിൽ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് / അലോട്ട്മെന്റ | ആകെ | ചെലവ് | ലാപ്സ് തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 62370882 | 62370882 | 56516075 | 5854807 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6826000 | 6826000 | 6222653 | 603347 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 37527000 | 37527000 | 28016241 | 9510759 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 29418000 | 29418000 | 13841788 | 15576212 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 10169000 | 10169000 | 8092763 | 2076237 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 17994789 | 17994789 | 28242071 | (-)10247282 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untide) | 0 | 8975041 | 8975041 | 15663285 | (-)6688244 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് മൈനസ് തുകയാണ് എ.സി. ആറിൽ രേഖപ്പെടുത്തി കാണുന്നത്. ടൈഡ്. അൺടൈഡ് ഫണ്ടുകൾ ബുക്ക് ചെയ്തതിൽ അപാകത വന്നിട്ടുണ്ട്. വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-9 ൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 77689205 |

| | |
|---|---|
| വരവ് | 272492813 |
| ആകെ | 350182018 |
| ചെലവ് | 264690143 |
| നീക്കിയിരിപ്പ് | 85491875 |

## 1-5 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 513 | 389593888 | 324 | 199458610 | ഇല്ല | 189 | 63.15 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 34 | 27 | 61080600 | 44855403 | 73.43 |
| 2 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 7 | 7 | 1800000 | 1800000 | 100 |
| 3 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| 4 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 7100000 | 2100000 | 29.57 |
| 5 | കൃഷി ഓഫീസർ | 4 | 3 | 6270775 | 5602935 | 89.34 |
| 6 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2787214 | 805264 | 28.89 |
| 7 | വെറ്റിനറി സർജൻ | 3 | 3 | 900000 | 861183 | 95.68 |
| 8 | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസനം | 6 | 6 | 4150000 | 3853308 | 92.85 |
| 9 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമാർജ്ജന സെൽ. | 7 | 3 | 5577335 | 623547 | 11.18 |
| 10 | പട്ടിക ജാതി വികസന ഓഫീസർ | 2 | 2 | 2130000 | 780000 | 36.61 |
| 11 | ഹെൽത്ത് ഓഫീസർ, മുനിസിപ്പാലിറ്റി | 22 | 14 | 20144632 | 5981478 | 29.69 |
| 12 | മുനിസിപ്പൽ എഞ്ചിനീയർ | 367 | 206 | 238506119 | 100891471 | 42.3 |
| 13 | ഐ.സി.ഡി.എസ്സ് സൂപ്പർ വൈസർ | 16 | 13 | 15113900 | 11041412 | 73.05 |
| 14 | പ്രിൻസിപ്പാൾ, ഗവ ഹയർസെക്കണ്ടറി സ്കൂൾ | 24 | 22 | 16902063 | 16324395 | 96.58 |
| 15 | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 12 | 9 | 6382250 | 3505414 | 54.92 |
| 16 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 449000 | 132800 | 29.57 |
| | ആകെ | 513 | 324 | 389593888 | 199458610 | 51.19 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | | | 290108 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 2686269 | 15000000 | 16174818 | 16174818 | 376296 |
| മെറ്റീരിയൽസ് ഘടകം | - | | | 839659 | - |
| ആകെ | 2686269 | 15000000 | | 17304585 | 376296 |

നഗരസഭ ലഭ്യമാക്കിയ കണക്കുകളാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം മുന്നിരിപ്പ് ₹2805507/-, ചെലവ് ₹14785380/-, നീക്കിയിരിപ്പ് ₹18847/-. കണക്കുകളിലെ വൈരുദ്ധ്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 തൽവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4890400 | 3430 |
| വിധവാ പെൻഷൻ | 18426800 | 11952 |
| വാർദ്ധക്യ കാല പെൻഷൻ | 31111000 | 21717 |
| ഭിന്നശേഷി പെൻഷൻ | 5310600 | 3376 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 180000 | 6 |
| അവിവാഹിത പെൻഷൻ | 307200 | 23 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24. 01. 2024 ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 91174 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ പറയുന്നു.

- പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്യുന്നില്ല. പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്ന വിധത്തിൽ മോണിറ്ററിങ്ങ് നടത്താൻ ഉപസമിതികൾ ശ്രദ്ധിക്കേണ്ടതാണ്.
- എഞ്ചിനീയറിങ്ങ് വിഭാഗം നിർവഹണം നടത്തുന്ന പ്രോജക്ടുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നില്ല. ആയതിനാൽ ,കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ നിലവിലുള്ള സൗകര്യങ്ങൾ , ആവശ്യമായ ഘടകങ്ങൾ എന്നിവ ഫലപ്രദമായ രീതിയിൽ വിലയിരുത്താൻ സാധിക്കുന്നില്ല.
- സുപ്രധാന രേഖകളാണ് ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ വ്യവസ്ഥാപിതമായ വിധത്തിലല്ല സൂക്ഷിക്കുന്നത്.
- വാടക രജിസ്റ്റർ പൂർണമല്ല. വലിയ തുക വാടക ഇനത്തിൽ പിരിഞ്ഞ് കിട്ടാൻ ഉള്ളതായി കാണുന്നു. ഫലപ്രദമായ നടപടികൾ സ്വീകരിച്ച വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.
- യഥാസമയം വാടക അടവാക്കാത്തവരിൽ നിന്ന് തെറ്റായ രീതിയിലാണ് പിഴ ഈടാക്കി വരുന്നത്.
- ധാരാളം കെട്ടിടങ്ങൾ / റൂമുകൾ വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബൈലോ നിലവിലില്ല.
- നികുതിനികുതിയേതര വരുമാനങ്ങളുടെ രജിസ്റ്ററുകളിൽ സംക്ഷിപ്തവും സാക്ഷ്യപത്രവും രേഖപ്പെടുത്തിയിട്ടില്ല.
- വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ കൂടുതൽ ഫലപ്രദവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പൊതു ജനങ്ങൾക്കും , ജീവനക്കാർക്കും ഉപയോഗപ്പെടുത്തുന്നതിന് ലിഫ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ , ലിഫ്റ്റിന്റെ പ്രവർത്തനം ഫലപ്രദമല്ല.
- ലഭ്യമാവുന്ന ഫണ്ട് പൂർണമായും വിനിയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ഫണ്ട് ലാപ്സ് ആവുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- 7610075 രൂപ വാട്ടർ ചാർജസ്സ് കുടിശിക ഇനത്തിൽ അടവാക്കിയിട്ടുണ്ട്. മുൻ കാലങ്ങളിലെ ക്യാഷ് ബുക്ക്, Contigent Register എന്നിവ പരിശോധിക്കാതെയാണ് തുക അടവാക്കിയത് എന്ന് വ്യക്തമാവുന്നു. ഇത്രയധികം കുടിശിക വന്നത് എങ്ങനെ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. വാട്ടർ ചാർജസ്സ്, വൈദ്യുതി ബിൽ , ടെലഫോൺ ചാർജസ് എന്നിവ

വ്യക്തമായി രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കാതിരുന്നത് ഗുരുതര പിഴവായി വിലയിരുത്തുന്നു.
-ഓഡിറ്റ് പരാമർശം 1-23 ൽ പരാമർശിച്ച പാട്ട വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നാളിത് വരെ നഗരസഭക്ക് യാതൊരു തുകയും ലഭ്യമായില്ല എന്നത് വീഴ്ച്ചയാണ്. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/08/2015 | 2014-15 | 25.08.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/02/2022 – 07/01/2023 | 01/04/2018 മുതൽ 30/11/2022 വരെ | 03.02.2023 |

## 1-11 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം

2022-23 ൽ നഗരസഭയിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ നഗരസഭയിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. നഗരസഭയിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 80 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു
ചുവടെ ചേർത്ത 100ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നിലവിൽ 100ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയിട്ടുണ്ട്.
ശ്രീമതി.ആയിഷ ചേനക്കൽ ഹൗസ്,കല്ലുവയൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 24/662 മുതൽ 24/669 നമ്പറുകൾ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് ചുവടെ ചേർക്കുന്നു.
നഗരസഭ നികുതി കണക്കാക്കിയത് സ്ക്വയർ മീറ്ററിന് 60 രൂപ അടിസ്ഥാന നിരക്കും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ 20% വർദ്ധനവ് നൽകിയും , ഒന്നാം നിലക്ക് അടിസ്ഥാന നികുതിയുടെ 6% ഇളവ് അനുവദിച്ചും , രണ്ടാം നിലക്ക് അടിസ്ഥാന നികുതിയുടെ 12% ഇളവ് അനുവദിച്ചുമാണ്. എന്നാൽ നികുതി നിർണയിക്കേണ്ടത് , സ്ക്വയർ മീറ്ററിന് 80 രൂപ അടിസ്ഥാന നിരക്കും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ 20% വർദ്ധനവ് നൽകിയും , ഒന്നാം നിലക്ക് അടിസ്ഥാന നികുതിയുടെ 6% ഇളവ് അനുവദിച്ചും , രണ്ടാം നിലക്ക് അടിസ്ഥാന നികുതിയുടെ 12% ഇളവ് അനുവദിച്ചുമാണ്
നികുതി നിർണ്ണയിച്ചതിലെ അപാകം കാരണം നഗരസഭക്ക് താഴെ വിവരിക്കും പ്രകാരം 13328 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമനം | കെട്ടിടനമ്പർ | വിസ്തീർണ്ണം ച.മീ | നഗരസഭ കണക്കാക്കിയ നികുതി | | കണക്കാക്കേണ്ട നികുതി | | കുറവ് | |
|---|---|---|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് |
| 1 | 24/662 | 75.03 (ഒന്നാം നില) | 5132 | 257 | 6843 | 343 | 1711 | 86 |
| 2 | 24/663 | 75.03 (ഒന്നാം നില) | 5132 | 257 | 6843 | 343 | 1711 | 86 |
| 3 | 24/664 | 75.03 | 5132 | 257 | 6843 | 343 | 1711 | 86 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | (ഒന്നാം നില) | | | | | | |
| 4 | 24/665 | 75.03 (ഒന്നാം നില) | 5132 | 257 | 6843 | 343 | 1711 | 86 |
| 5 | 24/666 | 75.03 (രണ്ടാം നില) | 4862 | 243 | 6483 | 325 | 1621 | 82 |
| 6 | 24/667 | 75.03 (രണ്ടാം നില | 4862 | 243 | 6483 | 325 | 1621 | 82 |
| 7 | 24/668 | 75.03 (രണ്ടാം നില | 4862 | 243 | 6483 | 325 | 1621 | 82 |
| 8 | 24/669 | 75.03 (രണ്ടാം നില | 4862 | 243 | 6483 | 325 | 1621 | 82 |
| ആകെ | | 600.24ച.മീ | ₹39976 | ₹2000 | ₹53304 | ₹2672 | ₹13328 | ₹672 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/29.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി.ആയിഷ ചേനക്കൽ ഹൗസ്,കല്ലുവയൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 24/662 മുതൽ 24/669 നമ്പറുകളുടെ കെട്ടിട നികുതിയിൽ നഷ്ടം വന്ന ₹ 13328/- രൂപയും ലൈബ്രറി സെസ് ഇനത്തിൽ 672 രൂപയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പിരിവിൽ കാര്യക്ഷമതയില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു

നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് വസ്തുനികുതി. എന്നാൽ ഈയിനത്തിലുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. തൻമൂലം നികുതി വരുമാനത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുന്നതിനും ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നതിനും ഇടയാക്കുന്നു. അപാകതകൾ ചുവടെ ചേർക്കുന്നു.

നഗരസഭയിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് കുടിശ്ശികയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 21879380 രൂപ പിരിച്ചെടുക്കാനുണ്ട്. ആകെ ഡിമാന്റ് തുകയായ 64115773 യുടെ 65% മാത്രമാണ് 2022-23-ൽ പിരിച്ചെടുത്തിട്ടുള്ളത്. സഞ്ചയ പ്രകാരം കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള ഏതാനും കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | ഡോർ നം | ഉടമസ്ഥന്റെ പേര് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 17 | 541 | പ്രിൻസിപ്പൾ,അൽഫോൺസാ കോളേജ് | 2591577 |
| 2 | 29 | 11/A | ഉമേഷ് കുമാർ | 182598 |
| 3 | 30 | 368 | സലീം .എ.കെ | 182598 |
| 4 | 2 | 163 | റജിസ്ട്രാർ, കാലിക്കറ്റ് യുണീവേഴ്സിറ്റി | 69083 |
| 5 | 11 | 201 | സെക്രട്ടറി ,സെന്റ് മേരീസ് കോളേജ് | 32037 |
| 6 | 28 | 18 | സുലൈമാൻ | 46899 |
| 7 | 16 | 656 | സെന്റ് ജോസഫ് സ്കൂൾ | 230992 |
| 8 | 16 | 657 | സെന്റ് ജോസഫ് സ്കൂൾ | 130985 |
| 9 | 16 | 663 | പ്രൊക്യുറേറ്റർ,ബിഷപ്പ് ഹൗസ് | 93635 |

വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാത്തതിനും അൽഫോൺസാ കോളേജിൽ നിന്നും 25 ലക്ഷത്തിൽ അധികം കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യകതമാക്കാനും സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/29.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ ഏതെങ്കിലും തുകയുടെ കാര്യത്തിൽ മൂന്ന് വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ നടത്തുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കൽപ്പിക്കപ്പെടാവുന്നതാണ്.

മേൽ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാൻ പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്

നഗരസഭയിൽ 15 മൊബൈൽ ടവറുകൾ ഉള്ളതിൽ 2022-23 വർഷത്തിൽ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | അടിസ്ഥാന വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 11/253 A | WTTL | 10930 | 135035 |
| 2 | 30/288/A | Indus Towers | 32000 | 297798 |
| 3 | 33/136/A | Vodafone Eesar | 11015 | 94691 |
| 4 | 33/134/A | Vodafone Eesar | 12000 | 144000 |
| 5 | 24/1172/a | Idea Mobile Communication | 25000 | 337500 |
| 6 | 22/221/c | TATA TeleService Ltd | 11655 | 262242 |
| 7 | 22/221/b | Escottal Mobil Communications | 9375 | 191256 |
| 8 | 20/129 | Dishnet Wireless Ltd | 20000 | 460206 |
| TOTAL | | | | 19,22,728 |

വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/29.01.2024) ഏഴ് മൊബൈൽ ടവറുകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കൽപ്പിക്കപ്പെടാവുന്നതാണ്.

ബാക്കിയുള്ള മൊബൈൽ ടവറുകൾക്കെതിരെയും തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി -വാർഷിക ധനകാര്യപത്രികയും,ഡി.സി.ബി.സ്റ്റേറ്റ്മേന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2022-23 വർഷത്തിലെ നഗരസഭയുടെ വസ്തുനികുതി വരവും ബാലൻസും പരിശോധിച്ചതിൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഡി.സി.ബി.യിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് വ്യക്തമാവുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി ഹെഡ്ഡുകൾ | ഡി.സി.ബി പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| അരിയർ ഡിമാന്റ് | 18735431 | 19137342 | 401911 |
| തൻവർഷ ഡിമാന്റ് | 37242580 | 35004979 | 2237601 |
| അരിയർ കളക്ഷൻ | 6728447 | 6607110 | 121337 |
| തൻവർഷ കളക്ഷനോ | 30012221 | 30438998 | 426777 |
| അരിയർ ബാലൻസ് | 11970869 | 12199877 | 229008 |
| തൻവർഷ ബാലൻസ് | 7234285 | 4794280 | 2440005 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/29.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് .

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 (ജി.ഒ.പി. നം. 77/2019/തസ്വഭവ തീയതി 02.11.2019) ചട്ടം 21 പ്രകാരം രണ്ടുനില വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ.വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, മത സ്ഥാപനകെട്ടിടങ്ങൾ, G1,

G2, ഒക്കുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾ ഒഴികെയുള്ളവയുടെ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സെക്രട്ടറി നടത്തേണ്ടതാണ്.

കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസി ലഭ്യമായതിനുശേഷം പല കെട്ടിടങ്ങളിലും നിയമ വിരുദ്ധമായ പരിവർത്തനങ്ങളും കൂട്ടിചേർക്കലുകളും നടത്തുന്നുണ്ട്. പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയ നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സഹായകരമാകും.ചട്ടം 21(2) പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുശേഷം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്.ഇത് സ്ഥാപനത്തിന് വസ്തുനികുതി ഇനത്തിൽ വരുമാന വർദ്ധനവിനും കാരണമാകും. നഗരസഭ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് ( 25/ 29.01.2024) മറുപടി ലഭ്യമാക്കിയില്ല. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തി വസ്തുനികുതി വരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-1 നഗരസഭ അംഗീകരിച്ച കമ്പ്ലീഷൻ പ്ലനിൽ നിന്നും വ്യതിയാനം - അനധികൃത നിർമ്മാണങ്ങൾ നടത്തി.

സുൽത്താൻ ബത്തേരി നഗരസഭ 2022-23 സാമ്പത്തിക വർഷത്തിൽ ഒക്യൂപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച ഏതാനും കെട്ടിടങ്ങളുടെ ഭൗതിക പരിശോധന 27.01.2024 -ന് രാവിലെ 11 മണിക്ക് നഗരസഭയിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തി. ആയതിൽ ശ്രീ. മുഹമ്മദലി എ. കെ., സമീറ നിവാസ്, കടവത്തൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള പെർമിറ്റ് നമ്പർ - BA 273851/2018 എന്ന കെട്ടിടത്തിന്റെ നഗരസഭ അംഗീകരിച്ച് ഒക്യൂപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച കെട്ടിട പ്ലാനിൽ നിന്നും വ്യതിചലിച്ച് കൊണ്ട് നിർമ്മാണങ്ങൾ നടത്തിയതായി കാണുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

നഗരസഭ അംഗീകരിച്ച കെട്ടിട പ്ലാൻ അനുസരിച്ച് കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 2028.56m2 ആണ്. ആയത് പ്രകാരം 27 കാർ പാർക്കിംഗ് ഏരിയയും 103m2 സ്ഥലം റ്റുവീലർ പാർക്കിംഗ് ഏരിയയുമായി ഉണ്ടായിരിക്കേണ്ടതാണ്. ആയതനുസരിച്ച് 22 കാർ പാർക്കിംഗ് ഏരിയ സെല്ലാറിലും 5 കാർ പാർക്കിംഗ് ഏരിയ ഗ്രൗണ്ട് ഫ്ലോറിന്റെ മുൻവശത്തും 18.47m2 റ്റുവീലർ പാർക്കിംഗ് ഏരിയ സെല്ലാറിലും ബാക്കി ഗ്രൗണ്ട് ഫ്ലോറിന്റെ ഇടതു വശത്തുമാണ് പ്ലാനിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സെല്ലറിൽ പാർക്കിംഗ് ഏരിയായി രേഖപ്പെടുത്തിയിട്ടുള്ള 26, 27 എന്നിവയും റ്റുവീലർ പാർക്കിംഗിനായി കാണിച്ചിട്ടുള്ള 18.47m2 സ്ഥലവും ഇലക്ട്രിക്കൽ റൂമായും പാർക്കിംഗ് ഏരിയ 22 ആയി രേഖപ്പെടുത്തിയ സ്ഥലം മുറിയായും പരിവർത്തനം വരുത്തിയിട്ടുണ്ട്. ആയതിന് പുറമെ നഗരസഭ അംഗീകരിച്ച കെട്ടിട പ്ലാനിൽ ഗ്രൗണ്ട് ഫ്ലോറിന്റെ മുൻവശത്ത് 26, 27 ആയി രേഖപ്പെടുത്തിരുന്ന പാർക്കിംഗ് ഏരിയയിൽ ഫസ്റ്റ് ഫ്ലോറിലേക്കുള്ള ഒരു സ്റ്റെയർ കേസ് സ്ഥാപിച്ചിരിക്കുകയാണ് (പ്ലാനിൽ ഇല്ലാത്തത്). ആയതിനാൽ പ്രസ്തുത രണ്ട് പാർക്കിംഗ് ഏരിയയും നഷ്ടപ്പെട്ടിട്ടുണ്ട്.

നഗരസഭയുടെ സാങ്കേതിക ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി മേൽ പറഞ്ഞ കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾ പരിശോധിച്ച് നിയമ ലംഘനത്തിന് കെട്ടിട ഉടമയ്ക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 32/22-23 തീയതി 30-01-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 വാടക നിർണ്ണയത്തിലെയും, രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾ മൂലം വാടകയിനത്തിൽ വൻ തുക കുടിശ്ശികയായി നിലനിൽക്കുന്നു.

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയ്ക്ക് വാടകയിനത്തിൽ ലഭിക്കേണ്ട തുകയിൽ 5,023,015/- രൂപ കുടിശ്ശികയുണ്ട്. കൂടാതെ,തൻ വർഷം 645,044/- രൂപ വാടകയിനത്തിൽ വരവുള്ളതായും രേഖപ്പെടുത്തി കാണുന്നു. എന്നാൽ വാടക രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ, വാടക കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളത് സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകയ്ക്ക് നൽകുന്ന കെട്ടിടം | മുറികളുടെ എണ്ണം |
|---|---|---|
| 1 | ലൈബ്രറി ബിൽഡിംഗ് | 8 |

| | | |
|---|---|---|
| 2 | മാനിക്കുന്നി ബിൽഡിംഗ് | 1 |
| 3 | പഴയ സ്റ്റാന്റ് | 29 |
| 4 | ഈസ്റ്റേൺ ടൂറിസ്റ്റ് ഹോം | 39 |
| 5 | ചുങ്കം ബസ് സ്റ്റാന്റ് | 13 |
| 6 | കോട്ടക്കുന്ന് ഷോപ്പിംഗ് കോംപ്ലക്സ് | 15 |
| 7 | കോട്ടക്കുന്ന് മാർക്കറ്റ് ബിൽഡിംഗ് | 2 |
| 8 | കോട്ടക്കുന്ന് മാർക്കറ്റ് | 6 |
| 9 | മാനിക്കുന്നി മാർക്കറ്റ് | 28 |
| 10 | ചുങ്കം ഫിഷ് മാർക്കറ്റ് | 22 |
| 11 | ചുങ്കം മാംസ മാർക്കറ്റ് | 9 |
| ആകെ | | 172 |

എത്ര കെട്ടിടങ്ങളിൽ നിന്നുമാണ് വാടക ഡിമാന്റ് ചെയ്തിട്ടുള്ളതെന്നോ, ആകെ എത്ര രൂപയാണ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്നോ ഉള്ള കൃത്യമായ കണക്കുകൾ ലഭ്യമല്ല. വാടക രജിസ്റ്ററിൽ കൃത്യമായി സംക്ഷിപ്തം രേഖപ്പെടുത്തി (കുടിശ്ശിക വിവരങ്ങൾ ഉൾപ്പെടെ) പരിശോധനയ്ക്കായി ഹാജരാക്കുവാനും നഗരസഭയുടെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുന്ന വാടക ബൈലോ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ 20/2022-23 /29.01.2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമായിട്ടില്ല.

വാടകയിനത്തിൽ 5,023,015/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നത് മൂലം നഗരസഭയുടെ തനതു വരുമാനത്തിൽ വൻ നഷ്ടമാണ് ഉണ്ടാവുന്നത്. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി നഗരസഭ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. നഗരസഭയുടെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുന്ന വാടക ബൈലോ തയ്യാറാക്കുകയോ, ഗവൺമെന്റിന്റെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിനാൽ, കുടിശ്ശിക തുക ഡിമാന്റ് ചെയ്താൽ പോലും, ആയത് ഈടാക്കുന്നതിനായി കോടതിവ്യവഹാരം ഉൾപ്പെടെയുള്ള നിയമപരമായ മാർഗ്ഗങ്ങൾ തേടേണ്ടി വന്നാൽ നഗരസഭ പ്രതിരോധത്തിലാവുകയും, കുടിശ്ശിക തുക ഈടാക്കാൻ സാധിക്കാതെ വരികയും ചെയ്യാനിടയുണ്ട്.

മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ, ജപ്തി/ശിക്ഷാനടപടി സ്വീകരിക്കാവുന്ന കാലയളവ് മുതൽ 3 കൊല്ലം പിന്നിട്ടു കഴിഞ്ഞാൽ ജപ്തി/വ്യവഹാരം/ശിക്ഷാനടപടി സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 539(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുക മേൽ പ്രകാരം കാലഹരണപ്പെടുന്ന പക്ഷം, പ്രസ്തുത നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് 12% പലിശ സഹിതം ഈടാക്കുവാൻ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 539(2) പ്രകാരവും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശിക ഉണ്ടായിട്ടും, മേൽ വിഷയം നഗരസഭ ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യുന്നു എന്നത് ഓഡിറ്റ് ഗൗരവപൂർവ്വം വിലയിരുത്തുന്നു. മേൽ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 കെട്ടിട വാടക ഈടാക്കുന്നതിൽ വലിയ വീഴ്ച്ച

നഗരസഭക്ക് പതിനൊന്ന് കെട്ടിടങ്ങളിലായി നൂറിലധികം റൂമുകൾ വാടകക്ക് നൽകുന്നുണ്ട്. വാടക ഈടാക്കുന്നതിൽ , വീഴ്ച്ചയുണ്ട്. വാർഷിക കണക്ക് പ്രകാരം വാടക ഇനത്തിൽ 5668059 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വാടക രജിസ്റ്റർ വ്യവസ്ഥാപിതമായ രീതിയിൽ സൂക്ഷിക്കുകയും , കിട്ടാനുള്ള വാടക , കിട്ടിയ വാടക , ബാലൻസ് എന്നിവ

കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്യാത്തതിനാൽ മേൽ പറഞ്ഞ തുക ആധികാരികമല്ല. അതിനാൽ തന്നെ വാർഷിക കണക്കിലെ തുക ഏത് ഡാറ്റയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് എന്ന് വ്യക്തമല്ല.

2022-23 സാമ്പത്തിക വർഷത്തിൽ പലവാടകക്കാരും തുകയൊന്നും അടവാക്കിയിട്ടില്ല എന്നത് ഭരണ സംവിധാനത്തിന്റെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | റൂം നമ്പർ | വാടകക്കാരൻ | മാസ വാടക | റിമാർക്സ് |
|---|---|---|---|---|
| 1 | 24 | സി.വി നൗഫൽ | 5957 | മാനിക്കുനി മാർക്കറ്റ് |
| 2 | 26 | അൻവർ സാദത്ത് | 5940 | മാനിക്കുനി മാർക്കറ്റ് |
| 3 | 01 | സഹജൻ | 4300 | ചുങ്കം മാംസ മാർക്കറ്റ് |
| 4 | 181/29 | നിസ്സാർ | 11924 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 5 | 181/28 | സിറാജുദ്ധീൻ | 4515 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 6 | 181/27 | അബ്ദുൽ അസീസ് | 4167 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 7 | 181/23 | നിസ്സാർ . കെ | 3820 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 8 | 181/22 | നിസ്സാർ . കെ | 3820 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 9 | 181/11 | റിയാസ് | 4052 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 10 | 181/12 | കരീം | 4052 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 11 | 181/8 | സലീം. എ.കെ | 3820 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 12 | 181/7 | മാമു. കെ | 6135 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 13 | 181/4 | സിദ്ധീഖ്.ടി.വി | 6135 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 14 | 181/2 | നിസ്സാർ. കെ | 6135 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 15 | 181/1 | നിസ്സാർ. കെ | 6135 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 16 | 179 | കരീം. കെ | 11924 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 17 | 176 | നൗഷാദ് | 12039 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 18 | 175 | റിയാസ്.എ.കെ | 11808 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 19 | 173 | നാസർ. എ.കെ | 11808 | ചുങ്കം ഫിഷ് മാർക്കറ്റ് |
| 20 | 154 | നദീർ | 9536 | ചുങ്കം ഫിഷ് മാർക്കറ്റ് |

മേൽ പരാമർശിച്ച വാടകക്കാരിൽ നിന്ന് 2022-23 വർഷം വാടക ഒന്നും ഈടാക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമാക്കേണ്ടതാണ്. വാടക കുടിശിക ഈടാക്കിയ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - തെറ്റായ രീതിയിൽ പിഴ കണക്കാക്കുന്നു.

നഗരസഭയുടെ ,ഷോപ്പിങ്ങ് കോംപ്ലക്സ് വാടക വൈകി അടവാക്കുന്ന വാടകക്കാരിൽ നിന്ന് തെറ്റായ രീതിയിലാണ് പിഴ ഈടാക്കുന്നത്. വാടക ഒരു മാസം വൈകി അടവാക്കുന്നവരിൽ നിന്നും 11 മാസം വൈകി അടവാക്കുന്നവരിൽ നിന്നും ഒരേ നിരക്കിലാണ് പിഴ ഈടാക്കിയതായി കാണുന്നത്. എല്ലാ വാടകക്കാരിൽ നിന്നും രണ്ട് ശതമാനം ഫിക്സഡ് നിരക്കിൽ ഈടാക്കുന്നത് വിവേചനപരവും നഗരസഭ ഫണ്ടിന് വ്യക്തമായ നഷ്ടം വരുത്തുന്നതുമാണ്. വൈകി അടവാക്കുന്ന വാടകയുടെ പിഴ കണക്കാക്കുമ്പോൾ വൈകിയ ആകെ മാസത്തിന്റെ എണ്ണം കണ്ടെത്തുന്നതിന് (N)x(N+1)/2 എന്ന പൊതു സമവാക്യം ഉപയോഗിച്ചാണ് തുക കണ്ടെത്തേണ്ടത്. നഗരസഭ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

<table>
<tr><td>റൂമിന്റെ വിവരങ്ങൾ</td><td>ഈടാക്കേണ്ട പിഴ</td><td>കുറവ്</td></tr>
<tr><td>പഴയ ബസ് സ്റ്റാന്റ് Room 79<br>വാടകക്കാരൻ : MK മുഹമ്മദ് ഫസൽ<br>വാടക 4127/month + (GST 18%)<br>അടവാക്കിയത് 21.03.2023<br>തുക 49524 (04/22 - 03/23)<br>GST 8904</td><td>
<table>
<tr><td>Month</td><td>Delay In Months</td><td>2%</td><td>Total</td></tr>
<tr><td>4/22</td><td>11</td><td>82.54</td><td>907.94</td></tr>
<tr><td>5/22</td><td>10</td><td>82.54</td><td>825.54</td></tr>
<tr><td>6/22</td><td>09</td><td>82.54</td><td>742.86</td></tr>
</table>
</td><td>4457.6<br>(5447.6-990)</td></tr>
</table>

<table>
<tr>
<td>പിഴ 990<br>ആകെ 59418</td>
<td>
<table>
<tr><td>07/22</td><td>08</td><td>82.54</td><td>660.32</td></tr>
<tr><td>08/22</td><td>07</td><td>82.54</td><td>577.78</td></tr>
<tr><td>09/22</td><td>06</td><td>82.54</td><td>495.24</td></tr>
<tr><td>10/22</td><td>05</td><td>82.54</td><td>412.7</td></tr>
<tr><td>11/22</td><td>04</td><td>82.54</td><td>330.16</td></tr>
<tr><td>12/22</td><td>03</td><td>82.54</td><td>247.62</td></tr>
<tr><td>01/23</td><td>02</td><td>82.54</td><td>165.08</td></tr>
<tr><td>02/23</td><td>01</td><td>82.54</td><td>82.54</td></tr>
<tr><td>ആകെ</td><td>66</td><td></td><td>5447.6</td></tr>
</table>
(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>11 X 12/2 = 66<br>66x82.54 = 5447.6</td>
<td></td>
</tr>
<tr>
<td>പഴയ ബസ് സ്റ്റാന്റ് Room 91<br>വാടകക്കാരൻ : KC സൈമൺ<br>വാടക 3795/month + (GST 18%)<br>അടവാക്കിയത് 02.02.2023<br>തുക 45540 (04/22 - 03/23)<br>GST 8208<br>പിഴ 751<br>ആകെ 54499</td>
<td>(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 09 മാസം വൈകി അടവാക്കി)<br>09x10/2 = 45<br>45x75.9 = 3415.5</td>
<td>2664.5<br>(3415.5-751)</td>
</tr>
<tr>
<td>കോട്ടക്കുന്ന് ഷോപ്പിങ്ങ് കോംപ്ലക്സ് Room 166<br>വാടകക്കാരൻ : നസീർ<br>വാടക 5658/month + (GST 18%)<br>അടവാക്കിയത് 18.10.2022<br>തുക 33948 (04/22 - 09/22)<br>GST 6108<br>പിഴ 674<br>ആകെ 40735</td>
<td>(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 06 മാസം വൈകി അടവാക്കി)<br>06x07/2 = 21<br>21x113.16 = 2376</td>
<td>1702<br>(2376-674)</td>
</tr>
<tr>
<td>മാനിക്കനി മാർക്കറ്റ് Room 17<br>വാടകക്കാരൻ : അബൂബക്കർ<br>വാടക 1404/month + (GST 18%)<br>അടവാക്കിയത് 20.03.2023<br>തുക 16648 (04/22 - 03/23)</td>
<td>(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 11 മാസം വൈകി അടവാക്കി)<br>11x12/2 = 66<br>66 X 28.08 = 1853</td>
<td>1516<br>(1853-337)</td>
</tr>
</table>

| | | |
|---|---|---|
| GST 3024<br>പിഴ 337<br>ആകെ 20209 | | |
| മാനിക്കനി മാർക്കറ്റ് Room 101<br>വാടകക്കാരൻ : PM വേണുനാഥൻ<br>വാടക 1251/month + (GST 18%)<br>അടവാക്കിയത് 31.03.2023<br>തുക 15012 (04/22 - 03/23)<br>GST 2712<br>പിഴ 300<br>ആകെ 18024 | (N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 11 മാസം വൈകി അടവാക്കി)<br>11x12/2 = 66<br>66 X 25.02 = 1651 | 1351<br>(1651-300) |
| | ആകെ നഷ്ടം | 11691.1 |

വാടക എത്ര മാസം വൈകി അടവാക്കിയാലും രണ്ട് ശതമാനം മാത്രമാണ് പിഴ ഈടാക്കുന്നത്. കൂടുതൽ വൈകി അടവാക്കിയ ഏതാനും വാടകക്കാരുടെ വിവരം മാത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽ പെട്ടത്തിയതിനെ തുടർന്ന് നിലവിൽ 2023-24 വർഷം ഈ രീതിയിലാണ് പിഴ ഈടാക്കി വരുന്നത് എന്ന് സെക്ഷൻ വിശദീകരിച്ചു. അപാകത പരിഹരിക്കേണ്ടതാണ്. 11691.1 രൂപ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-19 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക. ബൈലോ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

നഗരസഭയുടെ തനത് ഫണ്ട് വരവിനത്തിലെ സുപ്രധാന ഇനമാണ് വാടക വരവ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ വാടക, ലേലം എന്നിവ സംബന്ധിച്ച വിശദമായ ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടുന്നുണ്ട്. മാത്രമല്ല, ഭീമമായ തുക വാടക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ളതായും വ്യക്തമാവുന്നു. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയ്ക്ക് വാടകയിനത്തിൽ 5,023,015/- രൂപ കുടിശ്ശിക കിട്ടാനുണ്ട്. പതിനൊന്ന് കെട്ടിടങ്ങളിലായി 172 മുറികൾ വാടകക്ക് നൽകുന്നതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട മുറികൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി വ്യക്തമായ ബൈലോ തയ്യാറാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. വാടക തുകയുടെ വാർഷിക വർദ്ധന, വൈകി അടവാക്കുന്നതിന് ഈടാക്കേണ്ട പിഴയുടെ രീതി, റൂം ഒഴിയുന്ന സാഹചര്യത്തിൽ വാടകക്കാരൻ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ, റൂം ഒഴിപ്പിക്കൽ നടപടി ക്രമങ്ങൾ, മേൽ വാടകക്ക് കൊടുക്കുന്നത് നിരുൽസാഹപ്പെടുത്തൽ,വാടക കുടിശിക വരുത്തുന്നവർക്ക് വീണ്ടും മുറി അനുവദിക്കുന്നത്, റൂമുകളുടെ ഘടനയിൽ മാറ്റം വരുത്തൽ, വെയ്സ്റ്റ് മാനേജ്മെന്റ്, വൈദ്യുതി ചാർജ്, വെള്ളക്കരം, വാടക അടവാക്കേണ്ട രീതി , അനുവദനിയമല്ലാത്ത കച്ചവടം നടത്തുന്നത്, ലഹരി വിൽപ്പന എന്നിവയെല്ലാം പരാമർശിക്കുകയും നഗരസഭയുടെയും വാടകക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി വ്യക്തമായ ബൈലോ ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. നഗരസഭക്ക് നിയമപരമായ പരിരക്ഷ ലഭിക്കുന്നതിന് ബൈലോ സഹായകമാവും. മാത്രമല്ല വാടകക്കാരുമായി ബൈലോയിലെ പ്രസക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി അർഹമായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ വാടക കരാർ ഉണ്ടാക്കേണ്ടതുമാണ്.

ഇത്രയും റൂമുകൾ വാടകക്ക് നൽകുന്ന നഗരസഭ നാളിത് വരെ ബൈലോ തയ്യാറാക്കിയില്ല എന്നത് ഗുരുതര സ്വഭാവമുള്ള ഭരണപരമായ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയം ചെയർമാന്റെയും, സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മൽസ്യ മാംസ മാർക്കറ്റുകൾക്ക് ബൈലോ തയ്യാറാക്കി വരുന്നുണ്ട് എന്ന് അറിയിച്ചു. ബൈലോ തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. കൗൺസിലിന്റെ സജീവ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-20 തൊഴിൽ നികുതി- അപാകതകൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

## 1-20-1 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ക്രമപ്രകാരമല്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. ഡിമാന്റും കളക്ഷനും കൺസോലിഡേറ്റ്

ചെയ്യുകയോ, അബ്സ്ട്രാക്റ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മുൻ വർഷങ്ങളിൽ ലഭിക്കാനുണ്ടായിരുന്ന മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോ എന്നതിന്റെ കണക്കുകൾ ലഭ്യമല്ല.

## 1-20-2 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിന്റെ ഇൻഡക്സിൽ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

1. ഇൻഫർമേഷൻ കേരള മിഷൻ, സുൽത്താൻ ബത്തേരി
2. ASAP, സുൽത്താൻ ബത്തേരി
3. വെറ്ററിനറി പോളി ക്ലിനിക്ക്, സുൽത്താൻ ബത്തേരി
4. റേഞ്ച് ഫോറസ്റ്റ് ഓഫീസർ, സുൽത്താൻ ബത്തേരി
5. പോസ്റ്റ് ഓഫീസ്, കുപ്പാടി
6. സിൻഡിക്കേറ്റ് ബാങ്ക്, സുൽത്താൻ ബത്തേരി
7. ജി.എച്ച്.എസ് ഓടപ്പാലം
8. കോഫി ബോർഡ്, സുൽത്താൻ ബത്തേരി
9. ഹോട്ടൽ മിന്റ് ഫ്ലവർ, സുൽത്താൻ ബത്തേരി
10. വയനാട് ജില്ലാ സഹകരണ ബാങ്ക്, സുൽത്താൻ ബത്തേരി
11. കനറാ ബാങ്ക്, സുൽത്താൻ ബത്തേരി
12. കേരള അക്കാഡമി ഓഫ് എഞ്ചിനീയറിംഗ്, സുൽത്താൻ ബത്തേരി
13. സെന്റ് റൊസെല്ലോ സ്കൂൾ, സുൽത്താൻ ബത്തേരി
14. മേഴ്സിഡസ് ഇന്സ്ട്രുമെന്റേഷൻ, സുൽത്താൻ ബത്തേരി
15. ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കമ്പനി
16. ബായ് ബായ് അലയൻസ് ലൈഫ് ഇൻഷ്വറൻസ് കമ്പനി
17. ജെ.പി ബിൽഡ്വെയർ, സുൽത്താൻ ബത്തേരി
18. മിന്റ് ടവർ, സുൽത്താൻ ബത്തേരി
19. വാൽനട്ട് കേക്സ്, സുൽത്താൻ ബത്തേരി
20. ഗ്രോ വയനാട് ഹോലിഡേയ്സ്, സുൽത്താൻ ബത്തേരി
21. എ.എം ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരി
22. ടി.പി അസ്സോസിയേറ്റ്സ്, സുൽത്താൻ ബത്തേരി
23. ടി.പി ഹോം കളക്ഷൻസ് & ബിൽഡ്വെയർ, സുൽത്താൻ ബത്തേരി
24. ആഷിഖ് ഏജൻസീസ്, സുൽത്താൻ ബത്തേരി
25. മേക്കാടൻസ് ടെക്സ്റ്റയിൽസ്, സുൽത്താൻ ബത്തേരി
26. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ബീനാച്ചി എസ്റ്റേറ്റ്
27. പെപ്പെർ ഗ്രോ ഹോട്ടൽസ്, സുൽത്താൻ ബത്തേരി
28. ഒപ്പോ ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരി
29. കബനി കോഫീ വർക്സ്, സുൽത്താൻ ബത്തേരി
30. ആക്സിസ് ബാങ്ക്, സുൽത്താൻ ബത്തേരി

## 1-20-3 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ജീവനക്കാരുടെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ അവ്യക്തവും അപൂർണ്ണവുമാണ്. ആറ് വാല്യം രജിസ്റ്ററുകളിലായാണ് വിവിധ സ്ഥാപനങ്ങളിലെ

ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. പല സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം ഒഴിച്ചിട്ടതായി കാണുന്നു. അതിൽ, വാല്യം-1 ൽ ഇപ്രകാരം ഒന്നാം അർദ്ധവർഷ വിവരം മാത്രം രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി
2. താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി, സുൽത്താൻ ബത്തേരി
3. താലൂക്ക് ഓഫീസ്, സുൽത്താൻ ബത്തേരി
4. ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി
5. കേരള സ്റ്റേറ്റ് വെയർ ഹൗസ്, സുൽത്താൻ ബത്തേരി
6. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, സുൽത്താൻ ബത്തേരി
7. ക്ഷീരവികസന ഓഫീസറുടെ കാര്യാലയം, സുൽത്താൻ ബത്തേരി
8. ഗവ:ഗസ്റ്റ് ഹൗസ്, സുൽത്താൻ ബത്തേരി
9. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), സുൽത്താൻ ബത്തേരി.
10. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം, സുൽത്താൻ ബത്തേരി.
11. സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ കാര്യാലയം, സുൽത്താൻ ബത്തേരി.
12. സുൽത്താൻ ബത്തേരി താലൂക്ക് ഡിപ്പോ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ.
13. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാവേരി ഡിവിഷൻ
14. സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ
15. മൈനർ ഇറിഗേഷൻ, സെക്ഷൻ-1
16. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, സുൽത്താൻ ബത്തേരി.

മറ്റ് വാല്യങ്ങളിലും പല സ്ഥാപനങ്ങളുടെയും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം ഒഴിച്ചിട്ടിരിക്കുന്നു. വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്ററുകൾ / ലഡ്ജറുകൾ സൂക്ഷിക്കേണ്ടതാണ്.

**1-20-4 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണിന്നില്ല. ജി.ഒ(പി)143/2008 നമ്പർ സർക്കാർ ഉത്തരവ്, സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സിഎസ്)എ 9-764/2019 സർക്കുലർ എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ആയത് ഈടാക്കിയതായി കാണുന്നില്ല.

**1-20-5 അഭിഭാഷകർ/സ്വകാര്യ ഡോക്ടർമാർ/പാരാ മെഡിക്കൽ വിദഗ്ധർ/മോട്ടോർ വാഹന ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.**

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം സൂചിപ്പിച്ചിട്ടുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

**1-20-6 തൊഴിൽ നികുതി(സ്ഥാപനങ്ങൾ/കരാറുകാർ/പ്രൊഫഷണൽസ്)- അപാകതകൾ**

1994-ലെ മുൻസിപ്പാലിറ്റി ആക്ട് 245-ാംവകുപ്പ്, 2005-ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ റിട്ടേണുകൾ എന്നീ രേഖകൾ അപൂർണ്ണമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി, പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി എന്നിവ സംബന്ധിച്ച യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. മേൽ നികുതിയിനങ്ങൾ ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ആയത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ

ലിസ്റ്റ്, തൊഴിൽ നികുതി റിട്ടേൺസ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ സൂക്ഷിച്ചിട്ടില്ല. മേൽ ഇനങ്ങളിൽ നികുതി നിർണ്ണയം നടത്തുകയോ, തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 14/2022-23/25.01.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. തൊഴിൽ നികുതി (സ്ഥാപനങ്ങൾ/കരാറുകാർ/പ്രൊഫഷണൽസ്) ഇനത്തിൽ 2,510,176/- വരവുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ, ഈ തുക ഡിമാന്റ് ചെയ്തതിനോ കളക്ട് ചെയ്തതിനോ യാതൊരു രേഖകളും നഗരസഭ സൂക്ഷിച്ചിട്ടില്ല. മേൽ ഇനത്തിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20-7 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

നഗരസഭയുടെ പദ്ധതികളുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. നഗരസഭയുടെ ടെണ്ടർ രജിസ്റ്റർ പ്രകാരം തൻവർഷം പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇവർ മറ്റ് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയതിന്റെ വിവരങ്ങളും ലഭ്യമല്ല.

| | |
|---|---|
| 1. കെ.പി ഉണ്ണികൃഷ്ണൻ | 23. കബീർകുട്ടി എം |
| 2. ജയേഷ്.എൻ | 24. സെക്രട്ടറി, SLCCS Ltd |
| 3. വി.ആര്. വിശ്വനാഥൻ | 25. മോഹനൻ പി.എസ് |
| 4. ബി. ആലി | 26. സി.വി ആന്റണി |
| 5. റ്റി.ജെ സണ്ണി | 27. ഷൈബു വി.വി |
| 6. കെ.ഒ ജോർജ്ജ് | 28. നിഷാദ് കെ.കെ |
| 7. അരുൺ സി കുര്യാക്കോസ് | 29. വിബിൻ റ്റി ജോണി |
| 8. എൽദോസ് ജോണി | 30. റ്റി വി ജോണി |
| 9. ഷാജഹാൻ എ | 31. സി.എം ബാലകൃഷ്ണൻ |
| 10. അസീസ് എൻ | 32. സുരേഷ് മണി |
| 11. കെ.കെ സൈദലവി | 33. റഷീദ് പി.കെ |
| 12. ഷിബു സി.ജെ | 34. മുജീബ് കെ |
| 13. ശരത് ഗോപകുമാർ ചെട്ടി | 35. സിദ്ദിഖ് റ്റി.വി |
| 14. അനുരാഗ് രാജ് | 36. എ.വി മത്തായി |

| | |
|---|---|
| 15. ഷമീർ മഠത്തിൽ | 37. കെ.എം വർഗ്ഗീസ് |
| 16. വർഗ്ഗീസ് മടയിക്കൽ | 38. ഉദയ നഴ്സറി |
| 17. ഐ.സി വർഗ്ഗീസ് | 39. സുധീഷ് ടി.എം |
| 18. സബിൻ കെ.പി | 40. വി സ്റ്റീൽ എഞ്ചി സർവീസ് |
| 19. MANQUE സ്ട്രക്ച്ചർ & പോയിന്റ് | 41. WVA കൺസൾട്ടിംഗ് Pvt Ltd |
| 20. രാജേഷ് കെ.വി | 42. മഹേഷ് കെ.ആർ |
| 21. പ്രശാന്ത് എഞ്ചിനീയറിംഗ് സർവ്വീസ് | 43. ദീപ്തീസ് |
| 22. എസ്.ഐ.എസ് സിവിൽ ലാബ് | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 08/2022-23/24.01.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 ലൈസൻസ് ഫീ- ഡിമാന്റ് രജിസ്റ്ററിലെ അപാകതകൾ

നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. “License Fees For Dangerous & Offensive Trades” എന്ന ശീർഷകത്തിൽ 723,300/- രൂപ, “License Fees For Lodge” എന്ന ശീർഷകത്തിൽ 5000/- രൂപ, "License Fees Under Cinema Regulation Act"എന്ന ശീർഷകത്തിൽ 5000/- രൂപ എന്നിങ്ങനെയുള്ള വരവുകൾ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത കണക്കുകളുടെ സംക്ഷിപ്തം, 8 വാല്യങ്ങളായി തയ്യാറാക്കിയിട്ടുള്ള ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിൽ ആകെ തുക രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റും കളക്ഷനും ബാലൻസും കൃത്യമായി രേഖപ്പെടുത്തിയ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. വിവിധ വാർഡുകളിലെ കെട്ടിടങ്ങളുടെ ലൈസൻസ് ഫീ വിവരങ്ങൾ തരം തിരിച്ച് തയ്യാറാക്കിയിട്ടുണ്ടെങ്കിലും, പല വാർഡുകളിലെയും കെട്ടിടങ്ങൾ ക്രമനമ്പർ രേഖപ്പെടുത്താതെയാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ എത്ര കെട്ടിടങ്ങളിൽ നിന്നുമാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത് എന്ന വിവരം ലഭ്യമല്ല. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15/2022-23/25.01.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പാക്കിയ പദ്ധതിയിലെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1) ജനനി സുരക്ഷാ പദ്ധതി

| | |
|---|---|
| പ്രൊജക്റ്റ് | 3 /23 ജനനി സുരക്ഷാ പദ്ധതി |
| അടങ്കൽ | ₹400000 |
| ഫണ്ട് | പ്ലാൻ ഫണ്ട് ( ജനറൽ) |
| ചെലവ് | ₹400000<br>UTR-RBI0452395827754 Dtd 10/02/2023 - ₹394390<br>UTR-RBI0822366752613 Dtd 22/03/2023 - ₹1610<br>UTR-RBI0822366752614dtd 22/03/2023 - ₹4000 |

മേൽ പദ്ധതി പ്രകാരം ഗർഭിണികളായ ഗുണഭോക്താകൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ആയുർധാരയ്ക്ക് ₹394390/-രൂപ മുൻകൂറായി (ആയുർധാര രസീത് നം.10201) നൽകയിരുന്നുവെങ്കിലും ₹340932/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത് ₹53468 /-രൂപയുടെ മരുന്ന് ലഭ്യമായതായി കാണുന്നില്ല.

2) ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് | 11 /23 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 |
| ഫണ്ട് | വികസന ഫണ്ട്( ജനറൽ) |
| ചെലവ് | ₹300000<br>UTR-RBI0132343719666 Dtd 12/01/2023 - ₹300000 |

മേൽ പദ്ധതി പ്രകാരം ആശുപത്രിയിലേക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനായി ആയുർധാരയ്ക്ക് ₹300000/-രൂപ മുൻകൂറായി (ആയുർധാര രസീത് നം.10130) നൽകയിരുന്നുവെങ്കിലും ₹291284 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത് ₹8716 /-രൂപയുടെ മരുന്ന് ലഭ്യമായതായി കാണുന്നില്ല.മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 12/25.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ രണ്ട് പദ്ധതികൾ പ്രകാരം നഗരസഭയിൽ നിന്നും കൈമാറിയ മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിച്ചതിന്റെ രേഖകളോ, മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളോ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ലഭ്യമാകാനുള്ള മരുന്നുകളുടെ തുകയായ ₹62184/- (53468 +8716) ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-23 എഫ്.എച്ച്.സി ചെതലയം -ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ്.

2013 ലെ മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ മുനിസിപ്പാലിറ്റിയുടെ ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെയും സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ട് മെമ്പർ സെക്രട്ടറിക്കും കൗൺസിലിനും നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം)

എന്നാൽ നാളിതു വരെ എഫ്.എച്ച്.സി ചെതലയം ആശുപത്രി വികസനഫണ്ട് ഓഡിറ്റിന് സമർപ്പിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 11/25.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

എച്ച്.എം.സി രൂപീകരിച്ചത് മുതൽ 2022-23 വരെയുള്ള കാലയളവിലെ വാർഷികകണക്കുകൾ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ചട്ട വിരുദ്ധമായി അക്കൗണ്ട് ഉപയോഗിക്കുന്നു

2013 ലെ മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 6, 7 പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ എല്ലാം പ്രവർത്തനത്തിന് ആവശ്യമായ തുകകൾ ആശുപത്രി വികസന ഫണ്ട് വഴിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്.എന്നാൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി ചെതലയം ഇവിടെ ചട്ട വിരുദ്ധമായി ആശുപത്രി വികസന ഫണ്ട് (Acc-00000067004705668) വഴി അല്ലാതെ നഗരസഭ ഫണ്ടുകൾ മറ്റൊരു അക്കൗണ്ടിലൂടെയാണ് (Acc-00000067228903609) ക്രയവിക്രയം ചെയ്യുന്നത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേക്ഷണക്കുറിപ്പിന് (11/25.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ആശുപത്രി വികസന ഫണ്ട് അക്കൗണ്ട് അല്ലാതെയുള്ള അക്കൗണ്ട് ക്ലോസ് ചെയ്ത് ബാലൻസ് തുക ആശുപത്രി വികസന ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ഭിന്നശേഷി സ്കോളർഷിപ്-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

| പ്രോജക്ട് നം , പേര്, അടങ്കൽ, | ചെലവ് |
|---|---|

| | |
|---|---|
| 246/23 ഭിന്നശേഷി സ്കോളർഷിപ്പ്<br>അടങ്കൽ-25,76,700(General)+<br>4,10,000 (തനത്)= 29,86,700 | ചെലവ് =25,76,700(General)<br>ബില്ലുകൾ<br>1)209/28.11.2022 – 17,33,400<br>2)347/13.2.2023 – 8,43,300 |

നഗരസഭ പരിധിയിലെ ഭിന്ന ശേഷി വിഭാഗത്തിൽപെട്ടവർക്ക് അർഹമായ സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രോജക്ട്. ഐ.സി.ഡി.എസ്സ് സൂപ്പർ വൈസർ നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 25,76,700 രൂപ ചെലവഴിച്ചതിൽ 28,500 രൂപ വീതം 62 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. 28,500 രൂപ സ്കോളർഷിപ്പ് നിശ്ചയിച്ചത് താഴെ പറയുന്നവിധമാണ്

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് 12 X 1000 | 12,000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത | 1500 |
| 3 | പഠന സഹായികൾ | 2000 |
| 4 | യാത്രാബത്ത 12 X 1000 | 12000 |
| 5 | ഉല്ലാസ യാത്ര ബത്ത | 1000 |
| | ആകെ | 28,500 രൂപ |

സബ്സിഡി , ധനസഹായം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ ഉത്തരവ് GO(Ms) 115/2022/LSGD Dtd 28.5.2022 പ്രകാരം ക്രമ നം 1 മുതൽ 4 വരെ സഹായം നൽകുന്നതിന് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റും ക്രമ നം 5 ന് രക്ഷകർത്താവിന്റെ വൗച്ചറും ആണ് ആവശ്യമായിട്ടുള്ളത്.എന്നാൽ ഉല്ലാസ യാത്ര സംബന്ധിച്ച രക്ഷകർത്താവിന്റെ വൗച്ചർ ഇല്ലാതെയാണ് ഉല്ലാസ യാത്ര ബത്ത അനുവദിച്ചത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക പൂർണമായി വിനിയോഗിച്ചിട്ടുണ്ട് എന്നും മറുപടി ലഭിച്ചു (13/22-23/25.1.2024) ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ്.

## 1-26 കരുവള്ളിക്കുന്ന് എം.സി. എഫ്. കേന്ദ്രം - ആദായ നികുതി ഈടാക്കിയതിൽ കുറവ്

| പ്രൊജക്ട് നം , പേര് | അടങ്കൽ, ചെലവ് |
|---|---|
| കരവള്ളിക്കുന്ന് എം.സി. എഫ് കേന്ദ്രം അജൈവ മാലിന്യങ്ങൾ<br>ഒഴിവാക്കൽ 18/2023<br>നിർവഹണം : ഹെൽത്ത് ഓഫീസർ | അടങ്കൽ- 15,00,000(CFC)<br>ചെലവ് =12,71,478(CFC) |

ബത്തേരി നഗരസഭയിൽ നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ കരുവള്ളിക്കുന്നിലാണ് സൂക്ഷിക്കുന്നത്.ഇപ്രകാരം ശേഖരിക്കുന്ന ആജൈവ മാലിന്യങ്ങൾ ഒഴിവാക്കുന്നതിനാണ് ഈ പ്രോജക്ട്. പദ്ധതി പ്രകാരം കരവള്ളിക്കുന്ന് എം.സി.എഫ് കേന്ദ്രത്തിൽ നിന്നും അജൈവ മാലിന്യങ്ങൾ ഒഴിവാക്കുന്നതിനായി കരാർ ഏറ്റെടുത്ത തിരുവോണം എക്കോ ഇൻഡസ്ട്രീസ്, കണ്ണൂർ എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമനം | വൗച്ചർ നം | തുക | ഈടാക്കിയ ഇൻകം ടാക്സ് | കുറവ് @ 2% |
|---|---|---|---|---|
| 1 | C092250452498/ 28.9.2022 | 5,89,392 | 0 | 11788 |
| 2 | C102229228867/18.10.2022 | 95,520 | 0 | 1910 |
| 3 | 222069701/29.12.2022 | 156336 | 3127 | 0 |
| 4 | 22201484/23.03.2023 | 430230 | 8605 | 0 |
| | ആകെ | 1271478 | | 13698 |

തിരുവോണം എക്കോ ഇൻഡസ്ട്രീസ്, കണ്ണൂർ എന്ന സ്ഥാപനത്തിന് എല്ലാ ബില്ലിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല.മുഴുവൻ ആദായനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആദായ നികുതി ആക്ട് 194 J പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 നഗരസഭ വാതിൽപ്പടി സേവനം നാളിതുവരെ ആരംഭിച്ചിട്ടില്ല

പ്രായാധിക്യം, രോഗം, ദാരിദ്രം എന്നിവ കാരണം പ്രയാസപ്പെടുന്നവരും അറിവില്ലായ്മ, അവശത, മറ്റ് നിസ്സഹായവസ്ഥ എന്നിവ മൂലം സർക്കാർ സേവനങ്ങൾ കൃത്യമായി ലഭിക്കാത്തവർക്ക് സേവനങ്ങൾ വീട്ടിൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് വാതിൽപ്പടി സേവനം എന്ന പ്രോജക്ട്. ഹെൽത്ത് ഓഫീസർ

നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 454/2023 – നഗരസഭ വാതിൽപ്പടി സേവനം എന്ന പ്രോജക്ടിന് തനത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപയാണ് വകയിരുത്തിയത്. എന്നാൽ ഈ പ്രോജക്ടിൽ ഓഡിറ്റ് വർഷം ചെലവില്ല.കൂടാതെ, 194/2023 നഗരസഭ വാതിൽപ്പടി സേവനം അനുബന്ധ പ്രവർത്തനങ്ങൾക്കും സാധന സാമഗ്രികൾ വാങ്ങുന്നതിനും എന്ന പ്രോജക്ടിന് തനത് ഫണ്ടിൽ നിന്ന് രണ്ട് ലക്ഷം രൂപ വകയിരുത്തുകയും 12490 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്. രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച എങ്കിലും നിർവഹണം നടത്താൻ സാധിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.സമൂഹത്തിലെ പ്രയാസം അനുഭവിക്കുന്ന ജനങ്ങൾക്ക് സേവനം വാതിൽപ്പടിയിൽ നേരിട്ട് എത്തിക്കുന്ന വാതിൽപ്പടി സേവനം പദ്ധതിയിൽ ആസൂത്രണം ചെയ്തെങ്കിലും നാളിതു വരെ പ്രവർത്തന പഥത്തിൽ എത്തിയിട്ടില്ല. സർക്കാർ നിർദേശങ്ങൾ പാലിച്ച് പ്രോജക്ട് നിർവഹണം നടത്താൻ പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 എസ്.എസ്.കെ വിഹിതം -വിനിയോഗവിവരം ലഭ്യമല്ല

സുൽത്താൻ ബത്തേരി നഗരസഭ 2022-23 വർഷം എസ്.എസ്.കെ വിഹിതം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.

| | | | | |
|---|---|---|---|---|
| 1 | **പ്രോജക്ട്** | 401/23 -എസ്.എസ്.എ. വിഹിതം നൽകൽ | അടങ്കൽ | 20,00,000 |
| | **ഫണ്ട്** | വികസനഫണ്ട് -ജനറൽ | ചെലവ് | 20,00,000 |
| | **നിർവഹണം** | പ്രിൻസിപ്പാൽ | ബിൽ | 1)13/14.12.2022 – ₹ 15,00,000<br>2)4/10.10.2022 – ₹ 5,00,000 |

| | | | | |
|---|---|---|---|---|
| 2 | **പ്രോജക്ട്** | 403/23 -എസ്.എസ്.എ.വിഹിതം നൽകൽ | അടങ്കൽ | 10,00,000 |
| | **ഫണ്ട്** | വികസനഫണ്ട് -TSP | ചെലവ് | 10,00,000 |
| | **നിർവഹണം** | പ്രിൻസിപ്പാൽ | ബിൽ | 3/18.10.2022 |

എസ്.എസ്.കെ.ബത്തേരി ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്. എസ്.എസ്.കെയുടെ ആന്വൽ പ്ലാനിന്റെ 40 % വിഹിതമാണ് ഇപ്രകാരം തദ്ദേശഭരണസ്ഥാപനം അനുവദിക്കേണ്ടത്.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ, സ.ഉ.(കൈ)84/22 ത.സ്വ.ഭ.വ. 19.04.2022 പ്രകാരം "സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ കർമ്മപദ്ധതി തയ്യാറാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെയായിരിക്കണം.പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്.തദ്ദേശഭരണസ്ഥാപനങ്ങൾ എസ്.എസ്.കെ.ക്ക് നൽകുന്ന തുകയുടെ വിനിയോഗം,ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ /പരിപാടികൾ എന്താണ് എന്ന വിവരങ്ങൾ അതാത് തദ്ദേശഭരണസ്ഥാപനങ്ങളെ എസ്.എസ്.കെ.പ്രോജക്ട് ഓഫീസർ അറിയിക്കണം എന്നതാണ് വ്യവസ്ഥ. എസ്.എസ്.കെ.വിഹിതവും തദ്ദേശസ്ഥാപനവിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശഭരണ ഭാരവാഹികളുടെ ഇടപെടൽ ഉറപ്പാക്കണം"

സുൽത്താൻ ബത്തേരി നഗരസഭയുടെ പങ്കാളിത്തത്തോടെ ആന്വൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയതായോ അതനുസരിച്ച് 40 % തുക സുൽത്താൻ ബത്തേരി നഗരസഭയോട് ആവശ്യപ്പെട്ടതായോ കാണുന്നില്ല.സർക്കാർ ഉത്തരവ് പ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പൂർണ്ണവിവരങ്ങൾ ഫയലിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

## 1-29 ടൂറിസം പദ്ധതി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ബത്തേരി നഗരസഭയിൽ പാട്ടവയൽ റോഡിൽ വയനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാന സർക്കാർ അംഗീകരിച്ച ടൂറിസം പദ്ധതിയാണ് Bouleward Integrated Tourism Project.

| ഇനം | ചെലവ് |
|---|---|
| Bouleward Integrated Tourism Project<br>കൺസൾട്ടേഷൻ ഫീസ്<br>മൊബിലൈസേഷൻ അഡ്വാൻസ്<br>കൺസൾട്ടന്റായ ഇ എർത്ത് , കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകിയത് | Vr. 22201512/<br>28.3.2023<br>തുക : 2,47,617 |

21.2.2023 ലെ 4/1 നമ്പർ ഭരണസമിതി തീരുമാനം പ്രകാരം ബത്തേരി നഗരസഭയിൽ ബത്തേരി പാട്ടവയൽ റോഡിൽ വയനാട് പാക്കേജിന്റെ ഭാഗമായി Bouleward Integrated Tourism Project ന് സർക്കാരിന്റെ അംഗീകാരംലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റായി ടൂറിസം വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള ഇ എർത്ത് , കോഴിക്കോട് എന്ന സ്ഥാപനത്തിന് 2,47,617 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്.

ആകെ പ്രോജക്ട് തുകയായ 12 കോടി രൂപയുടെ 2.33 % ആണ് കൺസൾട്ടേഷൻ ഫീസ് .കൺസൾട്ടേഷൻ ഫീസിന്റെ 10 ശതമാനം ആണ് മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകിയത്. സ്ഥാപനം തയ്യാറാക്കിയ ഡി പി ആർ സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് .പദ്ധതിക്ക് സർക്കാർ പണം അനുവദിക്കുന്ന മുറക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകിയ തുക തനത് ഫണ്ടിലേക്ക് തിരിച്ച് അടക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

## 1-30 പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും 2017-18 ൽ ലഭിച്ച കോർപ്പസ് ഫണ്ട് ചെലവഴിക്കാതെ തിരിച്ചടച്ചു

| പ്രവൃത്തി, അനുവദിച്ച തുക | തിരിച്ചടച്ച തുക, ചലാൻ നമ്പർ |
|---|---|
| മാവാടി കോളനി സൈഡ് കെട്ട്, 1,00,000 | 1,00,000 Vr. No 3678/4.8.2022<br>ചലാൻ നമ്പർ KL012928264202223M |
| തിരുനെല്ലി കോളനി സൈഡ് കെട്ട് , 10,50,000 | 10,50,000 Vr. No 3678/4.8.2022<br>ചലാൻ നമ്പർ KL012927954202223M |

പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും 2017-18 ൽ ലഭിച്ച കോർപ്പസ് ഫണ്ട് ചെലവഴിക്കാതെ തിരിച്ചടച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ്. നഗരസഭക്ക് കോർപ്പസ്സ് ഫണ്ട് ഇനത്തിൽ ലഭിച്ച തുക നിക്ഷേപിച്ചത് വഴി ലഭിച്ച പലിശയും തിരിച്ചടവാക്കേണ്ടതാണ്. എന്നാൽ പലിശ തുക തിരിച്ചടവാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

സമൂഹത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുക വിനിയോഗിക്കാതെ പാഴാക്കിയത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. നഗരസഭാ പരിധിയിലെ രണ്ട് കോളനികളുടെ ഭുവികസന പദ്ധതികൾക്കായി അനുവദിച്ച തുക ജാഗ്രതയോടെ കൈകാര്യം ചെയ്യാതെ പാഴാക്കിയത് ഗുരുതര വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-31 പൂരകപോഷകാഹാര പദ്ധതി - സർക്കാർ അനുമതിയില്ലാതെ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തി.

| പ്രോജക്ട് നം , പേര് | അടങ്കൽ, ചെലവ് |
|---|---|
| 1)അങ്കണവാടി പോഷകാഹാരം(ജനറൽ) 8/2023 | അടങ്കൽ-29,10,210(General)+ 7,00,000(Centrel Share)+6,89,790(own Fund)= 43,00,000<br>ചെലവ് =29,10,210(General)+ 5,42,941(Centrel Share)= 34,53,151 |
| 2)അങ്കണവാടി പോഷകാഹാരം(ടി എസ് പി) 10/2023 | അടങ്കൽ-20,21,266(TSP)+ 7,00,000(Centrel Share)+4,78,734(own Fund)= 32,00,000<br>ചെലവ് =20,21,266(TSP) |
| 2)അങ്കണവാടി പോഷകാഹാരം ( എസ് സി പി) 9/2023 | അടങ്കൽ-15,30,000(SCP)+ 6,00,000(Centrel Share)= 21,30,000<br>ചെലവ് =15,30,000(SCP) |

മേൽ പ്രോജക്ടുകളുടെ ഭാഗമായി 2022-23 വർഷത്തിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് **5,66,226** രൂപ ചെലവിൽ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തുന്നതിനുള്ള പ്രോജക്ട് ICDS സൂപ്രവൈസർ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രത്യേക പോഷകാഹാരയിനത്തിന്റെ പേര് | വിതരണം നടത്തിയ സ്ഥാപനം | ബിൽ നമ്പർ/തീയതി | തുക(₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Nutri Mam & Teen Care | സഞ്ജീവനി കുടുംബശ്രീ കുരികുണ്ട് | 158/28.9.22 | 94,187 |
| 2 | Gravi Pro | ജാംസ് ഗ്രൂപ്പ് കുറ്റിപ്പാറ | 158/28.9.22 | 52,113 |
| 3 | Nutri Mam & Teen Care | സഞ്ജീവനി കുടുംബശ്രീ കുരികുണ്ട് | 186/25.10.22 | 98,450 |
| 4 | Gravi Pro | ജാംസ് ഗ്രൂപ്പ് കുറ്റിപ്പാറ | 186/25.10.22 | 56,925 |
| 5 | Nutri Mam & Teen Care | സഞ്ജീവനി കുടുംബശ്രീ കുരികുണ്ട് | 137/24.8.22 | 1,73,113 |
| 6 | Gravi Pro | ജാംസ് ഗ്രൂപ്പ് കുറ്റിപ്പാറ | 137/24.8.22 | 91,438 |
| **ആകെ തുക** | | | | **5,66,226** |

പൂരക പോഷകാഹാര പരിപാടിക്ക് നിലവിൽ കുടുബശ്രീ യൂനിറ്റുകളിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങാനാണ് അനുമതിയുള്ളത്. അതിൽ നിന്നും വ്യത്യസ്ഥമായി ജില്ലാ വനിത ശിശു പ്രോഗ്രാം ഓഫീസറുടെ നിർദ്ദേശാനുസരണം ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചതനുസരിച്ച് മേൽ പറഞ്ഞ പോഷകാഹാര മിശ്രിതം വിതരണം ചെയ്യുന്നതിന് ഭരണസമിതിയുടെ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രത്യേക പോഷകാഹാര മിശ്രിതം മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി വിതരണം നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമായത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No 13/22-23/25.1.2024) ഇപ്രകാരം മറുപടി നൽകി. 'വനിത ശിശു വികസന വകുപ്പിലെ ജില്ലാ പ്രോഗ്രാം ആഫീസറുടെ ഉത്തരവ് പ്രകാരമാണ് മേൽ സൂചിപ്പിച്ച പോഷകാഹാര മിശ്രിതം മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും വാങ്ങി വിതരണം നടത്തിയത്.നിലവിൽ പോഷകാഹാര മിശ്രിതം മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നില്ല'. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-32 അഡ്വാൻസ് ക്രമീകരിച്ചില്ല.

താഴെ രേഖപ്പെടുത്തിയ വൗച്ചറുകൾ പ്രകാരം 2022-23 വർഷം വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂർ തുക മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നാണ് നിലവിലുള്ള നിർദേശം. എന്നാൽ ഈ നിർദേശം പാലിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു.

| വൗച്ചർ | നൽകിയ തുക | കൈപറ്റിയ വ്യക്തി | ആവശ്യം |
|---|---|---|---|
| 709/10.10.2022 | 25000 | ശ്രീ. രമേശ് .ടി.കെ, ചെയർമാൻ | യാത്ര ബത്ത മുൻകൂർ |
| 730/15.10.2022 | 10000 | ശ്രീ. രമേശ് .ടി.കെ, ചെയർമാൻ | യാത്ര ബത്ത മുൻകൂർ |
| 852/16.11.2022 | 50000 | സുജിത. കെ. പി, ക്ലാർക്ക് | കേരളോത്സവം |

ചെയർമാർ , മെമ്പർമാർ, ജീവനക്കാർ എന്നിവർക്ക് നൽകുന്ന ടി. എ അഡ്വാൻസ് യഥാസമയം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകത ശ്രദ്ധയിൽ പെടുത്തുന്നു. മുൻകൂർ ക്രമീകരിക്കുന്ന കാര്യത്തിൽ KFC Vol 1, ആർട്ടിക്കിൾ 99 ന്റെ അടിസ്ഥാനത്തിൽ സർക്കാർ അധിക വിശദീകരണം നൽകിയ GO(P)419/11/Fin /Dated 04.10.2011 എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ, മുൻകൂർ തുക ക്രമീകരിക്കുന്നതിൽ വിഴ്ച വരുത്തിയവരുടെ കാര്യത്തിൽ പാലിക്കേണ്ടതാണ്. തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 അഡ്വാൻസ് ക്രമീകരിച്ച വിവരം ലഭ്യമല്ല.

മുൻവർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് ജീവനക്കാർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ച വിവരം അഡ്വാൻസ് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. മുൻകൂറുകൾ സമയപരിധിക്കുള്ളിൽ ക്രമീകരിക്കുന്നു എന്ന് നിരീക്ഷിക്കാൻ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. തുക നൽകുന്ന സമയത്ത് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും , വൗച്ചർ നമ്പർ, തിയ്യതി, ആവശ്യം, ജീവനക്കാരന്റെ പേര്, തസ്തിക എന്നിവ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ക്രമീകരിച്ച ശേഷം വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വൗച്ചർ നമ്പർ, തിയ്യതി എന്നിവ സാക്ഷ്യപ്പെടുത്തുകയും ചെയ്താൽ മാത്രമെ ക്രമീകരണ വിവരം പരിശോധിക്കാൻ സാധിക്കുകയുള്ളു എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

വ്യവസ്ഥാപിതമായ വിധത്തിലല്ല നഗരസഭ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നത് എന്ന് വ്യക്തമാവുന്നു. പെൻസിൽ

കൊണ്ടുള്ള രേഖപ്പെടുത്തലുകളും , അടിസ്ഥാന വിവരങ്ങൾ പോലും രേഖപ്പെടുത്താത്ത എൻട്രികളും രജിസ്റ്ററിന്റെ ആധികാരികതയെ ദോഷകരമായി ബാധിക്കുന്നു എന്ന് അറിയിക്കുന്നു.

താഴെ രേഖപ്പെടുത്തിയ മുൻകൂറുകൾ ക്രമീകരിച്ച വിവരം പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമീകരണ വിവരം അറിയിക്കേണ്ടതാണ്.

| | വൗച്ചർ | ജീവനക്കാർ , തസ്തിക | പർപ്പസ് | നല്കിയ തുക |
|---|---|---|---|---|
| 1 | 592/31.10.2019 | സുനി ഐസക്ക്, സീനിയർ ക്ലർക്ക് | കേരളോത്സവം | 50000 |
| 2 | 794/26.11.2019 | സുധീർ പി.എസ്, JHI | TA അഡ്വാൻസ് | 1200 |
| 3 | 794/03.02.2020 | സുനി ഐസക്ക്, സീനിയർ ക്ലർക്ക് | G3/26530/19 ഫയൽ | 98450 |
| 4 | 798/03.02.2020 | സുജിത. കെ.പി, സീനിയർ ക്ലർക്ക് | ദുരന്ത നിവാരണം | 25000 |
| 5 | 882/25.02.2020 | സന്തോഷ് കുമാർ , CCM | ലഹരിമുക്ത പരിപാടി | 20000 |
| 6 | 996/25.02.2020 | ഷാനവാസ് , സീനിയർ ക്ലർക്ക് | ദുരന്ത നിവാരണം | 11210 |
| 7 | 1036/25.03.2020 | സന്തോഷ് കുമാർ , CCM | കോവിഡ് 19 | 50000 |

## 1-34 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻവർഷങ്ങളിലും ഇത്തരം ഒരു സംവിധാനം നിലവിലില്ല എന്നാണ് വ്യക്തമാവുന്നത്. നഗരസഭയിൽ ധാരാളം മേഖലയിൽ ഡെപ്പോസിറ്റ് ഇനത്തിൽ തുടർച്ചയായി വരവ് ഉണ്ടാവുന്നതാണ്. വാടക ഡെപ്പോസിറ്റ്, ഇ.എം.ഡി, എസ്.ഡി , റിടെൻഷൻ, ലേല ഡെപ്പോസിറ്റ്, ഇലക്ഷൻ ഡെപ്പോസിറ്റ് എന്നീ മേഖലകളിൽ വരവുള്ളതായി വാർഷിക കണക്കിൽ നിന്ന് വ്യക്തമാവുന്നു. നഗരസഭക്ക് 11 കെട്ടിടങ്ങളിലായി നൂറിലധികം വാടകക്ക് നൽകുന്ന മുറികളുണ്ട്. ഇവയുടെ ലേല സമയത്ത് ലേല ഡെപ്പോസിറ്റും , കൂടാതെ മൂന്ന് മാസം/ ആറ് മാസം വാടകകക്ക് തുല്യമായ തുക ഡെപ്പോസിറ്റായി വാടക്കാക്കാരിൽ നിന്ന് ഈടാക്കാറുണ്ട്. ലേല ഡെപ്പോസിറ്റ് തുക റൂം ഒഴിവാക്കുന്ന സമയത്ത് തിരികെ നൽകുകയും , വാടക അഡ്വാൻസ് റൂമിന്റെ വാടക ഇനത്തിൽ ക്രമീകരിക്കുകയും ചെയ്യുന്നത് പതിവാണ്. എന്നാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ ക്രമീകരണം പരിശോധിക്കാൻ നഗരസഭയിൽ സംവിധാനമില്ല എന്നത് ഗുരുതര പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ ഇല്ലാതെ ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചറുകൾ തയ്യാറാക്കുന്നത് അംഗീകരിക്കാനാവില്ല. വാർഷിക കണക്ക് പ്രകാരം 72.72 ലക്ഷം രൂപ നഗരസഭയിൽ വിവിധ ഡെപ്പോസിറ്റ് ഇനത്തിൽ ലയബിലിറ്റി ഹെഡിൽ അവശേഷിക്കുന്നതായി കാണുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മേലാപ്പീസിലെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് സുൽത്താൻ ബത്തേരി നഗരസഭയിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/എൽ.എസ്.ജി.ഡി, തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ട്. സ.ഉ(കൈ) നം.77/2023 എൽ. എസ്. ജി. ഡി., തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ(അച്ചടി) നം.25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 03/05/2023 തീയതിയിലെ നഗരസഭാ ഭരണ സമിതി യോഗം 1-ാം നമ്പർ തീരുമാനപ്രകാരം

താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്.

നഗരസഭയുടെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും നഗരസഭയ്ക്ക് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പ് വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്. സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം വാർഡുസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**ബജറ്റ്**

നഗരസഭയുടെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ്. 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, സ്ഥാപനത്തിലെ വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 38,030,539/- | 30,438,998/- | -7,591,541/- |
| Profession Tax | 13,000,000/- | 12,800,907/- | -199,093/- |
| Rental Income | 8,145,000/- | 4,923,501/- | -3,221,499/- |
| Fee & User Charges | 8,272,000/- | 7,655,759/- | -616241/- |
| Sale & Hire Charges | 3,25,000/- | 648,872/- | -323,872/- |
| Other Income | 1,00,000/- | 88,176/- | -11,824/- |
| **ആകെ** | **67,872,539/-** | **56,556,213/-** | **-11,316,326/-** |

നഗരസഭയുടെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം ഉണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ സൂക്ഷ്മത പുലർത്തേണ്ടതാണ്.

**വസ്തു നികുതി**

സ.ഉ (കൈ) നം.77/2023 എൽ. എസ്. ജി. ഡി., തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 03/05/2023 തീയതിയിലെ നഗരസഭാ ഭരണ സമിതി യോഗം 1-ാം നമ്പർ തീരുമാനപ്രകാരം താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ, ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതും, മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിൽ വീഴ്ച്ച വരുന്നതും, പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് ക്രമപ്രകാരം നടത്താത്തതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമായി നടക്കാത്ത സാഹചര്യമുണ്ട്. വിശദവിവരങ്ങൾ ഈ റിപ്പോർട്ടിലെ 1-11 മുതൽ 1-15 വരെയുള്ള ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

**തൊഴിൽ നികുതി**

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1994-ലെ മുൻസിപ്പാലിറ്റി ആക്ട് 245-ാംവകുപ്പ്, 2005-ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ റിട്ടേണുകൾ എന്നീ രേഖകൾ അപൂർണ്ണമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

സ്ഥാപന തൊഴിൽ നികുതി, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി, പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി എന്നിവ സംബന്ധിച്ച യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. മേൽ നികുതിയിനങ്ങൾ ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ടും ഒട്ടേറെ അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ 1-19,1-20 എന്നീ ഖണ്ഡികകളിലായി പരാമർശിച്ചിട്ടുണ്ട്.

**ലൈസൻസ് ഫീസ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം മുനിസിപ്പാലിറ്റി (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക നഗരസഭയ്ക്ക് ചുമത്താവുന്നതാണ്.

എന്നാൽ, നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. ഡിമാന്റ്/കളക്ഷൻ കണക്കുകൾ കൺസോലിഡേറ്റ് ചെയ്ത് അബ്സ്ട്രാക്റ്റ് രേഖപ്പെടുത്താത്തതിനാൽ, കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ നഗരസഭയ്ക്കോ, അപ്രകാരം കണക്കുകൾ പരിശോധിച്ച് ഉറപ്പ് വരുത്താൻ ഓഡിറ്റിനോ കഴിഞ്ഞിട്ടില്ല. മേൽ വിഷയം ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-21 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

**വാടക**

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയ്ക്ക് വാടകയിനത്തിൽ ലഭിക്കേണ്ട തുകയിൽ 5,023,015/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ, വാടക കണക്കുകൾ ഓഡിറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള 170ലേറെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഇനത്തിൽ ഇതിനകം കുടിശ്ശികയുള്ള ഭീമമായ തുക ഡിമാന്റ് ചെയ്യാനോ, തനത് വർഷത്തെ വാടക പിരിവിലെ കുടിശ്ശിക തിട്ടപ്പെടുത്താനോ നഗരസഭ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. വിശദ വിവരങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-22ൽ പ്രതിപാദിച്ചിട്ടുണ്ട്.

**വിനോദ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.**

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി. വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ, വിനോദ സഞ്ചാര സാധ്യതകളായ സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയുടെ സാധ്യതകൾ ഉണ്ടെങ്കിൽ ആയവ പരിശോധിച്ച് വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾക്കായി സർക്കാരിലേക്ക് ശിപാർശ ചെയ്യാവുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം**

ടൂറിസത്തിന്റെ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്രസമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സാമൂഹികാവസ്ഥ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, ആയതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

നഗരസഭയിലെ തനത് വരുമാനം സംബന്ധിച്ച ടാക്സ് ഓഡിറ്റ് നടത്തിയതിൽ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടുന്ന വിവിധ മേഖലകളിൽ നഗരസഭയുടെ പെർഫോമൻസ് തൃപ്തികരമല്ല എന്ന് കാണാം. നിലവിൽ പുതിയ നികുതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള വരുമാന വർദ്ധനവിന് സാധ്യത വളരെ കുറവാണ്. ലഭ്യമായ വരുമാന ഇനങ്ങളിൽ ചോർച്ച ഇല്ലാതെയും കുടിശ്ശിക ഇല്ലാതെയും സമയബന്ധിതമായി പിരിച്ചെടുക്കുന്ന കാര്യത്തിൽ നഗരസഭ വിട്ടുവീഴ്ച്ച ചെയ്യാൻ പാടില്ല. അതോടൊപ്പം, തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്നതും, ദീർഘവീക്ഷണത്തോടെയുള്ളതുമായ പ്രോജക്ടുകൾ സർക്കാർ തലത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതും ഉചിതമായിരിക്കും.

## 1-36 പാട്ടവ്യവസ്ഥ പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നില്ല

നഗരസഭയിൽ, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം പാർക്ക് വ്യൂ എന്നവരുടെ പേരിലുള്ള 26/152 നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സുൽത്താൻ ബത്തേരി നഗരസഭയുടെ ഉടമസ്ഥതയിലാണ്. സുൽത്താൻ ബത്തേരി പഞ്ചായത്ത്

ആയിരുന്ന കാലഘട്ടത്തിൽ ടൂറിസം വകുപ്പുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, പഞ്ചായത്തിന് പ്രതിവർഷം 5 ലക്ഷം രൂപ പാട്ടക്കരാർ വ്യവസ്ഥ പ്രകാരം നൽകാമെന്ന് ധാരണയായെങ്കിലും, ഈ ഇനത്തിൽ അന്നത്തെ പഞ്ചായത്തിനോ ഇന്നത്തെ നഗരസഭയ്ക്കോ നാളിതുവരെ യാതൊരു തുകയും ലഭിച്ചിട്ടില്ല. മേൽ സാഹചര്യവും, വസ്തുവിന്മേൽ ഉടമസ്ഥാവകാശം ഇല്ലാത്ത ആളിന്റെ പേരിൽ കെട്ടിടത്തിന് നമ്പർ നൽകിയത് നിയമവിരുദ്ധമാണെന്ന മുൻ കാല ഓഡിറ്റ് പരാമർശവും കണക്കിലെടുത്ത് നഗരസഭാ ഭരണസമിതിയുടെ 10.10.2022 തീയതി ചേർന്ന യോഗത്തിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഡയറക്ടർ, ടൂറിസം വകുപ്പ് എന്ന പേരിൽ നൽകിയ ഉടമസ്ഥാവകാശം റദ്ദ് ചെയ്യുന്നതിനും, പാട്ടവ്യവസ്ഥ പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട തുക, കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കാണുന്നു. എന്നാൽ, മേൽ വിഷയത്തിൽ നഗരസഭ പിന്നീട് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് നൽകിയ 37/2022-23/31.01.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട്

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2) , 8 ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് മുനിസിപ്പൽ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. (ചട്ടം-10) നഗരകാര്യ ഡയറക്ടറിൽ നിന്നും പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതുമാണ് എന്ന് ( ചട്ടം-11) (1)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് സുൽത്താൻ നഗരസഭയിൽ നിർവ്വഹിക്കുന്നുണ്ടോ എന്ന് 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതോടൊപ്പം പെൻഷൻ ഫണ്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ 16-01-2024 ന് 2/2024 പ്രകാരം ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകുകയുണ്ടായി. പ്രസ്തുത അന്വേഷണകുറിപ്പിന് 30-01-2024 തീയതിയിൽ മറുപടി ലഭ്യമാക്കുകയുണ്ടായി.

റഗുലർ പെൻഷൻ

നഗരസഭയുടെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക എല്ലാ മാസവും റെഗുലർ പെൻഷൻ ഫണ്ടിനത്തിൽ മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നുണ്ട്. നഗരസഭ നിലവിൽ വന്ന 2015-16 കാലയളവുമുതൽ 2022-23 വരെ മുൻസിപ്പൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഒടുക്കിയ തുകയുടെയും നാളിതുവരെ വിതരണം ചെയ്ത പെൻഷൻ തുകയുടെയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നാളിതുവരെ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഒടുക്കിയ തുക | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക | 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 വരെ റഗുലർ പെൻഷൻ നൽകുന്നതിന് നഗരസഭയ്ക്ക് ചെലവായ തുക |
|---|---|---|---|
| 2016-17 | 78168 | | |
| 2017-18 | 468607 | | |
| 2018-19 | 639410 | | |
| 2019-20 | 775761 | | |
| 2020-21 | 919784 | | 2028469 |
| 2021-22 | 1202710 | 572942 | 1487184 |
| 2022-23 | 1124615 | 222563 | 1028156 |
| ആകെ | 5209055 | 795505 | 4543809 |

മേൽപറഞ്ഞ റഗുലർ പെൻഷൻ നൽകുന്നതിന് നഗരസഭയ്ക്ക് ചെലവായ തുകയ്ക്ക് പുറമെ ഡി.സി.ആർ.ജി., പെൻഷൻ കമ്മ്യൂട്ടേഷൻ എന്നീ ഇനങ്ങൾക്ക് തഴെ പറയും പ്രകാരം നഗരസഭ തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | ഡി.സി.ആർ.ജി. | കമ്മ്യൂട്ടേഷൻ | ഉത്സവ ബത്ത |
|---|---|---|---|
| 2020-21 | 1275099 | 452880 | 1000 |
| 2021-22 | 47880 | 159840 | 3000 |
| 2022-23 | 1369500 | 2099765 | 3000 |

| | | | |
|---|---|---|---|
| ആകെ | 2692479 | 2712485 | 7000 |

2019 ജനവരി മാസം മുതലുള്ള പെൻഷൻ ഫണ്ട് ഒടുക്ക് രജിസ്റ്ററാണ് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിനുമുമ്പുള്ള പെൻഷൻ ഫണ്ട് റെമിറ്റൻസ് അക്നോളജ്മെന്റ് സ്ലിപ്പുകൾ (2017 ജൂൺ മാസത്തെ അക്നോളജ്മെന്റ് സ്ലിപ്പ് ഒഴികെ) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

നഗരസഭയിൽ പെൻഷൻ ഫണ്ട് ചട്ടത്തിൽ വ്യവസ്ഥ ചെയ്തപ്രകാരം റഗുലർ പെൻഷൻ നൽകുന്നതിന് പ്രത്യേകമായി ട്രഷറി അക്കൗണ്ട് തുടങ്ങിയിട്ടില്ല. നഗരസഭയുടെ പൊതുവായിട്ടുള്ള ടി.എസ്.ബി അക്കൗണ്ട് നമ്പർ മുഖേനയാണ് പെൻഷൻ ഫണ്ട് തുക മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അടച്ചുകൊടുക്കുന്നത്. നഗരസഭയിൽ നിന്നും റഗുലർ ജീവനക്കാരുടെ വിഭാഗത്തിൽ മൂന്ന് പേരാണ് നിലവിൽ പെൻഷൻ വാങ്ങിവരുന്നത്.

നഗരസഭ പെൻഷൻ ഫണ്ട് സംബന്ധിച്ച് രജിസ്റ്ററിൽ നഗരസഭ രൂപീകരിച്ച കാലം മുതൽ നാളിതുവരെ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തുകയുടെ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് മാത്രമായി ചട്ടത്തിൽ വ്യക്തമാക്കിയ വിധത്തിൽ പ്രത്യേകമായി ട്രഷറി അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഭാവിയിൽ നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യമിനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക പ്രസ്തുത ട്രഷറി അക്കൗണ്ടിൽ മാത്രം നിക്ഷേപിച്ച് ചെലവ് ചെയ്യേണ്ടതാണ്. പെൻഷൻ ഫണ്ട് സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷത്തെയും അക്കൗണ്ട് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

കണ്ടിജന്റ് പെൻഷൻ ഫണ്ട്

ജി.ഒ. (പി) 96/1997 ത.ഭ.വ തീയതി, 3-5-1997 ഉത്തരവിലൂടെ നിലവിൽ വന്ന 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയ്സ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് ചട്ടം 1,7 (2) എന്നിവയനുസരിച്ച് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. നഗരസഭയിലെ കണ്ടിജന്റ് വിഭാഗത്തിലെ ജീവനക്കാരെല്ലാവരും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരായതിനാൽ കണ്ടിജന്റ് പെൻഷൻ ഫണ്ടിനത്തിൽ തുകയൊന്നും നിലവിൽ അടച്ചുവരുന്നില്ല. എന്നാൽ വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് ബി - 2 ഷെഡ്യൂൾ ഇയർമാർക്കഡ് ഫണ്ട്സ് - അക്കൗണ്ട് ഹെഡ് 311700100 Pension Fund For Contigent Staff) ₹6,04,618/- രൂപ കണ്ടിജന്റ് പെൻഷൻ ഫണ്ടിനത്തിൽ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് നഗരസഭ വിശദീകരണം നൽകിയിട്ടില്ല.

## 1-38 വനിതാ സ്വയം തൊഴിൽ സംരഭങ്ങൾക്ക് ധനസഹായം - നിരന്തര ഇടപെടൽ ആവശ്യമാണ്.

GO(MS)86/2022/Lsgd Dated 19.04.2022 സബ്സിഡി മാർഗരേഖ 8.4.1, 8.4.2 എന്നിവയിൽ ചെറുകിട വ്യവസായങ്ങൾ , സൂക്ഷ്മ സംരഭങ്ങൾ എന്നിവ സംബന്ധിച്ച വ്യക്തമായ മാർഗ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് വന്ന GO(MS)115/2022/Lsgd Dated 25.05.2022 ഉത്തരവ് പ്രകാരം സബ്സിഡി, ധനസഹായം എന്നിവ സംബദ്ധിച്ച വ്യക്തമായ നിർദേശങ്ങളും സർക്കാർ നൽകിയിട്ടുണ്ട്.

വ്യവസായ വികസന ഓഫീസർ നിർവഹണം നടത്തിയ 296/23 പ്രോജക്ട് വനിതാ സ്വയം തൊഴിൽ സംരഭങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ്. പ്ലാൻ ജനറൽ വിഹിതം 21 ലക്ഷം രൂപയും ബാങ്ക് വായ്പ്പ 30 ലക്ഷം രൂപയും ഉൾപ്പെടെ 51 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ. പ്രോജക്ട് നിർവഹണം നടത്തി 21.01.2023 ന് 14 ലക്ഷം രൂപയും , 27.03.2023 ന് ഏഴ് ലക്ഷം രൂപയും ഉൾപ്പെടെ ആകെ 21 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ, സംരഭങ്ങളുടെ വിവരം എന്നിവ താഴെ കൊടുക്കുന്നു.

| സംരഭം | സംഘം രൂപീകരണം | ME അഫിലിയേഷൻ | മൂലധനം/ലോൺ | ബാങ്ക് | നൽകിയ ധനസഹായം |
|---|---|---|---|---|---|
| ബ്ലൂം ഫാഷൻ, അമ്മായിപ്പാലം | 07.12.2022 | ഫയലിൽ ഇല്ല | 450000 | കനറ | 350000 |
| ദിയ ടൈലറിങ്, ഒന്നാം മൈൽ | 18.01.2023 | 07.11.2022 | 500000 | കനറ | 350000 |
| ഇച്ചൂസ് ബത്തേരി | 05.10.2022 | 18.11.2022 | 500000 | കനറ | 350000 |
| കളേർസ് , കോട്ടക്കുന്ന് | 25.10.2022 | 25.10.2022 | 400000 | I.O.B | 350000 |
| ഫാമൂസ് കാറ്ററിങ്, പഴപ്പത്തൂർ | 14.03.2023 | 10.01.2023 | 450000 | കനറ | 350000 |
| ശ്രീദുർഗ ഫുഡ് | 14.03.2023 | 10.01.2023 | 500000 | കനറ | 350000 |

| | | | | | |
|---|---|---|---|---|---|
| പ്രോസസ്സിങ്ങ് യൂനിറ്റ് | | | | | |

സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച GO(MS)115/2022/Lsgd Dated 25.05.2022 ഉത്തരവ് പ്രകാരം സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ) മേഖലയിൽ എല്ലാ വിഭാഗങ്ങൾക്കും മൂലധനത്തിന്റെ 75% എന്ന പരിധിക്ക് വിധേയമായി പരമാവധി 375000 രൂപ നൽകാവുന്നതാണ്.അഞ്ച് ലക്ഷം രൂപ അടിസ്ഥാന മൂലധനം രേഖപ്പെടുത്തിയ ഈ സംരംഭങ്ങൾക്ക് 350000 രൂപയിൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.യൂനിറ്റുകൾ ആരംഭിക്കുന്നതും, മൈക്രോ എന്റർ പ്രൈസസ് (ME) രജിസ്ട്രേഷൻ നേടുന്നതും ഒരേ സമയത്താണ് എന്ന് കാണുന്നു. പുതിയ യൂനിറ്റുകൾ പുതിയ ചെറു സംരംഭങ്ങൾ ആരംഭിച്ചതായിട്ടാണ് ഫയലിൽ നിന്ന് വ്യക്തമാവുന്നത്. ഈ മേഖയിലെ മുൻ പരിചയം, പരിശീലനം എന്നിവ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ഈ കാര്യത്തിൽ സംരംഭകർക്ക് വേണ്ട അവബോധം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

2. സംരംഭങ്ങൾ നിലനിൽക്കുന്നത് അവരുടെ ഉൽപന്നങ്ങളുടെ മാർക്കറ്റിങ്ങ് അടിസ്ഥാനമാക്കിയാണ്. ഈ മേഖലയിലെ വീഴ്ച്ച പലപ്പോഴും സംരംഭകരുടെ ആത്മ വിശ്യാസം തകരുന്നതിനും ബാങ്ക് വായ്പ്പയുടെ അടവ് തടസ്സപ്പെടുന്നതിനും ഇടയാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംരംഭകരുടെ ഉൽപന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ /നഗരസഭ ഇടപെടുന്നുണ്ടോ എന്നും പുരോഗതി കൈവരിക്കാനായിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്.

3. നഗരസഭയുടെ ധനസഹായം 2023 ജനവരി മാർച്ച് മാസങ്ങളിലായി അനുവദിച്ചിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിച്ചിട്ട് ഒരു വർഷം പൂർത്തിയാവുന്നു. നിരന്തര ഇടപെടലുകളും സപ്പോർട്ടും ആവശ്യമായ കാലയളവാണ് ചെറുകിട സംരംഭങ്ങളുടെ ആദ്യ വർഷം. സംരംഭങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന വിധത്തിൽ അവലോകനം നടത്തിയിട്ടുണ്ടോ എന്നും , സംരംഭങ്ങളുടെ നിലവിലെ അവസ്ഥ എന്താണ് എന്നും വ്യക്തമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സംരംഭകർക്ക് പരിശീലനം നൽകിയിട്ടുണ്ട് എന്നും മാർക്കറ്റ് കണ്ടെത്തുന്നതിന് ഇടപെലുകൾ നടത്തുന്നുണ്ട് എന്നും ആയത് ഫലപ്രദമാണ് എന്നും വ്യവസായ വകുപ്പിന്റെ ഇ.ഡി.ഇ മാർ നിരന്തരമായി ഗ്രൂപ്പുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു.
ഈ ഗ്രൂപ്പുകളുടെ പ്രവർത്തന പുരോഗതി, ലോൺ അടവ് വിവരം എന്നീ ഘടകങ്ങൾ തുടർന്നുള്ള ഓഡിറ്റ് വേളയിൽ വിലയിരുത്തുന്നതാണ്.

## 1-39 ചിറമൂലച്ചിറ കുളം നവീകരണം - ഫൈൻ ഈടാക്കിയില്ല - തെറ്റായ വിവരം രേഖപെടുത്തിയതിനാൽ അധിക ചെലവ് .

| | | | |
|---|---|---|---|
| പ്രോജക്ട് | 162/23 ജലശക്തി അഭിയാൻ ചിറമൂലച്ചിറ കുളം നവീകരണം | അടങ്കൽ | ₹ 1563500/- |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| കരാർ | AE/Lsgd/SBY/88/2021-22 Dated 22.12.2021 | കരാറുകാരൻ | ബി. അലി |
| പി.എ.സി | 1395628.4 | വൗച്ചർ , തുക | 550/31.03.2023 – 789247 |
| എം. ബുക്ക് | 399/21-22 | എസ്റ്റിമേറ്റ് | 2021/73960 |

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

**1. പ്രവൃത്തി വൈകി പൂർത്തിയാക്കി . ഫൈൻ ഈടാക്കിയില്ല.**

94/22 പ്രോജക്ട് ഏക വർഷ പ്രോജക്റ്റാണ്. എന്നാൽ, പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല, അർഹമായ പിഴ ഈടാക്കാതെയാണ് ബിൽ അനുവദിച്ചത്. പ്രവൃത്തിയുടെ കാലാവധി , സൈറ്റിലേക്ക് റോഡ് ലഭ്യമല്ല എന്ന് രേഖപ്പെടുത്തി 31.05.2023 വരെ നീട്ടി നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 31.03.2022 ന് പൂർത്തിയാവേണ്ട വർക്കിന് ഒരു വർഷം കാലാവധി നീട്ടി നൽകിയിട്ടും പ്രവൃത്തി പൂർത്തിയായത് 17.07.2023 ന് മാത്രമാണ് എന്ന് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ , ഫൈനൽ ബിൽ നൽകിയ വേളയിൽ അർഹമായ പിഴ ഈടാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|

| | |
|---|---|
| പൂർത്തീകരണ കാലാവധി : 3 മാസം<br>പൂർത്തീകരിക്കേണ്ട തിയ്യതി : 31.03.2022<br>നീട്ടി നൽകിയ തിയ്യതി : 31.05.2023<br>പൂർത്തീകരിച്ച തിയ്യതി : 17.07.2023 (MB Page 39) | 01.06.2023-17.07.2023 @ 1% Of PAC = 7288<br>(47 Days)<br>ആകെ : 7288 |

2. **തെറ്റായ വിവരം രേഖപ്പെടുത്തിയതിനാൽ അധിക ചെലവ് .**

എസ്റ്റിമേറ്റ് ഇനം (1) കുളത്തിലെ വെള്ളം 5 HP പമ്പ് ഉപയോഗിച്ച ഒഴിവാക്കുന്നതിനാണ്. ഇതിനായി ഒന്നാം പാർട്ട് ബില്ലിൽ 112 മണിക്കൂറും , ഫൈനൽ ബില്ലിൽ 88 മണിക്കൂറും ഉൾപ്പെടെ ആകെ 200 മണിക്കൂർ വെള്ളം പമ്പ് ചെയ്ത് ഒഴിവാക്കിയതായി രേഖപ്പെടുത്തി മണിക്കൂറിന് 216.825 നിരക്കിൽ 43365 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് . (MB Page 14, 15, 40) എന്നാൽ , ഇത്ര അളവിൽ പ്രവൃത്തി ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

28.12.2022, 29.12.2022, 30.12.2022 തിയ്യതികളിലെ DLR പ്രകാരം വെള്ളം പമ്പ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങളിൽ പ്രവൃത്തി ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല എന്ന് കാണുന്നു. മാത്രമല്ല, DLR പ്രകാരമുള്ള വിവരങ്ങളിൽ വ്യത്യാസം ഉള്ളതായും വ്യക്തമാവുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| തിയ്യതി | സമയം | ഇനം | ആകെ |
|---|---|---|---|
| 28.12.2022 | 8 AM- 1 PM, 2 PM- 5PM = 8 Hrs | 5 HP യുടെ രണ്ട് മോട്ടോറുകൾ | 16 Hrs |
| 29.12.2022 | 8 AM- 1 PM, 2 PM- 5PM = 8 Hrs | 5 HP യുടെ രണ്ട് മോട്ടോറുകൾ | 16 Hrs |
| 30.12.2022 | 8 AM- 1 PM, 2 PM- 5PM = 8 Hrs | 5 HP യുടെ ഒരു മോട്ടോർ | 08 Hrs |
| | | ആകെ | 40 Hours |

ഇപ്രകാരമുള്ള അളവുകൾ DLR ൽ (Pumb Log Book) ഓവർസിയർ രേഖപ്പെടുത്തുകയും അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ചെയ്ത അളവ് 40 മണിക്കൂർ ആണ് എന്ന് രേഖകളിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ 200 മണിക്കൂർ എന്ന് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് എന്ത് അടിസ്ഥാനത്തിൽ എന്ന് വ്യക്തമല്ല. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതിനാൽ കരാറുകാരന് 34692 രൂപ അധികം നൽകി എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|
| 200x216.825 = 43365 | 40x216.825 = 8673 | 34692 |

ഓഡിറ്റ് എൻക്വയറി നമ്പർ 07/23.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-40 സൈറ്റ് ലഭ്യമല്ലാത്ത വർക്കിന് എസ്റ്റിമേറ്റ് തയ്യാറാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രോജക്ടാണ് കിട്ടങ്ങിൽ അംഗനവാടിക്ക് സമീപം കുടിവെള്ള പദ്ധതി . (ഫയൽ E1/688/2021). പ്രോജക്ടിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും (Estimate Id : 2020/122177), ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് രണ്ട് ലക്ഷം രൂപ വകയിരുത്തി ഭരണ സാങ്കേതികാനുമതി (TS : 96485/2020-21) നേടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്യുകയും എസ്റ്റിമേറ്റ് നിരക്കിൽ ടി.ജെ ബെന്നി എന്ന കരാറുകാരന് വർക്ക് അവാർഡ് ചെയ്യുകയും കരാറുകാരൻ AE/Lsgd/SBY/18/20-21/28.06.2021 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ , പ്രവൃത്തിക്കായി സൈറ്റ് ലഭ്യമല്ലാത്തതിനാൽ കരാർ റദ്ദ് ചെയ്ത് നിക്ഷേപ തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് 06.02.2023 ന് കരാറുകാരൻ കത്ത് നൽകിയതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.)PWD മാന്വലിലെ Detailed Estimate എന്ന 1601.1.2. ൽ Detailed Estimate Shall Be Prepared After Detailed **Investigation Of The Site** By The Concerned Authority Assisted By Subordinate Officers And On The Basis Of Detailed Designs And Specifications For The Work എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നും പ്രവൃത്തിയുടെ നിർവഹണത്തിന് ആവശ്യമായ ഘടകങ്ങൾ / ഡാറ്റ മാത്രം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നും വിലയിരുത്തുന്നു.

2.) PWD മാന്വലിലെ Bid Submission എന്ന 2008 ൽ It Is Important That The Contractor Shall Examine The **Site Condition** And Satisfy Himself Of The Availability Of Materials At Nearby Places, Difficulties Which May Arise During Execution Etc. Before Submitting The Tender For The Work എന്നും വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ

കരാറുകാർ ടെണ്ടർ സമർപ്പിക്കുന്നതും കരാർ വെക്കുന്നത് പോലും സൈറ്റ് പരിശോധിക്കാതെയാണ് എന്ന യാഥാർത്ഥ്യം വ്യക്തമാക്കുന്നു.

സൈറ്റ് പരിശോധിക്കാതെ ടെണ്ടർ സമർപ്പിക്കുകയും , കരാർ വെക്കുകയും ചെയ്ത കരാറുകാരന്റെ അപേക്ഷ PWD മാന്വലിലെ 2116.1. Termination - Default By Contractor പ്രകാരം പരിഗണാനാർഹമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.കരാറുകാരന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-41 കൈപ്പഞ്ചേരി ഡ്രയിനേജ് നിർമാണം - ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൈപ്പഞ്ചേരി ഡ്രയിനേജ് നിർമാണം എന്ന പ്രവൃത്തിയിൽ തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വർക്ക് നിർവ്വഹിച്ചത് വഴി നഗരസഭക്ക് 9554.25 രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് അധിക നിരക്ക് നൽകി

ഈ പ്രവൃത്തിയുടെ ഇനം 4 ആയി ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള നിരക്കിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്. ഡ്രൈനേജിന് വേണ്ടി മണ്ണെടുത്ത പ്രതലത്തിൽ അതേ നീളത്തിലും, വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്നതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ആയതിനാൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്ക് കുറവ് ചെയ്താണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്.11.4.1.1 മോർഡ് ഡാറ്റയിൽ Cost Of Material, Labour , Machinery എന്നിവയുടെ 4% തുകയാണ് സെന്ററിങ് & ഷട്ടറിങ് വർക്കിന് അധികമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തുക കുറവ് ചെയ്താണ് യഥാർത്ഥത്തിൽ കരാറുകാരന് തുക നൽകാവുന്നത്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| 78/23 കൈപഞ്ചേരി ഡ്രയിനേജ് നിർമാണം<br>വൗച്ചർ നമ്പർ - 108/16.07.2022/ തുക - 563242 , 200/09.02.2023/ തുക - 313809 ഫണ്ട് - FC Grant<br>TS : 97045/2020-21<br>Est Id : 2021/3588<br>കരാർ: AE/Lsgd/SBY/193 /2020-21 /31.03.2021<br>കോൺട്രാക്ടർ: സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>അളവ് പുസ്തകം -181/21-22<br>കോസ്റ്റ് ഇൻഡക്സ് - 32.04%, DSR 2016 | $33.99m^3$ | 238836.85<br>@7026.68/$m^3$ | 229282.6<br>@6745.59/$m^3$<br>സെന്ററിങ് & ഷട്ടറിങ് ഒഴിവാക്കി നൽകാവുന്ന നിരക്ക് | 9554.25 |
| **ആകെ** | | | | **9554.25** |

ഓഡിറ്റ് എൻക്വയറി 33/30.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-42 വട്ടിളി കുടിവെള്ള പദ്ധതി - പ്രവൃത്തി വൈകി പൂർത്തിയാക്കി - പിഴ ഈടാക്കിയില്ല

കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് പ്രോജക്ട്. എസ്റ്റിമേറ്റിൽ വിതരണ ലൈൻ സ്ഥാപിക്കുന്നതിനും , മോട്ടോർ സ്ഥാപിക്കുന്നതിനും, പതിനൊന്ന് ടാപ്പുകൾ ഫിറ്റ് ചെയ്യുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| പ്രോജക്ട് | 70/23 വട്ടിളി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | അളവ് ബുക്ക് | 407/21-22 |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 220000 |
| കരാറുകാരൻ | സുൽത്താൻ ബത്തേരി ലാബർ കോൺട്രാക്ട് സൊസൈറ്റി | ഫണ്ട് | എഫ്. സി. ഗ്രാന്റ് |
| ചെലവ് | 196756 | വൗച്ചർ | 203/15.02.2023 |
| കരാർ | AE/Lsgd/SBY/160/21/01.01.2021 | Estimate Id | 2020/106151 |
| TS | 86652/2020-21 | Cost Index | 32.04 , DSR 2016 |
| നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | പി.എ.സി | 195944 |

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. എസ്റ്റിമേറ്റ് ഇനം 4 ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ 7.5 HP സബ്മേർസിബിൾ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കുന്നതിനാണ്. Od 945169/2020-21 തയ്യാറാക്കി 65083.8 രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയത്. അളവ് ബുക്ക് പേജ് 13 ലെ രേഖപ്പെടുത്തൽ പ്രകാരം ഇത്രയും തുക കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി തുക ഉൾപ്പെടുന്ന ഇൻവോയ്സ് അടിസ്ഥാനമാക്കി മാർക്കറ്റ് റേറ്റ് പരിഗണിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയാണ് തയ്യാറാക്കുന്നത്. എന്നാൽ , ആകെ പ്രവൃത്തി മൂല്യത്തോട് 12% ജി.എസ്.ടി കൂട്ടി ബിൽ തയ്യാറാക്കിയത് കരാറുകരാന് അധിക തുക നൽകാൻ ഇടയാക്കിയതായി ശ്രദ്ധയിൽ പെടുത്തുന്നു. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് ജി.എസ്.ടി ഉൾപ്പെടുന്ന മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയുടെ തുക കുറവ് ചെയ്താണ് ബിൽ തയ്യാറാക്കേണ്ടിയിരുന്നത് . ഇപ്രകാരം 7810 രൂപ (65083x12/100) കരാറുകാരന് അധികം നൽകിയത് ശ്രദ്ധയിൽ പെടുത്തുന്നു.

2. പമ്പ് സെറ്റ് വാങ്ങിയ ഇൻവോയ്സ് ഫയലിൽ വെച്ചിട്ടില്ല. Od 945169/2020-21 ഡാറ്റയും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. അധിക തുക നൽകിയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ഡാറ്റ ലഭ്യമാക്കേണ്ടതാണ്.

3. കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി 31.03.2021 ആണ്. എന്നാൽ അളവ് ബുക്ക് പ്രകാരം അവസാന മെഷർമെന്റ് റെക്കോർഡ് ചെയ്തിട്ടുള്ളത് 31.12.2022നാണ്. രണ്ട് വർഷം കഴിഞ്ഞാണ് പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞത് എന്ന് വ്യക്തമാവുന്നു.സമയം അനുവദിച്ച് നൽകാൻ ലേബർ കോൺട്രാക്ട് സൊസൈറ്റി അപേക്ഷ നൽകുകയോ, മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ നൽകുകയോ , ഭരണ സമിതി സമയം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല എന്നും അർഹമായ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു. അർഹമായ പിഴ ഈടാക്കാതെ ബിൽ അനുവദിച്ച നടപടി അംഗീകരിക്കാനാവില്ല. ഈടാക്കേണ്ട പിഴയുടെ വിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| 01.04.2021-30.06.2021@1% Of PAC | 1959.44 |
| 01.07.2021-30.09.2021@2% Of PAC | 3918.88 |
| 01.10.2021-31.12.2021@2% Of PAC | 3918.88 |
| 01.01.2022-31.03.2022@2% Of PAC | 3918.88 |
| 01.04.2022-30.06.2022@2% Of PAC | 3918.88 |
| 01.07.2022-30.09.2022@2% Of PAC | 3918.88 |
| 01.10.2022-22.12.2022@2% Of PAC (83 Days) | 3614.07 |
| ആകെ | 25167.9 |

4. എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. അതിനാൽ തന്നെ കുടിവെള്ള പദ്ധതിയുടെ മറ്റ് ഘടകങ്ങളുടെ വിവരം ലഭ്യമല്ല. പദ്ധതിയുടെ സോഴ്സ്, കിണറിലെ ജല ലഭ്യത, പമ്പിങ്ങ് മെയിൻ, പമ്പ് ഹൗസ്, വൈദ്യുതീകരണം എന്നിവ പൂർത്തിയാക്കിയതാണോ എന്ന് വ്യക്തമല്ല. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രോജക്ട് ഫയലിന്റെ അനിവാര്യതയാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി 18/29.01.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തുന്നു. 32977.9 രൂപ ( 7810 + 25167.9) ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-43 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 96/23 പാളക്കര അംഗൻവാടിക്ക് ചുറ്റ്മതിൽ, ഇന്റർലോക്ക് ,മുൻവശം ഷീറ്റിടൽ എന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള നിരക്ക് നൽകേണ്ടതിന് പകരം ട്രസ് വർക്കിനുള്ള നിരക്ക് നൽകിയത് വഴി (18% GST ഉൾപ്പെടെ) നഗരസഭക്ക് 8304.9 **രൂപ**യുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന്റെ മുൻവശം ഷീറ്റിടൽ പ്രവൃത്തിക്ക് ഉപയോഗിച്ച GI പൈപ്പിന് പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 50.10.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കിന് നൽകുന്ന നിരക്കാണ്. പർലിൻ/റീപ്പർ ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഇത് 50.10.2 പ്രകാരമുള്ള ഡാറ്റയുടെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അളവ് ബുക്ക് പേജ് 19 ലെ രേഖപ്പെടുത്തലിൽ പ്രവൃത്തി സിംഗിൾ സെക്ഷൻ വർക്കാണ് എന്ന് വ്യക്തമാവുന്നു. ഉപയോഗിച്ച പൈപ്പുകളുടെ വിവരം താഴെ കൊടുക്കുന്നു.

| പൈപ്പിന്റെ ഇനം | എണ്ണം | നീളം | ആകെ |
|---|---|---|---|
| 50x50 Post | 4 | 2.95 Mtr | 36.344kg |
| 75x50 Rafter | 1 | 8.2 Mtr | 25.584 Kg |
| 75x50 Cross Rafter | 5 | 5.5 Mtr | 85.80 Kg |
| 50x50 Purlin | 8 | 8.88 | 190.387 Kg |

ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തു<br>DSR 50.10.1 | നൽകാവുന്ന തുക<br>DSR 50.10.2 | അധികം |
|---|---|---|---|---|
| 96/23 പാളക്കര അംഗൻവാടിക്ക് ചുറ്റ്മതിൽ, ഇന്റർലോക്ക് ,മുൻവശം ഷീറ്റിടൽ<br>വൗച്ചർ നമ്പർ – 170/20-11-2022<br>തുക :287229<br>ഫണ്ട് – തനത് ഫണ്ട്<br>സാങ്കേതികാനുമതി – 40585/2021-22<br>എസ്റ്റിമേറ്റ് : 2021/35984<br>കരാർ AE/Lsgd/SBY/191/2022-23 Dated 31.03.2022<br>അളവ് പുസ്തകം - 401/21-22<br>കരാറുകാരൻ– ശ്രീ. ഷൈബു. വി.വി (എസ്റ്റിമേറ്റ് നിരക്ക്)<br>കോസ്റ്റ് ഇൻഡക്സ് – 32.04%, DSR 2016 | 338.12Kg | 44712.99<br>@132.24/Kg<br>(MB Page 34) | 36408.08<br>@107.678/Kg | 8304.9 |

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-44 നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 155/23 നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും എന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള നിരക്ക് നൽകേണ്ടതിന് പകരം ട്രസ് വർക്കിനുള്ള നിരക്ക് നൽകിയത് വഴി നഗരസഭക്ക് 14123.61 **രൂപ**യുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ ഭാഗമായി നഗരസഭാ കെട്ടിടത്തിന്റെ മുൻവശം ഷീറ്റിടൽ പ്രവൃത്തിക്ക് ഉപയോഗിച്ച GI പൈപ്പിന് പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 50.10.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കിന് നൽകുന്ന നിരക്കാണ്. പർലിൻ/റീപ്പർ ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2

പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഇത് 50.10.2 പ്രകാരമുള്ള ഡാറ്റയുടെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അളവ് ബുക്ക് പേജ് 10ലെ രേഖപ്പെടുത്തലിൽ പ്രവൃത്തി സിംഗിൾ സെക്ഷൻ വർക്കാണ് എന്ന് വ്യക്തമാവുന്നു. നേരിട്ടുള്ള പരിശോധനയിലും പ്രവൃത്തി സിംഗിൾ സെക്ഷൻ വർക്കാണ് എന്ന് വ്യക്തമാവുന്നു. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തു DSR 50.10.1 | നൽകാവുന്ന തുക DSR 50.10.2 | അധികം |
|---|---|---|---|---|
| 55/23 നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും<br>വൗച്ചർ നമ്പർ – 316/31-03-2023<br>ചെലവ് തുക : 876798<br>ഫണ്ട് – തനത് ഫണ്ട്<br>സാങ്കേതികാനുമതി – 63205/2021-22<br>എസ്റ്റിമേറ്റ് : 2021/44414<br>കരാർ AE/Lsgd/SBY/209/2022-23 Dated 30.03.2022<br>അളവ് പുസ്തകം - 412/21-22<br>കരാറുകാരൻ- ശ്രീ. ഉണ്ണികൃഷ്ണൻ. കെ.പി (ഐറ്റം നിരക്ക്)<br>Agreed PAC : 828038.71<br>കോസ്റ്റ് ഇൻഡക്സ് – 36.44%, DSR 2018 | 393.58Kg | 71415.09<br>@181.45/Kg<br>(MB Page 36)<br>(Estimate Rate 191.08/kg)<br>(Item Below @ 5.04%) | 57291.47<br>@145.565/Kg<br>(Basic Rate 153.29/kg)<br>(Item Below @ 5.04%) | 14123.61 |

2. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഭരണ സമിതി അനുമതിയും നൽകിയിട്ടുണ്ട്. അധികമായി ഉൾപ്പെടുത്തിയ ഇനങ്ങളിൽ ക്രമ നമ്പർ നാല് ഷീറ്റ് വർക്കിന് മുകളിൽ നിന്ന് റോപ്പ് ഉപയോഗിച്ച് സപ്പോർട്ട് നൽകുന്നതിനാണ്. ഇതിനായി മീറ്ററിന് 2189.49 നിരക്കിൽ ആകെ 105095.52 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. സപ്പോർട്ടിങ്ങ് ഡോക്കുമെന്റ് ആയി ശ്രീ. അഞ്ചലി ഇൻഡസ്ട്രീസ് , മണിച്ചിറ എന്ന സ്ഥാപനത്തിന്റെ 105100 രൂപ രേഖപ്പെടുത്തിയ ബിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ ഈ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും 105095.52 രൂപയിൽ ലിമിറ്റ് ചെയ്ത് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ജി.എസ്.ടി ഉൾപ്പെടുന്ന തുകയാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 26/29.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-45 കൈപഞ്ചേരി സ്കൂളിന് മേൽക്കൂര മാറ്റൽ – പർലിന് ഉയർന്ന നിരക്ക് നൽകി.

147/23 കൈപഞ്ചേരി സ്കൂൾ മേൽക്കൂര മാറ്റൽ എന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽ പർലിൻ വർക്കിന് ഉയർന്ന നിരക്ക് നൽകിയതിനാൽ അധികച്ചെലവുണ്ടായി എന്ന് വ്യക്തമാവുന്നു.

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തികളുള്ള (Builtup ) നിരക്ക് ( 50.10.1) ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

എസ്റ്റിമേറ്റിൽ നിലവിലുള്ള ആസ്ബറ്റോസ് ഷീറ്റ് മേൽക്കൂര പൊളിച്ച് മാറ്റി , ട്രാഫോർഡ് ഷീറ്റ് മേയുന്നതിനാണ് പ്രൊവിഷൻ നൽകിയിട്ടുള്ളത്. ഇതിനായി നിലവിലുള്ള വാൾപ്ലേറ്റ്, റാഫ്റ്റർ എന്നിവയിൽ പർലിൻ സ്ഥാപിച്ച് ഷീറ്റ് മേയുന്നതായിട്ടാണ് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നത്. സാധാരണയായി ഇത്തരം വർക്കുകളിൽ 50.10.1 , 50.10. 2 എന്നീ രണ്ട് കോഡുകൾ പ്രകാരമുള്ള ഇനങ്ങൾ ഉൾപെടുത്തുകയും പർലിന് സിംഗിൾ സെക്ഷന്റെ നിരക്കും വാൾ പ്ലേറ്റ് , റാഫ്റ്റർ എന്നിവക്ക് ട്രസ്സ് വർക്കിന്റെ നിരക്കുമാണ് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകാറുള്ളത്. മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായ പർലിന് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തിക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് മാത്രമെ നൽകാനാവൂ. പ്രവൃത്തിയുടെ അളവ് ബുക്ക് (179/21-22,

പേജ് 03 ) പരിശോധിച്ചതിൽ പർലിൻ വർക്കിനായി ആകെ 299.4 Kg പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് (പേജ് 11, 20) എന്ന് വ്യക്തമായി . എന്നാൽ, ഈ പ്രവൃത്തിക്ക് ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് / ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ വന്ന അധികച്ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു.

| | പ്രവൃത്തി | അളവ് | നൽകിയ തുക 50.10.1 | നൽകാവുന്ന തുക 50.10.2 | അധികം |
|---|---|---|---|---|---|
| 1 | 147/23 കൈപഞ്ചേരി സ്കൂൾ മേൽക്കൂര മാറ്റൽ<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ (ME)<br>വൗച്ചർ 83/07.06.2022 തുക 508298,<br>അളവ് പുസ്തകം 179/2021-22<br>കരാറുകാരൻ: ശ്രീ. കെ.കെ സൈതലവി<br>നിരക്ക് @ ഐറ്റം നിരക്ക്<br>Agreed PAC : 717214.19<br>കോസ്റ്റ് ഇൻഡക്സ് 32.04% DSR 2016<br>Est 2021/73900 - TS 43633/2021-22<br>കരാർ -AE/Lsgd/SBY/127(A) /2021- 22 Dated 19.01.2022 | 299.4 Kg | 43451.92<br>@145.13/Kg<br>(എസ്റ്റിമേറ്റ് നിരക്ക് @132.24/kg)<br>(നിരക്ക് @ 9.747 % അധികം) | 35380.996<br>@118.173/Kg<br>(അടിസ്ഥാന നിരക്ക് @107.678/kg)<br>(നിരക്ക് @ 9.747 % അധികം) | 8070.92 |

ഓഡിറ്റ് എൻക്വയറി 31/30.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-46 പ്രവൃത്തി വൈകി പൂർത്തിയാക്കി - അർഹമായ പിഴ കുറവ് ചെയ്തില്ല.**

പ്രവർത്തിയുടെ പേര്: ദുരന്ത നീവാരണ പദ്ധതി GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

**(B)** കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ കൂടുതലാകാവുന്നതല്ല.

**(C)** വിശദീകരണമായി പുറപ്പെടുവിച്ച, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ രേഖപ്പെടുത്തിയ പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കള്ളിൽ പൂർത്തീകരിച്ചിട്ടില്ല. അർഹമായ പിഴ ഈടാക്കാതെയാണ് ബിൽ അനുവദിച്ചത് എന്നും വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|
| So 96/23 പ്ലാക്കര അംഗൻവാടിക്ക് ചുറ്റമതിൽ നിർമ്മാണം.<br>കരാറുകാരൻ - ഷൈജു വി. വി<br>അടങ്കൽ : 300000 (തനത് ഫണ്ട്<br>നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ<br>ചെലവ് : ₹ 276969രൂപ<br>ചെക്ക് നം 2186562/29.11.2022<br>എസ്റ്റിമേറ്റ് നമ്പർ : 2021/35984<br>നിരക്ക് : ..എസ്റ്റിമേറ്റ് നിരക്ക്<br>കരാർ വെച്ച തിയ്യതി - AE/LSGD/SBY/191 /2022-23/31.3. 2022<br>PAC – 267668.46<br>M Book – 401/21-22<br>പൂർത്തീകരണ കാലാവധി :3മാസം<br>പൂർത്തീകരിക്കേണ്ട തിയ്യതി : 31.6.2022<br>പൂർത്തീകരിച്ച തിയ്യതി : 13.10. 2022 | 01.07.2022മുതൽ 30.9.2022വരെ @ 1% Of PAC = 2677 രൂപ<br>1.10.2022 മുതൽ 13.10.2022 വരെ @2% Of PAC (13 Days)= 773 രൂപ<br>ആകെ : 3450 രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/20.1.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പിഴ തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-47 കുപ്പാടി സ്കൂളിൽ ടോയ്ലറ്റ് കോംപ്ലക്സ് - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.**

പ്രവർത്തിയുടെ പേര്: ദുരന്തനിവാരണ പദ്ധതിയുടെ ഭാഗമായി കുപ്പാടി സ്കൂളിൽ ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മാണം.

പ്രോജക്ട് നം : 108/23

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ.

അടങ്കൽ :20,00,000(തനത് ഫണ്ട്.)

പി.എ.സി :1453042രൂപ.

കരാറുകാരന്റെ പേര് :ശ്രീ.കബീർ കുട്ടി

കരാർ ഉടമ്പടി :AE/LSGD/SBY/84/2021-22തി.14.12.2021.

അളവ് പുസ്തകം :533/20-21

ചെലവ് തുക :15,09,062രൂപ (ചെക്ക് നം.2202578/5.4.2023)

കരാർ ഉടമ്പടി പ്രകാരം ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടത് 31.3.2022 തിയ്യതിക്ക് മുമ്പായിട്ടാണ്.എന്നാൽ അളവ് പുസ്തകം പ്രകാരം പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത് 20.12.2022 തിയ്യതിയിലാണ്. ഈ പ്രവർത്തിയിൽനിന്നും താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതുണ്ട്.

| | |
|---|---|
| 01.04.2022 – 30.6.2022 @ 1% Of PAC | 14530.42 |

| | |
|---|---|
| 01.07.2022 - 30.09.2022 @2% Of PAC | 29060.84 |
| 01.10.2022 - 20.12.2022 @ 2% Of PAC (81 Days) | 26154.76 |
| ആകെ | ₹ 69746 |

പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷനവേണ്ടി 80,000രൂപ മാറ്റി വെച്ചിട്ടുണ്ട്.എന്നാൽ ഈ പ്രവർത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ പ്രവർത്തി നടത്തിയതായോ കാണുന്നില്ല.ആയതിനാൽ തന്നെ ടോയ്ലറ്റ് കോംപ്ലക്സ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/29.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കേണ്ടതും കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് അറിയിക്കേണ്ടതുമാണ്.

**1-48 ടെൻഡർ വിളിക്കാതെ പ്രവർത്തി നിർവഹിച്ചു - 278454 രൂപ തടസ്സത്തിൽ വെക്കുന്നു.**

പ്രോജക്ട് നം40/23 ബീനാച്ചി സ്കൂൾ മുറ്റം ഇന്റർലോക്ക് പാകൽ

അടങ്കൽ :300000തനത് ഫണ്ട്.

കരാറുകാരന്റെ പേര് : ശ്രീ.നിഷാദ് കെ. കെ.

കരാർ ഉടമ്പടി :AE/LSGD/SBY/13/2021-22തി.28.6.2021.

അളവ് പുസ്തകം :417/21-22.

ചെലവ് തുക:278454രൂപ (ചെക്ക് നം2186594/6.10.2022)

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)പ്രവർത്തിക്കായി ടെൻഡർ ക്ഷണിച്ചിട്ടില്ല.

ഈ പ്രവർത്തിക്കായി 2012ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2001ൽ നിഷ്കർഷിച്ചിട്ടുള്ള വിധം ടെൻഡർ ക്ഷണിച്ചിരിക്കുന്നതായി കാണുന്നില്ല.പകരം ശ്രീ.നിഷാദ് കെ കെ എന്നയാൾ എസ്റ്റിമേറ്റ് നിരക്കിൽ പ്രവർത്തി നടപ്പിലാക്കാം എന്ന കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.നിഷാദുമായി കരാർ ഉടമ്പടി ചമച്ച് പ്രവർത്തി നൽകുകയാണ് ചെയ്തിരിക്കുന്നത്.ഇപ്രകാരം പ്രവർത്തി നൽകുന്നതിനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

2)രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ശ്രീ.നിഷാദ് കെ കെ രജിസ്റ്റേഡ് കരാറുകാരനാണെങ്കിൽ ആയത് തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.(ഈ പ്രവർത്തിയിൽ ജി.എസ്.ടി ഇനത്തിൽ കരാറുകാരന് നൽകിയിരിക്കുന്ന 29834രൂപ കരാറുകാരൻ അടവാക്കിയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.)

3)അധിക പ്രവർത്തി സമയം നൽകിയതിനാൽ പ്രവർത്തി സ്പിൽ ഓവറായി.

ഈ പ്രവർത്തി കരാറുകാരൻ പൂർത്തീകരിച്ചിരിക്കുന്നത് അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 2.3.2022 മുതൽ 30.3.2022വരെയുള്ള 29ദിവസങ്ങൾ കൊണ്ടാണ്.എന്നാൽ 18.6.2021ൽ പ്രവർത്തി സ്ഥലം കൈമാറിയ ഈ പ്രവർത്തിയുടെ പൂർത്തീകരണ സമയം കരാർ ഉടമ്പടി പ്രകാരം അനുവദിച്ചിരിക്കുന്നത് (31.3.2022) 9 മാസത്തിലധികമാണ്.ഇപ്രകാരം യുക്തിരഹിതമായ ഉയർന്ന നിരക്കിലുള്ള പൂർത്തീകരണ സമയം നൽകിയിരിക്കുന്നതിനാൽ പ്രവർത്തി 2022-23വർഷത്തേക്ക് സ്പിൽ ഓവറാകുന്നതിന് കാരണമായി.

4)കരാർ ഉടമ്പടിക്ക് മുന്നേ പ്രവർത്തി സ്ഥലം കൈമാറി.

കരാർ ഉടമ്പടി ചമച്ചിരിക്കുന്നത് 28.6.2021 ലായിരിക്കെ 18.6.2021ൽ പ്രവർത്തി സ്ഥലം കൈമാറിയതായി കാണുന്നു.

മുകളിൽ കാണിച്ചിരിക്കുന്ന അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം4/20.1.2024) മറുപടി ലഭ്യമാക്കിയില്ല.മറുപടിയുടെ അഭാവത്തിൽ 278454 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-49 സ്പിൽ ഓവറായി തുടരുന്ന പ്രോജക്ടുകളുടെ നിലവിലെ വിവരങ്ങൾ ലഭ്യമല്ല.

മുൻവർഷങ്ങളിൽ സ്പിൽ ഓവറായി 2022-23 വർഷത്തിൽ ഉൾപ്പെട്ട താഴെ പറയുന്ന പ്രോജക്ടുകൾ ഓഡിറ്റ് വർഷത്തിലും നടന്നതായി സുലേഖ പത്രിക പ്രകാരം കാണുന്നില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം) | അടങ്കൽ തുക |
|---|---|---|
| 1 | നഗരസഭ ഓഫീസ് നവീകരണം(30/23) | 10,00,000 |
| 2 | മുള്ളൻവയൽ റോഡ് നവീകരണം(26/23) | 87610 |
| 3 | സെന്റ് ജോർജ്ജ് പള്ളി മണലിപ്പിള്ളി വീടിനു സമീപം കുഴൽ കിണർ കുടിവെള്ള പദ്ധതി(31/23) | 63315 |
| 4 | കോട്ടക്കുന്ന് മാർക്കറ്റിന് മുകളിൽ ഹാൾ നവീകരണം(32/23) | 23825 |
| 5 | ചൂരമല കൽവെർട്ടിന് സമീപം പാർശ്വ ഭിത്തി നിർമ്മാണം.(36/23) | 298000 |
| 6 | മുനിസിപ്പൽ ഓഫീസ് കോംപൗണ്ടിലെ കുഴൽ കിണർ നവീകരണം.(42/23) | 32450 |
| 7 | മൂന്ന് സെന്റ് കോളനി കിണറിന് സമീപം സൈഡ് സംരക്ഷണം((60/23) | 100000 |
| 8 | വേങ്ങൂർവയൽ നിർമ്മല നീലകണ്ഠന്റെ വീടിനു സമീപം കുഴൽ കിണർ (62/23) | 100000 |
| 9 | ചെതലയം സൈമ ലൈബ്രറി നവീകരണം( 67/23) | 300000 |
| 10 | കിടങ്ങിൽ അംഗൻവാടിക്ക് സമീപം കുടിവെള്ള പദ്ധതി((77/23) | 200000 |
| 11 | കരോട്ടക്കുന്നേൽ കുമാരൻ റോഡ് നവീകരണം(83/23) | 730000 |

ഈ പ്രൊജക്ടുകൾ തുടങ്ങിയ വർഷവും ഇവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.35/30.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഇവ നിലവിൽ ഒഴിവാക്കപ്പെട്ട പ്രൊജക്ടുകളാണെങ്കിൽ പദ്ധതിയിൽനിന്നും ഒഴിവാക്കേണ്ടതും ,തുടരുന്ന പ്രവർത്തികളാണെങ്കിൽ ഇവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കേണ്ടതാണ്.

ഇതിൽ ക്രമ നമ്പർ 3 ലെ പ്രവൃത്തിക്കായി 2021-22 വർഷം 84750 രൂപയും ക്രമ നമ്പർ 6 ലെ പ്രവൃത്തിക്ക് 167550 രൂപയും , ക്രമ നമ്പർ 8 ലെ പ്രവൃത്തിക്ക് 136160 രൂപയും നൽകിയതായി മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. ഇതേ പദ്ധതികൾക്കായി 2022-23 വർഷവും പ്രോജക്ടുകൾ വെക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-50 ലൈഫ് ഭവന പദ്ധതിയിലെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഗഡു ധനസഹായമായ 40000 രൂപ കൈപ്പറ്റിയതിന് ശേഷം ഭവന പദ്ധതി തുടങ്ങിയതായോ,തുടർ ഗഡുക്കൾ കൈപ്പറ്റിയതായോ ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽനിന്നും മനസ്സിലാവുന്നില്ല.

| ക്രമ നം. | പേര് | ഡിവിഷൻ | വിഭാഗം | തുക കൈപ്പറ്റിയ തിയ്യതി |
|---|---|---|---|---|
| 1 | യശോദ | 2 | എസ്.ടി | 16.5.2023 |
| 2 | നൂൻജി | 2 | എസ്.ടി | 6.2.2023 |
| 3 | ശാന്തി | 2 | എസ്.ടി | 27.2.2023 |
| 4 | രാധ | 2 | എസ്.ടി | 6.2.2023 |
| 5 | മഞ്ജു | 2 | എസ്.ടി | 9.2.2023 |
| 6 | ചിക്കി | 2 | എസ്.ടി | 6.2.2023 |
| 7 | പ്രേമ | 3 | എസ്.ടി | 16.5.2023 |
| 8 | വില്യംസ് | 3 | എസ്.ടി | 16.5.2023 |

| | | | | |
|---|---|---|---|---|
| 9 | അനൂപ് | 7 | എസ്.സി | 16.5.2023 |
| 10 | ലക്ഷ്മി | 7 | എസ്.സി | 16.5.2023 |
| 11 | സജ്ന | 12 | ജനറൽ | 16.5.2023 |
| 12 | പാർത്ഥൻ | 12 | എസ്.സി | 16.5.2023 |
| 13 | വെള്ളച്ചി | 13 | എസ്.ടി | 6.2.2023 |
| 14 | നിനി വർഗീസ് | 14 | ജനറൽ | 16.5.2023 |
| 15 | ഇന്ദിര | 20 | ജനറൽ | 16.5.2023 |
| 16 | വെള്ളച്ചി | 13 | എസ്.ടി | 6.2.2023 |
| 17 | മല്ലിക | 24 | എസ്.ടി | 6.2.2023 |
| 18 | എലുമ്പൻ | 24 | എസ്.ടി | 16.5.2023 |
| 19 | മൂഖി | 24 | എസ്.ടി | 16..5.2023 |
| 20 | ഒനത്തി | 24 | എസ്.ടി | 16..5.2023 |
| 21 | മാഞ്ചു | 27 | എസ്.ടി | 16..5.2023 |
| 22 | ജെറീഷ് | 28 | ജനറൽ | 16..5.2023 |
| 23 | സരോജിനി | 28 | എസ്.സി | 16..5.2023 |
| 24 | സെക്കീന | 31 | ജനറൽ | 16.5.2023 |
| 25 | സരോജനി | 31 | എസ്.സി | 4.8.2023 |
| 26 | സവിത | 33 | എസ്.സി | 16.5.2023 |
| 27 | ഷെരീഫ ജാസ്മിൻ | 34 | ജനറൽ | 16.5.2023 |
| 28 | രാജൻ | 34 | എസ്.സി | 16.5.2023 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/31.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

## 1-51 എസ്.ടി ഭവന റിപ്പയർ പൂർത്തിയായില്ല.

സെക്രട്ടറി നിർവഹണം നടത്തിയ 186/23 സ്പിൽ ഓവർ പ്രോജക്ട് നഗരസഭയിലെ എസ്.ടി വിഭാഗങ്ങളുടെ ഭവന റിപ്പയർ നടത്തുന്നതിനുള്ള ധനസഹായം നൽകുന്നതിനാണ്. 2020-21 വർഷം ആരംഭിച്ച 154/21 പ്രോജക്ടാണ് സ്പിൽ ഓവറായി തുടരുന്നത്. ടി.എസ്. പി ഫണ്ട് 429401 രൂപ തൻവർഷം വകയിരുത്തിയ പ്രോജക്ടിൽ 130184 രൂപ ചെലവുണ്ട്. ഒരു ഗുണഭോക്താവിന് അനുവദിക്കുന്ന പരമാവധി ധനസഹായ തുക 50000രൂപയാണ് .രണ്ട് തവണകളായിട്ടാണ് തുക അനുവദിക്കുന്നത്. 25000 രൂപ ആദ്യം മുൻകൂറായി നൽകുകയും തുടർന്ന് മൂല്യനിർണയം അടിസ്ഥാനമാക്കി ബാലൻസ് തുകയും നൽകുന്ന വിധത്തിലാണ് പ്രോജക്ടിന്റെ ധനകാര്യ വിശകലനം. പ്രോജക്ട് ഫയൽ, ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകൾ എന്നിവ പരിശോധിച്ചു. മുൻകൂർ തുക വാങ്ങിയ പത്ത് ഗുണഭോക്താക്കൾ നാളിത് വരെ റിപ്പയർ പൂർത്തിയാക്കിയിട്ടില്ല. ഇതിൽ എട്ട് ഗുണഭോക്താക്കൾ 2020-21 വർഷവും അവശേഷിച്ച രണ്ട് ഗുണഭോക്താക്കൾ 2021-22 സാമ്പത്തിക വർഷവും മുൻകൂർ തുക കൈപറ്റിയവരാണ് എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു. ഈ ഗുണഭോക്താക്കളുടെ ഭവന റിപ്പയർ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശകലനം നടത്തേണ്ടതും പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ഗുണഭോക്താവ് | ഡിവിഷൻ | നൽകിയ മുൻകൂർ തുക | തിയ്യതി |
|---|---|---|---|---|
| 1 | രാധാകൃഷ്ണൻ | 2 | 25000 | 24.11.2021 |
| 2 | ശങ്കരൻ | 11 | 25000 | 25.03.2021 |
| 3 | മാളു | 13 | 25000 | 25.03.2021 |
| 4 | ചിക്കി വേലായുധൻ | 15 | 25000 | 28.03.2021 |
| 5 | വെള്ളച്ചി | 18 | 25000 | 28.03.2021 |
| 6 | ശാന്ത | 21 | 25000 | 28.03.2021 |
| 7 | നാരായണൻ | 27 | 25000 | 28.03.2021 |

| | | | | |
|---|---|---|---|---|
| 8 | പാർവതി | 29 | 25000 | 27.03.2021 |
| 9 | ദേവി | 29 | 25000 | 28.08.2021 |
| 10 | ജാനു | 29 | 25000 | 28.03.2021 |

**1-52 സർവ്വജന സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം-അധികം നൽകിയ 14,090.93രൂപ നിരാകരിക്കുന്നു.**

പ്രവർത്തിയുടെ പേര് :സർവ്വജന സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം.

പ്രോജക്ട് നം :110/23

ഭരണാനുമതി :32/19.11.2022

അടങ്കൽ :1734050രൂപ.(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

സാങ്കേതികാനുമതി :TS No :50809/2021-22

കരാറുകാരൻ:സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി.

കരാറുടമ്പടി നം:AE/LSGD/26/2021-22 തി.22.11.2021.

അളവ് പുസ്തകം; :536/202-21, 04/21-22

ചെലവ് തുക:1662106രൂപ.

6,04,136 രൂപ (ചെക്ക് നം 03707/2.6.2022)

10,57,970 രൂപ (2202383/11.4.2023)

മേൽ പ്രവർത്തി സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.

1)എസ്റ്റിമേറ്റിലെ പ്രവർത്തിയിനം5ൽ (Code No.60.7.1 Dry Rubble Masonry) അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകളിൽ തെറ്റ് വന്നതിനെ തുടർന്ന് അധികം തുക നല്കിയതായി കാണുന്നു.

അളവ് പുസ്തകം 536പേജ് നം 16 ൽ ഈ ഇനത്തിൽ ആകെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 10.79(10.8) ക്യൂബിക്ക് മീറ്ററാണ്.

| എണ്ണം | നീളം | വീതി | ഉയരം | ആകെ | യഥാർത്ഥ അളവ് |
|---|---|---|---|---|---|
| 2 | 7.5 | 0.45 | 0.45 | 6.75 | 3.375 |
| 2 | 1.75 | 0.45 | 0.45 | 1.58 | 0.71 |
| 2 | 1.55 | 0.45 | 0.45 | 1.4 | 0.62 |
| 1 | 1.98 | 0.30 | 0.30 | 0 .59 | 0.18 |
| 1 | 1.6 | 0.30 | 0.30 | 0.48 | 0.14 |
| ആകെ | | | | 10.8 | 5.025 |

നൽകിയിരിക്കുന്ന തുക :10.59 @2534.24/m3 =26837.6രൂപ

(ബില്ലിൽ നൽകിയിരിക്കുന്ന തുക26824.93ആണ്)

നൽകേണ്ടിയിരുന്ന തുക :5.025@2534.24 = 12,734രൂപ.

അധികം നൽകിയിരിക്കുന്ന തുക : 26,824.93-12,734= 14,090.93രൂപ

2)ഈ പ്രവർത്തിയുടെ ബിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് ക്രമ നം.43മുതൽ 59വരെയുള്ള പ്രവർത്തികൾ,കൂടാതെ ക്രമ നം 61എന്നിവ നടപ്പിലാക്കിയതായി കാണുന്നില്ല. ടോയ്‌ലറ്റിന്റെ പ്ളംബിംഗ് പ്രവർത്തികളാണ് ഇവ. പ്രവൃത്തി പൂർത്തീകരിച്ച് ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/30.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടിയുടെ അഭാവത്തിൽ അധികം നൽകിയ തുകയായ 14,090.93രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ

ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

### 1-53 സ്ഥിര നിക്ഷേപത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല

നഗരസഭയുടെ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 അനുസരിച്ച് തൻവർഷത്തെ ബാക്കി നിൽക്കുന്ന സ്ഥിര നിക്ഷേപം ₹620425/- ആണ്. തൻവർഷത്തെ സ്ഥിര നിക്ഷേപത്തിന്റെ മുന്നിരിപ്പും ഈ തുക തന്നെയായിരുന്നു. എന്നാൽ പലിശ ഇനത്തിൽ വരുമാനം ലഭിച്ചതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഭൗതിക പരിശോധനക്കായി ഹാജരാക്കിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ₹765682/- ആണ്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| സ്ഥിര നിക്ഷേപ അക്കൗണ്ട് നമ്പർ | 40236201300083 |
| നിക്ഷേപ തീയതി | 31.07.2013 |
| ഡ്യൂ ആവുന്ന തീയതി | 08.08.2023 |
| പലിശയുടെ ശതമാനം (വാർഷികം) | 5.50% |
| നിക്ഷേപ തുക | ₹765682/- |
| പലിശ | ₹42989/- |
| ഡ്യൂ ആവുന്ന തീയതിൽ ലഭിക്കുന്ന തുക | ₹808671/- |

മേൽ പറഞ്ഞതനുസരിച്ച് ₹765682/- ക്ക് പത്തു വർഷം കൊണ്ട് ലഭിക്കുന്ന ആകെ പലിശ ₹42989/- മാത്രമാണ്. സർട്ടിഫിക്കറ്റിൽ പ്രതിവർഷ പലിശ നിരക്കാണ് പറഞ്ഞിട്ടുള്ളത് (സഞ്ചിത ഫലത്തിൽ). ആയതനുസരിച്ച് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പലിശ തുകയുടെ പതിമടങ്ങിൽ അധികം വരേണ്ടതാണ് പത്തുവർഷത്തേക്ക് ആകെ പലിശ. മേൽ പറഞ്ഞ ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 09/2024 തീയതി 24-01-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-54 വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക ഫണ്ടുകളുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

നഗരസഭയുടെ 2022-23 വർഷത്തെ ബാലൻസ് ഷീറ്റിൽ ബി-2 ഷെഡ്യൂളിൽ താഴെ പറയുന്ന പ്രത്യേക ഫണ്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഫണ്ട് ഇനം | തുക |
|---|---|---|
| 1 | 311100100 – Poverty Alleviation Fund | 18,847 |
| 2 | 311110100 - Chairman's Distress Relief Fund Sinking Fund | 52,571 |
| 3 | 311700100 – Pension Fund For Contigent Staff | 6,04,618 |

2007 – ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 13 അനുസരിച്ച് ആവശ്യമെങ്കിൽ മുനിസിപ്പാലിറ്റി ഫണ്ടിനുള്ളിൽ പ്രത്യേക ഫണ്ടുകൾ സൂക്ഷിക്കാവുന്നതാണ്. ഓരോ ഫണ്ടിനും പ്രത്യേകം ധനകാര്യ പത്രികകളും അക്കൗണ്ട് ബുക്കുകളും വൗച്ചറുകളും തയ്യാറാക്കണം. ഓരോ ഫണ്ടിനും പ്രത്യേകം ട്രഷറി/ബാങ്ക് അക്കൗണ്ടുകളും സൂക്ഷിക്കേണ്ടതാണ്.

മേൽ പറഞ്ഞതിൽ Poverty Alleviation Fund – ന് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മറ്റു രണ്ടു ഫണ്ടുകൾക്കും പ്രത്യേകം ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചതായി കാണുന്നില്ല.

പ്രസ്തുത ഫണ്ടുകളുടെ അക്കൗണ്ട് ബുക്കുകളും വൗച്ചറുകളും ട്രഷറി/ബാങ്ക് അക്കൗണ്ടുകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 10/2024 തീയതി 24-01-2024 മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ഫണ്ടുകൾക്ക് പ്രത്യേകം ധനകാര്യ പത്രികകളും അക്കൗണ്ട് ബുക്കുകളും വൗച്ചറുകളും തയ്യാറാക്കി സൂക്ഷിക്കാത്തതിനും പ്രത്യേകം ട്രഷറി/ബാങ്ക് അക്കൗണ്ടുകളും സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - തെറ്റായ രീതിയിൽ പിഴ കണക്കാക്കുന്നു.

നഗരസഭയുടെ ,ഷോപ്പിങ്ങ് കോംപ്ലക്സ് വാടക വൈകി അടവാക്കുന്ന വാടകക്കാരിൽ നിന്ന് തെറ്റായ രീതിയിലാണ്

പിഴ ഈടാക്കുന്നത്. വാടക ഒരു മാസം വൈകി അടവാക്കുന്നവരിൽ നിന്നും 11 മാസം വൈകി അടവാക്കുന്നവരിൽ നിന്നും ഒരേ നിരക്കിലാണ് പിഴ ഈടാക്കിയതായി കാണുന്നത്. എല്ലാ വാടകക്കാരിൽ നിന്നും രണ്ട് ശതമാനം ഫിക്സഡ് നിരക്കിൽ ഈടാക്കുന്നത് വിവേചനപരവും നഗരസഭ ഫണ്ടിന് വ്യക്തമായ നഷ്ടം വരുത്തുന്നതുമാണ്. വൈകി അടവാക്കുന്ന വാടകയുടെ പിഴ കണക്കാക്കുമ്പോൾ വൈകിയ ആകെ മാസത്തിന്റെ എണ്ണം കണ്ടെത്തുന്നതിന് (N)x(N+1)/2 എന്ന പൊതു സമവാക്യം ഉപയോഗിച്ചാണ് തുക കണ്ടെത്തേണ്ടത് . നഗരസഭ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

<table>
<tr><th>റൂമിന്റെ വിവരങ്ങൾ</th><th>ഈടാക്കേണ്ട പിഴ</th><th>കുറവ്</th></tr>
<tr><td>പഴയ ബസ് സ്റ്റാന്റ് Room 79<br>വാടകക്കാരൻ : MK മുഹമ്മദ് ഫസൽ<br>വാടക 4127/month + (GST 18%)<br>അടവാക്കിയത് 21.03.2023<br>തുക 49524 (04/22 - 03/23)<br>GST 8904<br>പിഴ 990<br>ആകെ 59418</td><td><table>
<tr><th>Month</th><th>Delay In Months</th><th>2%</th><th>Total</th></tr>
<tr><td>4/22</td><td>11</td><td>82.54</td><td>907.94</td></tr>
<tr><td>5/22</td><td>10</td><td>82.54</td><td>825.54</td></tr>
<tr><td>6/22</td><td>09</td><td>82.54</td><td>742.86</td></tr>
<tr><td>07/22</td><td>08</td><td>82.54</td><td>660.32</td></tr>
<tr><td>08/22</td><td>07</td><td>82.54</td><td>577.78</td></tr>
<tr><td>09/22</td><td>06</td><td>82.54</td><td>495.24</td></tr>
<tr><td>10/22</td><td>05</td><td>82.54</td><td>412.7</td></tr>
<tr><td>11/22</td><td>04</td><td>82.54</td><td>330.16</td></tr>
<tr><td>12/22</td><td>03</td><td>82.54</td><td>247.62</td></tr>
<tr><td>01/23</td><td>02</td><td>82.54</td><td>165.08</td></tr>
<tr><td>02/23</td><td>01</td><td>82.54</td><td>82.54</td></tr>
<tr><td>ആകെ</td><td>66</td><td></td><td>5447.6</td></tr>
</table>(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>11 X 12/2 = 66<br>66x82.54 = 5447.6</td><td>4457.6<br>(5447.6-990)</td></tr>
<tr><td>പഴയ ബസ് സ്റ്റാന്റ് Room 91<br>വാടകക്കാരൻ : KC സൈമൺ<br>വാടക 3795/month + (GST 18%)<br>അടവാക്കിയത് 02.02.2023<br>തുക 45540 (04/22 - 03/23)<br>GST 8208<br>പിഴ 751<br>ആകെ 54499</td><td>(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 09 മാസം വൈകി അടവാക്കി)<br>09x10/2 = 45<br>45x75.9 = 3415.5</td><td>2664.5<br>(3415.5-751)</td></tr>
<tr><td>കോട്ടക്കുന്ന് ഷോപ്പിങ്ങ് കോംപ്ലക്സ് Room 166<br>വാടകക്കാരൻ : നസീർ<br>വാടക 5658/month + (GST 18%)<br>അടവാക്കിയത് 18.10.2022<br>തുക 33948 (04/22 - 09/22)<br>GST 6108<br>പിഴ 674<br>ആകെ 40735</td><td>(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 06 മാസം വൈകി അടവാക്കി)<br>06x07/2 = 21<br>21x113.16 = 2376</td><td>1702<br>(2376-674)</td></tr>
<tr><td>മാനിക്കനി മാർക്കറ്റ് Room 17<br>വാടകക്കാരൻ : അബൂബക്കർ</td><td>(N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 11 മാസം വൈകി</td><td>1516<br>(1853-337)</td></tr>
</table>

| | | |
|---|---|---|
| വാടക 1404/month + (GST 18%)<br>അടവാക്കിയത് 20.03.2023<br>തുക 16648 (04/22 - 03/23)<br>GST 3024<br>പിഴ 337<br>ആകെ 20209 | അടവാക്കി)<br>11x12/2 = 66<br>66 X 28.08 = 1853 | |
| മാനിക്കുനി മാർക്കറ്റ് Room 101<br>വാടകക്കാരൻ : PM വേണുനാഥൻ<br>വാടക 1251/month + (GST 18%)<br>അടവാക്കിയത് 31.03.2023<br>തുക 15012 (04/22 - 03/23)<br>GST 2712<br>പിഴ 300<br>ആകെ 18024 | (N)x(N+1)/2 സമവാക്യം ഉപയോഗിച്ചാൽ<br>(04/22 ലെ വാടക 11 മാസം വൈകി അടവാക്കി)<br>11x12/2 = 66<br>66 X 25.02 = 1651 | 1351<br>(1651-300) |
| | ആകെ നഷ്ടം | 11691.1 |

വാടക എത്ര മാസം വൈകി അടവാക്കിയാലും രണ്ട് ശതമാനം മാത്രമാണ് പിഴ ഈടാക്കുന്നത്. കൂടുതൽ വൈകി അടവാക്കിയ ഏതാനും വാടകക്കാരുടെ വിവരം മാത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്.
അപാകത ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് നിലവിൽ 2023-24 വർഷം ഈ രീതിയിലാണ് പിഴ ഈടാക്കി വരുന്നത് എന്ന് സെക്ഷൻ വിശദീകരിച്ചു. അപാകത പരിഹരിക്കേണ്ടതാണ്. 11691.1 രൂപ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചിറമൂലച്ചിറ കുളം നവീകരണം - ഫൈൻ ഈടാക്കിയില്ല - തെറ്റായ വിവരം രേഖപ്പെടുത്തിയതിനാൽ അധിക ചെലവ് .

| | | | |
|---|---|---|---|
| പ്രോജക്ട് | 162/23 ജലശക്തി അഭിയാൻ ചിറമൂലച്ചിറ കുളം നവീകരണം | അടങ്കൽ | 1563500 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| കരാർ | AE/Lsgd/SBY/88/2021-22 Dated 22.12.2021 | കരാറുകാരൻ | ബി. അലി |
| പി.എ.സി | 1395628.4 | വൗച്ചർ , തുക | 550/31.03.2023 – 789247 |
| എം. ബുക്ക് | 399/21-22 | എസ്റ്റിമേറ്റ് | 2021/73960 |

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പ്രവൃത്തി വൈകി പൂർത്തിയാക്കി . ഫൈൻ ഈടാക്കിയില്ല.

94/22 പ്രോജക്ട് ഏക വർഷ പ്രോജക്ടാണ്. എന്നാൽ, പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. മാത്രമല്ല, അർഹമായ പിഴ ഈടാക്കാതെയാണ് ബിൽ അനുവദിച്ചത് എന്നും വ്യക്തമാവുന്നു. പ്രവൃത്തിയുടെ കാലാവധി , സൈറ്റിലേക്ക് റോഡ് ലഭ്യമല്ല എന്ന് രേഖപ്പെടുത്തി 31.05.2023 വരെ നീട്ടി നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 31.03.2022 ന് പൂർത്തിയാവേണ്ട വർക്കിന് ഒരു വർഷം കാലാവധി നീട്ടി നൽകിയിട്ടും പ്രവൃത്തി പൂർത്തിയായത് 17.07.2023 ന് മാത്രമാണ് എന്ന് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ , ഫൈനൽ ബിൽ നൽകിയ വേളയിൽ അർഹമായ പിഴ ഈടാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|
| പൂർത്തീകരണ കാലാവധി : 3 മാസം<br>പൂർത്തീകരിക്കേണ്ട തിയ്യതി : 31.03.2022<br>നീട്ടി നൽകിയ തിയ്യതി : 31.05.2023<br>പൂർത്തീകരിച്ച തിയ്യതി : 17.07.2023 (MB Page 39) | 01.06.2023-17.07.2023 @ 1% Of PAC = 7288<br>(47 Days)<br>ആകെ : 7288 |

പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

**2. തെറ്റായ വിവരം രേഖപ്പെടുത്തിയതിനാൽ അധിക ചെലവ് .**

എസ്റ്റിമേറ്റ് ഇനം (1) കുളത്തിലെ വെള്ളം 5 HP പമ്പ് ഉപയോഗിച്ച ഒഴിവാക്കുന്നതിനാണ്. ഇതിനായി ഒന്നാം പാർട്ട് ബില്ലിൽ 112 മണിക്കൂറും , ഫൈനൽ ബില്ലിൽ 88 മണിക്കൂറും ഉൾപ്പെടെ ആകെ 200 മണിക്കൂർ വെള്ളം പമ്പ് ചെയ്ത് ഒഴിവാക്കിയതായി രേഖപ്പെടുത്തി മണിക്കൂറിന് 216.825 നിരക്കിൽ 43365 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് . (MB Page 14, 15, 40) എന്നാൽ , ഇത്ര അളവിൽ പ്രവൃത്തി ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

28.12.2022, 29.12.2022, 30.12.2022 തിയ്യതികളിലെ DLR പ്രകാരം വെള്ളം പമ്പ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങളിൽ പ്രവൃത്തി ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല എന്ന് കാണുന്നു. മാത്രമല്ല, DLR പ്രകാരമുള്ള വിവരങ്ങളിൽ വ്യത്യാസം ഉള്ളതായും വ്യക്തമാവുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| തിയ്യതി | സമയം | ഇനം | ആകെ |
|---|---|---|---|
| 28.12.2022 | 8 AM- 1 PM, 2 PM- 5PM = 8 Hrs | 5 HP യുടെ രണ്ട് മോട്ടോറുകൾ | 16 Hrs |
| 29.12.2022 | 8 AM- 1 PM, 2 PM- 5PM = 8 Hrs | 5 HP യുടെ രണ്ട് മോട്ടോറുകൾ | 16 Hrs |
| 30.12.2022 | 8 AM- 1 PM, 2 PM- 5PM = 8 Hrs | 5 HP യുടെ ഒരു മോട്ടോർ | 08 Hrs |
| | | ആകെ | 40 Hours |

ഇപ്രകാരമുള്ള അളവുകൾ DLR ൽ (Pumb Log Book) ഓവർസിയർ രേഖപ്പെടുത്തുകയും അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ചെയ്ത അളവ് 40 മണിക്കൂർ ആണ് എന്ന് രേഖകളിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ 200 മണിക്കൂർ എന്ന് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് എന്ത് അടിസ്ഥാനത്തിൽ എന്ന് വ്യക്തമല്ല. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതിനാൽ കരാറുകാരന് 34692 രൂപ അധികം നൽകി എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|
| 200x216.825 = 43365 | 40x216.825 = 8673 | 34692 |

ഓഡിറ്റ് എൻക്വയറി നമ്പർ 07/23.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 34692 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-2 കൈപ്പഞ്ചേരി ഡ്രയിനേജ് നിർമാണം - ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

തുടർന്ന് വന്ന GO(MS)115/2022/Lsgd Dated 25.05.2022 ഉത്തരവ് പ്രകാരം സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച വ്യക്തമായ നിർദേശങ്ങളും സർക്കാർ നൽകിയിട്ടുണ്ട്. തുടർന്ന് വന്ന GO(MS)115/2022/Lsgd Dated 25.05.2022 ഉത്തരവ് പ്രകാരം സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച വ്യക്തമായ നിർദേശങ്ങളും സർക്കാർ നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൈപഞ്ചേരി ഡ്രയിനേജ് നിർമാണം എന്ന പ്രവൃത്തിയിൽ തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് ഉൾപെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വർക്ക് നിർവ്വഹിച്ചത് വഴി നഗരസഭക്ക് 9554.25 രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് അധിക നിരക്ക് നൽകി

ഈ പ്രവൃത്തിയുടെ ഇനം 4 ആയി ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള നിരക്കിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്. ഡ്രൈനേജിന് വേണ്ടി മണ്ണെടുത്ത പ്രതലത്തിൽ അതേ നീളത്തിലും, വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്നതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ആയതിനാൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്ക് കുറവ് ചെയ്താണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്.11.4.1.1 മോർഡ് ഡാറ്റയിൽ Cost Of Material, Labour , Machinery എന്നിവയുടെ 4% തുകയാണ് സെന്ററിങ് & ഷട്ടറിങ് വർക്കിന് അധികമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തുക കുറവ് ചെയ്താണ് യഥാർത്ഥത്തിൽ

കരാറുകാരന് തുക നൽകാവുന്നത്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| 78/23 കൈപഞ്ചേരി ഡ്രയിനേജ് നിർമാണം<br>വൗച്ചർ നമ്പർ – 108/16.07.2022/ തുക – 563242 , 200/09.02.2023/ തുക – 313809 ഫണ്ട് – FC Grant<br>TS : 97045/2020-21<br>Est Id : 2021/3588<br>കരാർ: AE/Lsgd/SBY/193 /2020-21 /31.03.2021<br>കോൺട്രാക്ടർ: സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>അളവ് പുസ്തകം -181/21-22<br>കോസ്റ്റ് ഇൻഡക്സ് – 32.04%, DSR 2016 | 33.99m$^3$ | 238836.85<br>@7026.68/m$^3$ | 229282.6<br>@6745.59/m$^3$ സെന്ററിങ് & ഷട്ടറിങ് ഒഴിവാക്കി നൽകാവുന്ന നിരക്ക് | 9554.25 |
| **ആകെ** | | | | **9554.25** |

ഓഡിറ്റ് എൻക്വയറി 33/30.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-3 വട്ടിളി കുടിവെള്ള പദ്ധതി - പ്രവൃത്തി വൈകി പൂർത്തിയാക്കി - പിഴ ഈടാക്കിയില്ല

കുടിവെള്ള പദ്ധതിയുടെ പൈപ് ലൈൻ നീട്ടുന്നതിനാണ് പ്രോജക്ട്. എസ്റ്റിമേറ്റിൽ വിതരണ ലൈൻ സ്ഥാപിക്കുന്നതിനും , മോട്ടോർ സ്ഥാപിക്കുന്നതിനും, പതിനൊന്ന് ടാപ്പുകൾ ഫിറ്റ് ചെയ്യുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| പ്രോജക്ട് | 70/23 വട്ടിളി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | അളവ് ബുക്ക് | 407/21-22 |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 220000 |
| കരാറുകാരൻ | സുൽത്താൻ ബത്തേരി ലാബർ കോൺട്രാക്ട് സൊസൈറ്റി | ഫണ്ട് | എഫ്. സി. ഗ്രാന്റ് |
| ചെലവ് | 196756 | വൗച്ചർ | 203/15.02.2023 |
| കരാർ | AE/Lsgd/SBY/160/21/01.01.2021 | Estimate Id | 2020/106151 |
| TS | 86652/2020-21 | Cost Index | 32.04 , DSR 2016 |
| നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | പി.എ.സി | 195944 |

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. എസ്റ്റിമേറ്റ് ഇനം 4 ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ 7.5 HP സബ്മേർസിബിൾ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കുന്നതിനാണ്. Od 945169/2020-21 തയ്യാറാക്കി 65083.8 രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയത്. അളവ് ബുക്ക് പേജ് 13 ലെ രേഖപ്പെടുത്തൽ പ്രകാരം ഇത്രയും തുക കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി തുക ഉൾപ്പെടുന്ന ഇൻവോയ്സ് അടിസ്ഥാനമാക്കി മാർക്കറ്റ് റേറ്റ് പരിഗണിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയാണ് തയ്യാറാക്കുന്നത്. എന്നാൽ , ആകെ പ്രവൃത്തി മൂല്യത്തോട് 12% ജി.എസ്.ടി കൂട്ടി ബിൽ തയ്യാറാക്കിയത് കരാറുകരാന് അധിക തുക നൽകാൻ ഇടയാക്കിയതായി ശ്രദ്ധയിൽ പെടുത്തുന്നു. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് ജി.എസ്.ടി

ഉൾപ്പെടുന്ന മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയുടെ തുക കുറവ് ചെയ്താണ് ബിൽ തയ്യാറാക്കേണ്ടിയിരുന്നത് . ഇപ്രകാരം 7810 രൂപ (65083x12/100) കരാറുകാരന് അധികം നൽകിയത് ശ്രദ്ധയിൽ പെടുത്തുന്നു.

2. പമ്പ് സൈറ്റ് വാങ്ങിയ ഇൻവോയ്സ് ഫയലിൽ വെച്ചിട്ടില്ല. Od 945169/2020-21 ഡാറ്റയും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. അധിക തുക നൽകിയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ഡാറ്റ ലഭ്യമാക്കേണ്ടതാണ്.

3. കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി 31.03.2021 ആണ്. എന്നാൽ അളവ് ബുക്ക് പ്രകാരം അവസാന മെഷർമെന്റ് റെക്കോർഡ് ചെയ്തിട്ടുള്ളത് 31.12.2022നാണ്. രണ്ട് വർഷം കഴിഞ്ഞാണ് പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞത് എന്ന് വ്യക്തമാവുന്നു.സമയം അനുവദിച്ച് നൽകാൻ ലേബർ കോൺട്രാക്ട് സൊസൈറ്റി അപേക്ഷ നൽകുകയോ, മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ നൽകുകയോ , ഭരണ സമിതി സമയം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല എന്നും അർഹമായ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു. അർഹമായ പിഴ ഈടാക്കാതെ ബിൽ അനുവദിച്ച നടപടി അംഗീകരിക്കാനാവില്ല. ഈടാക്കേണ്ട പിഴയുടെ വിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| 01.04.2021-30.06.2021@1% Of PAC | 1959.44 |
| 01.07.2021-30.09.2021@2% Of PAC | 3918.88 |
| 01.10.2021-31.12.2021@2% Of PAC | 3918.88 |
| 01.01.2022-31.03.2022@2% Of PAC | 3918.88 |
| 01.04.2022-30.06.2022@2% Of PAC | 3918.88 |
| 01.07.2022-30.09.2022@2% Of PAC | 3918.88 |
| 01.10.2022-22.12.2022@2% Of PAC (83 Days) | 3614.07 |
| ആകെ | 25167.9 |

4. എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. അതിനാൽ തന്നെ കുടിവെള്ള പദ്ധതിയുടെ മറ്റ് ഘടകങ്ങളുടെ വിവരം ലഭ്യമല്ല. പദ്ധതിയുടെ സോഴ്സ്, കിണറിലെ ജല ലഭ്യത, പമ്പിങ്ങ് മെയിൻ, പമ്പ് ഹൗസ്, വൈദ്യുതീകരണം എന്നിവ പൂർത്തിയാക്കിയതാണോ എന്ന് വ്യക്തമല്ല. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രോജക്ട് ഫയലിന്റെ അനിവാര്യതയാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി 18/29.01.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തുന്നു. അധികം നൽകിയ 7810 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികതുകയും പ്രവൃത്തി പൂർത്തീകരണത്തിന് അധിക സമയം എടുത്തതിനുള്ള പിഴ തുക ₹ 25,167.9/-യും ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-4 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 96/23 പാളക്കര അംഗൻവാടിക്ക് ചുറ്റുമതിൽ, ഇന്റർലോക്ക് , മുൻവശം ഷീറ്റിടൽ എന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള നിരക്ക് നൽകേണ്ടതിന് പകരം ട്രസ് വർക്കിനുള്ള നിരക്ക് നൽകിയത് വഴി (18% GST ഉൾപ്പെടെ) നഗരസഭക്ക് 8304.9 **രൂപയുടെ** അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ഈ പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന്റെ മുൻവശം ഷീറ്റിടൽ പ്രവൃത്തിക്ക് ഉപയോഗിച്ച GI പൈപ്പിന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 50.10.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കിന് നൽകുന്ന നിരക്കാണ്. പർലിൻ/റീപ്പർ ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഇത് 50.10.2 പ്രകാരമുള്ള ഡാറ്റയുടെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അളവ് ബുക്ക് പേജ് 19 ലെ രേഖപ്പെടുത്തലിൽ പ്രവൃത്തി സിംഗിൾ സെക്ഷൻ വർക്കാണ് എന്ന് വ്യക്തമാവുന്നു. ഉപയോഗിച്ച പൈപ്പുകളുടെ വിവരം താഴെ കൊടുക്കുന്നു.

| പൈപ്പിന്റെ ഇനം | എണ്ണം | നീളം | ആകെ |
|---|---|---|---|
| 50x50 Post | 4 | 2.95 Mtr | 36.344kg |
| 75x50 Rafter | 1 | 8.2 Mtr | 25.584 Kg |
| 75x50 Cross Rafter | 5 | 5.5 Mtr | 85.80 Kg |
| 50x50 Purlin | 8 | 8.88 | 190.387 Kg |

ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തു DSR 50.10.1 | നൽകാവുന്ന തുക DSR 50.10.2 | അധികം |
|---|---|---|---|---|
| 96/23 പാളക്കര അംഗൻവാടിക്ക് ചുറ്റുമതിൽ, ഇന്റർലോക്ക് ,മുൻവശം ഷീറ്റിടൽ<br>വൗച്ചർ നമ്പർ – 170/20-11-2022<br>തുക :287229<br>ഫണ്ട് – തനത് ഫണ്ട്<br>സാങ്കേതികാനുമതി – 40585/2021-22<br>എസ്റ്റിമേറ്റ് : 2021/35984<br>കരാർ AE/Lsgd/SBY/191/2022-23 Dated 31.03.2022<br>അളവ് പുസ്തകം - 401/21-22<br>കരാറുകാരൻ- ശ്രീ. ഷൈബു. വി.വി (എസ്റ്റിമേറ്റ് നിരക്ക്)<br>കോസ്റ്റ് ഇൻഡക്സ് – 32.04%, DSR 2016 | 338.12Kg | 44712.99<br>@132.24/Kg<br>(MB Page 34) | 36408.08<br>@107.678/Kg | 8304.9 |

അധികം നൽകിയ 8304.9 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-5 നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 155/23 നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും എന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള നിരക്ക് നൽകേണ്ടതിന് പകരം ട്രസ് വർക്കിനുള്ള നിരക്ക് നൽകിയത് വഴി നഗരസഭക്ക് **14123.61 രൂപ**യുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ ഭാഗമായി നഗരസഭാ കെട്ടിടത്തിന്റെ മുൻവശം ഷീറ്റിടൽ പ്രവൃത്തിക്ക് ഉപയോഗിച്ച GI പൈപ്പിന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 50.10.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കിന് നൽകുന്ന നിരക്കാണ്. പർലിൻ/റീപ്പർ ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപെടുത്തിയ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഇത് 50.10.2 പ്രകാരമുള്ള ഡാറ്റയുടെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അളവ് ബുക്ക് പേജ് 10ലെ രേഖപ്പെടുത്തലിൽ പ്രവൃത്തി സിംഗിൾ സെക്ഷൻ വർക്കാണ് എന്ന് വ്യക്തമാവുന്നു. നേരിട്ടുള്ള പരിശോധനയിലും പ്രവൃത്തി സിംഗിൾ സെക്ഷൻ വർക്കാണ് എന്ന് വ്യക്തമാവുന്നു. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തു DSR 50.10.1 | നൽകാവുന്ന തുക DSR 50.10.2 | അധികം |
|---|---|---|---|---|
| 55/23 നഗരസഭാ ഓഫീസ് നവീകരണവും വാഹനങ്ങൾക്ക് ഷെഡ് നിർമാണവും<br>വൗച്ചർ നമ്പർ – 316/31-03-2023<br>ചെലവ് തുക : 876798<br>ഫണ്ട് – തനത് ഫണ്ട്<br>സാങ്കേതികാനുമതി – 63205/2021-22<br>എസ്റ്റിമേറ്റ് : 2021/44414 | 393.58Kg | 71415.09<br>@181.45/Kg<br>(MB Page 36)<br>(Estimate Rate 191.08/kg)<br>(Item Below @ 5.04%) | 57291.47<br>@145.565/Kg<br>(Basic Rate 153.29/kg)<br>(Item Below @ 5.04%) | 14123.61 |

| | | | | |
|---|---|---|---|---|
| കരാർ AE/Lsgd/SBY/209/2022-23 Dated 30.03.2022<br>അളവ് പുസ്തകം - 412/21-22<br>കരാറുകാരൻ- ശ്രീ. ഉണ്ണികൃഷ്ണൻ. കെ.പി (ഐറ്റം നിരക്ക്)<br>Agreed PAC : 828038.71<br>കോസ്റ്റ് ഇൻഡക്സ് – 36.44%, DSR 2018 | | | | |

2. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഭരണ സമിതി അനുമതിയും നൽകിയിട്ടുണ്ട്. അധികമായി ഉൾപ്പെടുത്തിയ ഇനങ്ങളിൽ ക്രമ നമ്പർ നാല് ഷീറ്റ് വർക്കിന് മുകളിൽ നിന്ന് റോപ്പ് ഉപയോഗിച്ച് സപ്പോർട്ട് നൽകുന്നതിനാണ്. ഇതിനായി മീറ്ററിന് 2189.49 നിരക്കിൽ ആകെ 105095.52 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. സപ്പോർട്ടിങ്ങ് ഡോക്കുമെന്റ് ആയി ശ്രീ. അഞ്ചലി ഇൻഡസ്ട്രീസ് , മണിച്ചിറ എന്ന സ്ഥാപനത്തിന്റെ 105100 രൂപ രേഖപ്പെടുത്തിയ ബിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ ഈ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും 105095.52 രൂപയിൽ ലിമിറ്റ് ചെയ്ത് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ജി.എസ്.ടി ഉൾപ്പെടുന്ന തുകയാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 26/29.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-6 കൈപഞ്ചേരി സ്കൂളിന് മേൽക്കൂര മാറ്റൽ – പർലിന് ഉയർന്ന നിരക്ക് നൽകി.

147/23 കൈപഞ്ചേരി സ്കൂൾ മേൽക്കൂര മാറ്റൽ എന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽ പർലിൻ വർക്കിന് ഉയർന്ന നിരക്ക് നൽകിയതിനാൽ അധികച്ചെലവുണ്ടായി എന്ന് വ്യക്തമാവുന്നു.

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1) ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

എസ്റ്റിമേറ്റിൽ നിലവിലുള്ള ആസ്ബറ്റോസ് ഷീറ്റ് മേൽക്കൂര പൊളിച്ച് മാറ്റി , ട്രാഫോർഡ് ഷീറ്റ് മേയുന്നതിനാണ് പ്രൊവിഷൻ നൽകിയിട്ടുള്ളത്. ഇതിനായി നിലവിലുള്ള വാൾപ്ലേറ്റ്, റാഫ്റ്റർ എന്നിവയിൽ പർലിൻ സ്ഥാപിച്ച് ഷീറ്റ് മേയുന്നതായിട്ടാണ് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നത്. സാധാരണയായി ഇത്തരം വർക്കുകളിൽ 50.10.1 , 50.10. 2 എന്നീ രണ്ട് കോഡുകൾ പ്രകാരമുള്ള ഇനങ്ങൾ ഉൾപ്പെടുത്തുകയും പർലിന് സിംഗിൾ സെക്ഷന്റെ നിരക്കും വാൾ പ്ലേറ്റ് , റാഫ്റ്റർ എന്നിവക്ക് ട്രസ്സ് വർക്കിന്റെ നിരക്കുമാണ് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകാറുള്ളത്. മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായ പർലിന് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തിക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് മാത്രമെ നൽകാനാവൂ. പ്രവൃത്തിയുടെ അളവ് ബുക്ക് (179/21-22, പേജ് 03 ) പരിശോധിച്ചതിൽ പർലിൻ വർക്കിനായി ആകെ 299.4 Kg പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് (പേജ് 11, 20) എന്ന് വ്യക്തമായി . എന്നാൽ, ഈ പ്രവൃത്തിക്ക് ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് / ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ വന്ന അധികച്ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു.

| | പ്രവൃത്തി | അളവ് | നൽകിയ തുക 50.10.1 | നൽകാവുന്ന തുക 50.10.2 | അധികം |
|---|---|---|---|---|---|
| 1 | 147/23 കൈപഞ്ചേരി സ്കൂൾ മേൽക്കൂര മാറ്റൽ<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ (ME)<br>വൗച്ചർ 83/07.06.2022 തുക 508298,<br>അളവ് പുസ്തകം 179/2021-22<br>കരാറുകാരൻ: ശ്രീ. കെ.കെ സൈതലവി | 299.4 Kg | 43451.92<br>@145.13/Kg<br>(എസ്റ്റിമേറ്റ് നിരക്ക് @132.24/kg)<br>(നിരക്ക് @ 9.747 % അധികം) | 35380.996<br>@118.173/Kg<br>(അടിസ്ഥാന നിരക്ക് @107.678/kg)<br>(നിരക്ക് @ 9.747 % അധികം) | 8070.92 |

| | | | | |
|---|---|---|---|---|
| നിരക്ക് @ ഐറ്റം നിരക്ക്<br>Agreed PAC : 717214.19<br>കോസ്റ്റ് ഇൻഡക്സ് 32.04% DSR 2016<br>Est 2021/73900 - TS 43633/2021-22<br>കരാർ -AE/Lsgd/SBY/127(A) /2021- 22 Dated 19.01.2022 | | | | |

ഓഡിറ്റ് എൻക്വയറി 31/30.01.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ 8070.92 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

**3-7 സർവ്വജന സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം-അധികം നൽകിയ 14,090.93രൂപ നിരാകരിക്കുന്നു.**

പ്രവർത്തിയുടെ പേര് :സർവ്വജന സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം.

പ്രൊജക്റ്റ് നം :110/23

ഭരണാനുമതി :32/19.11.2022

അടങ്കൽ :1734050രൂപ.(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

സാങ്കേതീകാനുമതി :TS No :50809/2021-22

കരാറുകാരൻ:സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി.

കരാറുടമ്പടി നം:AE/LSGD/26/2021-22 തി.22.11.2021.

അളവ് പുസ്തകം; :536/202-21

04/21-22

ചെലവ് തുക:1662106രൂപ.

6,04,136രൂപ (ചെക്ക് നം 03707/2.6.2022)

10,57,970രൂപ (2202383/11.4.2023)

മേൽ പ്രവർത്തി സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.

1)എസ്റ്റിമേറ്റിലെ പ്രവർത്തിയിനം5ൽ(code No.60.7.1 Dry Rubble Masonry) അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകളിൽ തെറ്റ് വന്നതിനെ തുടർന്ന് അധികം തുക നല്കിയതായി കാണുന്നു.

അളവ് പുസ്തകം 536പേജ് നം 16 ൽ ഈ ഇനത്തിൽ ആകെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 10.79(10.8) ക്യൂബിക്ക് മീറ്ററാണ്.

| എണ്ണം | നീളം | വീതി | ഉയരം | ആകെ | യഥാർത്ഥ അളവ് |
|---|---|---|---|---|---|
| 2 | 7.5 | 0.45 | 0.45 | 6.75 | 3.375 |
| 2 | 1.75 | 0.45 | 0.45 | 1.58 | 0.71 |
| 2 | 1.55 | 0.45 | 0.45 | 1.4 | 0.62 |
| 1 | 1.98 | 0.30 | 0.30 | 0 .59 | 0.18 |

| | | | | | |
|---|---|---|---|---|---|
| 1 | 1.6 | 0.30 | 0.30 | 0.48 | 0.14 |
| ആകെ | | | 10.8 | | 5.025 |

നൽകിയിരിക്കുന്ന തുക :10.59 @2534.24/m3 =26837.6രൂപ

(ബില്ലിൽ നൽകിയിരിക്കുന്ന തുക26824.93ആണ്)

നൽകേണ്ടിയിരുന്ന തുക :5.025@2534.24 = 12,734രൂപ.

അധികം നൽകിയിരിക്കുന്ന തുക : 26,824.93-12,734= 14,090.93രൂപ

2)ഈ പ്രവർത്തിയുടെ ബിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് ക്രമ നം.43മുതൽ 59വരെയുള്ള പ്രവർത്തികൾ,കൂടാതെ ക്രമ നം 61എന്നിവ നടപ്പിലാക്കിയതായി കാണുന്നില്ല. ടോയ്ലറ്റിന്റെ പ്ളംബിംഗ് പ്രവർത്തികളാണ് ഇവ.ഇവ പൂർത്തീകരിച്ച് ടോയ്ലറ്റ് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/30.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടിയുടെ അഭാവത്തിൽ അധികം നൽകിയ തുകയായ 14,090.93രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 27.01.2024 | റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കുന്നു |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവർത്തിക്ക് നഗരസഭ നൽകിയ മുൻകൂറുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ നഗരസഭ തുക നൽകിയിട്ടില്ല എന്നാണ് നഗരസഭ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ വാർഷിക കണക്കിൽ ഷെഡ്യൂൾ ബി – 18 ഷെഡ്യൂൾ അനുസരിച്ച് അക്കൗണ്ട് ഹെഡ് – 460600100 -ൽ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്ന ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം ₹1,03,167/- , അക്കൗണ്ട് ഹെഡ് – 460600300 -ൽ വാട്ടർ ഡെപ്പോസിറ്റ് എന്ന ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം ₹1,00,000/- മുൻകൂറുകൾ നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 4-3 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരങ്ങൾ.

ഇല്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-6 കാണുക

### 4-5 സ്ഥിരനിക്ഷേപം

സ്ഥിരനിക്ഷേപത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-53 കാണുക.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

### 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 272492813 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 264690143 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11691.1 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 129102.51 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 340638 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11691.1 | | ശ്രീ. അലി അസ്ഹർ. എൻ. കെ. , സെക്രട്ടറി |
| 3-1 | | 41980 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 9554.25 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 32977.9 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 8304.9 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 14123.61 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 8070.92 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 14090.93 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 11691.1 | 129102.51 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 62184 | ഡോ.സുധീർകുമാർ.കെ.പി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-48 | 278454 | ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 340638 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അലി അസ്ഹർ. എൻ. കെ. , സെക്രട്ടറി | സെക്രട്ടറി, കൽപ്പറ്റ നഗരസഭ | നായേരി കോമത്ത്,<br>പിണങ്ങോട്,<br>കൽപ്പറ്റ- 673122 |

| | | |
|---|---|---|
| ഡോ. സുധീർകുമാർ കെ.പി., മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം), മാനന്തവാടി നഗരസഭ | കുരിയേടത്ത് മന, അവിട്ടത്തൂർ പി.ഒ., തൃശ്ശൂർ- 680683 |
| ശ്രീ. മുനവർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ | നസ്മ മൻസിൽ, കാപ്പൻകൊല്ലി, മേപ്പാടി, വയനാട് -673577 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ/ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 97-98 | 68 | 1999-2000 | 77 | രാജീവ് ഗാന്ധി ബൈപ്പാസ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ അധികമായി കരിങ്കൽ വാങ്ങി | സമിതിയുടെ പരിഗണനയിൽ |
| 98-99 | 65 | 2001-02 | 4(2) | വനിതകൾക്കുള്ള പ്രൊജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നൽകി. | സമിതിയുടെ പരിഗണനയിൽ |
| 98-99 | 30 | 2001-02 | 4(3) | കമ്മ്യൂണിറ്റി ഹാൾ വാടക പഞ്ചായത്തിൽ അടക്കാതെ അപഹരിച്ചു. നഷ്ടം -19550/- രൂപ | സമിതിയുടെ പരിഗണനയിൽ |
| 98-99 | 38 | - | 4(4) | ബിൽഡിംഗ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്- പഞ്ചായത്തിന് നഷ്ടം-23520/- രൂപ | സമിതിയുടെ പരിഗണനയിൽ |
| 99-2000 | 49 | 2002-03 | 5(1) | പൊതുമരാമത്ത് പ്രവർത്തി അധിക നിരക്ക് നൽകി | സമിതിയുടെ പരിഗണനയിൽ |
| 99-2000 | 49 | 2002-03 | 5(2) | വനിതകൾക്കുള്ള പ്രൊജക്ടിൽ പുരുഷൻമാർക്ക് ആനുകൂല്യം നൽകി. | സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-6 | 2009-10 | 3(1)2(1) | കെട്ടിട വാടക പിരിവ് അപാകങ്ങൾ | സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-6 | 2009-10 | 3(1)2(1)A | വാടകക്കാരുമായി കൃത്യമായി കരാറിലേർപ്പെടുന്നില്ല. | സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-6 | 2009-10 | 3(1)2(1)B | വാടക കുടിശ്ശിക പിരിച്ചെടുത്തില്ല. | സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-6 | 2009-10 | 3(1)2(2) | ചട്ടവിരുദ്ധമായി വാടക നൽകി | സമിതിയുടെ പരിഗണനയിൽ |
| 2010-11 | | 2012-13 | 4.8.2 | കെ.ടി.ഡി.സി ഹോട്ടൽ സംബന്ധിച്ച്. | സമിതിയുടെ പരിഗണനയിൽ |
| 2012-13 | | 2015-16 | 3(1)3(6) | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച്. | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | - | തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.-4562637/- രൂപയുടെ നഷ്ടം | തുക നഗരസഭ ഒടുക്കു വരുത്തിയിട്ടുണ്ട് |
| 2016-17 | 2-7 | 2017-18 | - | റിസോർട്ടുകളിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിൽ | ഓഡിറ്റ് പരാമർശ പ്രകാരം 90 രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | നഗരസഭയ്ക്ക് നഷ്ടം | കക്ഷിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2016-17 | 2-8 | 2017-18 | - | നഗരസഭയിലെ കേദാരം വില്ലേജ് റിസോർട്ടിലെ അനധികൃത നിർമ്മാണം സംബന്ധിച്ച്. | നടപടി സ്വീകരിച്ചു വരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86,86-87 | Lf(w)p1-397/2000(6)/24.06.2000 |
| 1987-88,89-90 | Lf(w)p1-397/2000(6)/24.06.2000 |
| 1990-91,91-92 | LF(w)P3-209/98/05.09.2017 |
| 1992-93,93-94 | LF(w)P3-280/98/06.06.2007/6.11.2007 |
| 1994-95,95-96 | LF(w)P3-550/98/06.06.2007/06.11.2007 |
| 1996-97 | LF(W)p2-104/99/08.10.1999 |
| 1997-98 | LF(W)p2-805/99/09.03.2001 |
| 1998-99 | LF(W)p1-536/02(1)/15.02.2005 |
| 1999-2000 | LF(W)p1-10/02/28.05.2003 |
| 2000-2001(plan) | LF(W)P4-476/2003/10.08.2004 |
| 2000-2001 | LF(W)P4-472/2004/10.02.2006 |
| 2001-02 | LF(W)P4-85/2006/03.03.2007/11.02.2008 |
| 2002-03 | LF(W)P4-202/2006/14.02.2008/25.03.2008 |
| 2003-04 | LF(W)P4-395/10/16.08.2010 |
| 2004-05 | LF(W)P4-784/2009/02.02.2011 |

| | |
|---|---|
| 2005-06 | LF(W)P4-749/2009/02.12.2009 |
| 2006-07 | LF(W)P4-267/2010/16.11.2010 |
| 2007-08 | LF(W)P4-248/12/24.08.2012 |
| 2008-09 | LF(W)P4-247/11/31.12.2011 |
| 2009-10 | LF(W)P4-467/12/24.08.2012 |
| 2010-11 | LF(W)P4-820/12/21.04.2015 |
| 2011-12 | LF(W)P4- 625/13/20.11.2014/13.01.2015 |
| 2012-13 | LF(W)P3-226/15/05.05.2016 |
| 2013-14 & 2014-15 | LF(W)P3-681/16/05.05.2016 |
| 2015-16 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി.)എം.2-132/17/24.03.17/18.05.2017 |
| 2015-16 (01.11.2015 മുതൽ നഗരസഭ ആയി മാറി) | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)എം.2-75/17-23.05.2017 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-611/17/06.05.2019 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-143/19-09.12.2019 |
| 2018-19 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 3-119/20/ 05.11.2019 |
| 2019-20 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 3-879/21/ 15.12.2021 |
| 2020-21 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം3-357/2022 / 01/07/2022 |
| 2021-22 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി./എം3-938/2022 / 11.01.2023 |

കുറിപ്പ് -01.11.2015 മുതൽ നഗരസഭയും അതിനുമുൻപ് ഗ്രാമപഞ്ചായത്തും ആയിരുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 14-07-2023 and submitted on 02-11-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Sulthan Bathery Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Sulthan Bathery Municipality for the year 2022-2023

Date: 14/03/2024

Senior Deputy Director
District Office Wayanad
Kerala State Audit Department

## Audit Report appended to the Audit Certificate of Sulthan Bathery Municipality for the Year 2022-2023 .

**1.Major Observations**

1. Discrepancy in carring forward of the closing balance in the year in respect of Municipal fund (Schedule B1).

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted.

a) Basic ratios.

b) Notes on account.

2. DCB registers of all Tax and Nontax revenue, Asset register, Advance register, Investment register and Loan register are not releable for audit.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Monthly bank reconciliation statement was not prepared.

5. Provision for doughtful depts is not provided.
6. Lack of authenticated journal vouchers for supporting the adjustment entries recorded.
7. Demand registers are not periodically reconcilled with accounts.
8. Cheques uncashed for more than 3 months were not transferred to Stale cheque account.
9. Amounts used for Asset creation were not transferred to Capital contribution Account.
10. Calculation sheet for depreciation in respect of fixed assets was not maintained.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# Abstract of Annual Financial Statements

## Sulthan Bathery Municipality
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 56618490.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 7180.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5568545.00 |
| 140000000 | Fee & User Charges | I-4(b) | 10581259.00 |
| 150000000 | Sale & Hire Charges | I-5(b) | 648872.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 278044919.00 |
| 171000000 | Interest Earned | I-8 | 620316.00 |
| 180000000 | Other Income | I-9 | 88176.00 |
| | **Total Income** | | **352177757.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 31133854.00 |
| 220000000 | Administrative Expenses | I-11(b) | 21347872.00 |
| 230000000 | Operations & Maintenance | I-12(b) | 19800253.00 |
| 240000000 | Interest & Finance Charges | I-13 | 1012339.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 134627286.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 40722811.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 20555477.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 6609955.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 17500.00 |
| 272000000 | Depreciation | I-17(a) | 12450736.00 |
| | **Total Expenditure** | | **288278083.00** |
| | **Gross Surplus / Deficit of income over Expenditure** | | **63899674.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -292997.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **64192671.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |



Digitally signed by SAINUI
Date: 2023.11.02 16:24:4
Reason: Approval
Location: Kerala

## Sulthan Bathery Municipality
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 230933521.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 676036.00 |
| 312000000 | Reserves | B-3 | 210085354.00 |
| | **Total Reserve & Surplus** | | **441694911.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 37845464.00 |
| | **Total Grants, Contributions for Specific Purposes** | | **37845464.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 111442665.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **111442665.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 7272902.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 23534381.00 |
| | **Total Current Liabilities and Provisions** | | **30807283.00** |
| | **TOTAL LIABILITIES** | | **621790323.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 405805671.00 |
| 411000000 | Accumulated Depreciation | B-11 | -45522867.00 |
| 412000000 | Capital Work in Progress | B-11 | 14802631.00 |
| | **Total Fixed Assets** | | **375085435.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 620425.00 |
| | **Total Investments** | | **620425.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 300460.00 |
| 431000000 | Sundry Debtors (Receivables) | B-15 | 38376466.00 |



Digitally signed by SAINU
Date: 2023.11.02 16:24:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -570317.00 |
| 440000000 | Pre-paid Expenses | B-16 | 111442665.00 |
| 450000000 | Cash and Bank Balance | B-17 | 85491875.00 |
| 460000000 | Loans, Advances and Deposits | B-18 | 11043314.00 |
| | **Total Current Assets, Loans and Advances** | | **246084463.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **621790323.00** |

## Sulthan Bathery Municipality
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 77689205.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 12339167.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 7180.00 |
| 130000000 | Rental income from Panchayat Properties | RP-3 | 162109.00 |
| 140000000 | Fees & User Charges | RP-4 | 7655759.00 |
| 150000000 | Sale & Hire Charges | RP-5 | 648872.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 136847303.00 |
| 171000000 | Interest Earned | RP-8 | 620316.00 |
| 180000000 | Other Income | RP-9 | 88176.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 56728327.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 1912750.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 46191761.00 |
| 340000000 | Deposits Received | RP-27 | 643211.00 |
| 350000000 | Other Liabilities | RP-29 | 8628270.00 |
| 460000000 | Loans, Advances and Deposits | RP-41 | 19612.00 |
| | **Grand total** | | **350182018.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 14774161.00 |
| 220000000 | Administrative Expenses | RP-11 | 11078162.00 |
| 230000000 | Operations & Maintenance | RP-12 | 12871809.00 |
| 240000000 | Interest & Finance Charges | RP-13 | 1012339.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 59267561.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1500000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 23532970.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 20366672.00 |



Digitally signed by SAINUI
Date: 2023.11.02 16:24:5
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 9033502.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 17500.00 |
| 341000000 | Deposit Works | RP-28 | 0.0 |
| 350000000 | Other Liabilities | RP-29 | 7909640.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 12320352.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | -46000.00 |
| 311000000 | Earmarked Funds | RP-22 | 2880469.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 1582416.00 |
| 330000000 | Secured Loans | RP-25 | 41614.00 |
| 340000000 | Deposits Received | RP-27 | 218770.00 |
| 350000000 | Other Liabilities | RP-29 | 42318531.00 |
| 410000000 | Fixed Assets | RP-31 | 28925144.00 |
| 412000000 | Capital work in Progress | RP-33 | 14802631.00 |
| 460000000 | Loans, Advances and Deposits | RP-41 | 281900.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 84002351.00 |
| Cash | Cash | RP-40(b) | 1489524.00 |
| | **Grand Total** | | **350182018.00** |



Senior Deputy Director,
District Audit Office Wayanad,
Kerala State Audit Department